Reg. No. 101, M. 2293

ഒററപ്രതിക്കു 2 ണ.

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 24 | 1126 മേടം 12—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1951 ഏപ്രിൽ 25 | ലക്കം 34

## പരിഹാരപ്രദക്ഷിണം

(ഫാദർ ലിയോ ഒ. എഫ്. എം.)



1951 മാർച്ചു് 4-ാംനു- ആരക്കുഴ, മൈലക്കൊമ്പു് എന്നീ ഫൊറോനകളിൽപ്പെട്ട 21 പള്ളികളിലെ ഫ്രാൻസിസ്കൻ മൂന്നാംസഭാംഗങ്ങളും സത്യാരാധനസഖ്യാംഗങ്ങളും ഏകോപിച്ചു നടത്തിയ പരിഹാരപ്രദക്ഷിണത്തിൽ സംബന്ധിച്ചവർ.

പ്രദക്ഷിണങ്ങൾക്കു സാമുദായികജീവിതത്തിൽ വളരെ പ്രാധാന്യം നൽകപ്പെട്ടിരിക്കുന്നു. ആളുകൾ സംഘംചേർന്നു് പ്രത്യേകമുറകൾ അനുസരിച്ചു് നടന്നാൽ അതിനു ഫലസിദ്ധിയുണ്ടെന്നാണു് വയ്പു്.

പ്രദക്ഷിണങ്ങൾ പലതരത്തിലുണ്ടു്. സന്തോഷം പ്രകടിപ്പിക്കുന്നതിനായി ഘോഷയാത്രകൾ നടത്തിവരുന്നു. അലങ്കാരങ്ങളും വാദ്യമേളങ്ങളും അവയുടെ ഘടകങ്ങളാണു്. വിലാപയാത്രയ്ക്കു് അലങ്കാരമില്ല; കറുത്ത കൊടിയാണു് അതിന്റെ പ്രത്യേകാടയാളം. പ്രതിഷേധയാത്ര അഥവാ ജാഥയ്ക്കു് ചിലർ വെങ്കൊടിപിടിക്കാറുണ്ടു്. പുണ്യസ്ഥലങ്ങളിലേക്കുള്ള ഭക്തിസംവർദ്ധകമായ യാത്രയാണു് തീർത്ഥയാത്ര. പ്രായശ്ചിത്തമനുഷ്ഠിച്ചുകൊണ്ടും ജപങ്ങൾ ചൊല്ലിക്കൊണ്ടും നടത്തുന്ന യാത്രയാണു് പരിഹാരപ്രദക്ഷിണം. തീർത്ഥയാത്രകൾ പരിഹാരപ്രദക്ഷിണമായിരിക്കാം. പക്ഷേ എല്ലാ പരിഹാരപ്രദക്ഷിണവും തീർത്ഥയാത്രയായിരിക്കണമെന്നില്ല. അലങ്കാരങ്ങളും വാദ്യമേളങ്ങളും പരിഹാരപ്രദക്ഷിണത്തിനു അനുയോജ്യമല്ല. എങ്കിലും ഭയം ജനിപ്പിക്കുന്നതും വിനയത്തിനു ചേരാത്തതുമായ പ്രായശ്ചിത്തകൃത്യങ്ങൾ ചെയ്തുകൊണ്ടു നടത്തുന്ന പരിഹാരപ്രദക്ഷിണം യുക്തമല്ല; ഉദാഹരണം: പള്ളിക്കു ചുററും ഉരുളുന്നതു്.

പൂർവകാലത്തു് സാംക്രമികരോഗങ്ങൾ ആവിർഭവിച്ചിരുന്നപ്പോൾ പരിഹാരപ്രദക്ഷിണം നടത്തുക പതിവുണ്ടായിരുന്നു. വിവിധ ദുഃഖദുരിതങ്ങൾ അടിക്കടി വന്നു് "വിയൻ" എന്ന രൂപതയെ കഷ്ടപ്പെടുത്തിയിരുന്നതിനാൽ, മിശിഹായുടെ സ്വർഗ്ഗാരോഹണത്തിരുനാളിനു മുമ്പുള്ള തിങ്കൾ, ചൊവ്വ, ബുധൻ എന്നീ ദിവസങ്ങളിൽ പരിഹാരപ്രദക്ഷിണം നടത്തണമെന്നു 5-ാം നൂററാണ്ടിൽ ജീവിച്ചിരുന്ന വിശുദ്ധ മാമെർത്തസ് ഉപദേശിച്ചു. എ. ഡി. 511-ൽ ഓർലിയൻസ് നഗരത്തിൽ സമ്മേളിച്ച സൂനഹദോസിലെ നിശ്ചയം അനുസരിച്ചു് ആ പരിഹാരപ്രദക്ഷിണങ്ങൾ ഫ്രാൻസുരാജ്യത്തിൽ പ്രതിവർഷം നടത്തപ്പെട്ടു. 816-ാംവത്സരത്തിൽ ലിയോ തൃതീയൻ മാർപ്പാപ്പാ അത്തരം പരിഹാരപ്രദക്ഷിണങ്ങൾ റോമിൽ സമാരംഭിച്ചു. കാലക്രമേണ അവ ലോകം മുഴുവനും പ്രചരിക്കുകയും ചെയ്തു.

ആ ദിവസങ്ങളിൽ വൈദികരുടെ നേതൃത്വത്തിൽ വിശ്വാസികൾ സംഘംചേർന്നു് സുദീർഘമായ യാത്ര നടത്തുകയും, സകല പുണ്യവാന്മാരുടെ ലുത്തനിയായും, സങ്കീർത്തനങ്ങളും, അപേക്ഷകളും ചൊല്ലുകയും ചെയ്തിരുന്നു. തന്നിമിത്തം "അപേക്ഷാദിനങ്ങൾ" (Rogation Days) എന്നും, "ചെറിയ ലുത്തനിയ" എന്നും അവയ്ക്കു പേരുണ്ടു്. ദൈവകോപത്തെ ശമിപ്പിക്കുന്നതിനും, ദൈവനീതിയിൽനിന്നും ആവിർഭവിക്കുന്ന ശിക്ഷകളെ നീക്കുന്നതിനും, ഭൂമിയിലെ വിളവുകളുടെമേൽ ദൈവാനുഗ്രഹം വർഷിക്കപ്പെടുന്നതിനുമാണു് ആ പരിഹാരപ്രദക്ഷിണങ്ങൾ നടത്തിയിരുന്നതു്. പ്രദക്ഷിണം വയലുകളിൽക്കൂടി പോകുമ്പോൾ വൈദികൻ വിളവുകളെ ആശീർവദിക്കും, കുരിശിനെ കടന്നുപോകുമ്പോൾ അതിനെ വണങ്ങും, മാർഗ്ഗമദ്ധ്യേയുള്ള പള്ളികളിൽ കയറി പ്രാർത്ഥിക്കും.

ഏപ്രിൽമാസം 25-ാം തീയതി പ്രാചീനറോമ്മായിൽ "റോബിഗാലിയ" എന്ന പേരോടുകൂടി ഒരു ഉത്സവം നടത്തപ്പെട്ടിരുന്നു. ഏതാണ്ടു് ചേർത്തല പൂരംപോലെ ഒരു ഘോഷയാത്രയും, വനദേവതയായ "റോബിഗൊ"യുടെ സ്തുതിക്കായി ബലിയും നടത്തപ്പെട്ടിരുന്നു. റോമ്മാനിവാസികൾ ക്രിസ്തുമതം സ്വീകരിച്ചപ്പോൾ "റോബിഗാലിയ" ഉത്സവത്തിനു പകരമായി ഒരു പരിഹാരപ്രദക്ഷിണം അവർ സമാരംഭിച്ചു. അതിനു "വലിയ ലുത്തനിയ" എന്നാണു പേരു്. ക്രമേണ ഇതു ലോകംമുഴുവനും വ്യാപിച്ചു.

സ്വർഗ്ഗാരോഹണത്തിരുനാളിനു മുമ്പുള്ള മൂന്നുദിവസത്തെ പരിഹാരപ്രദക്ഷിണങ്ങളും, ഏപ്രിൽമാസം 25-ാം തീയതിയിലെ പരിഹാരപ്രദക്ഷിണവും ഇക്കാലത്തു് പല ഇടവകകളിലും നടത്താറില്ല. എങ്കിലും തിരുസഭയുടെ ഔദ്യോഗിക പ്രാർത്ഥനാനിയമങ്ങളനുസരിച്ചു് സന്യാസാശ്രമങ്ങളിൽ ആ പരിഹാരപ്രദക്ഷിണം നടത്താറുണ്ടെന്നു മാത്രമല്ല, ലത്തീൻ റീത്തിലുള്ള വൈദികർ ആ പ്രദക്ഷിണങ്ങളിലെ ലുത്തിനിയായും ജപങ്ങളും രഹസ്യത്തിലെങ്കിലും ആ ദിവസങ്ങളിൽ ചൊല്ലണമെന്നു നിർബന്ധവുമുണ്ടു്.

വിവിധ കലാപങ്ങൾ ലോകത്തെ തുറിച്ചുനോക്കിക്കൊണ്ടിരിക്കുന്ന ഇക്കാലത്തു്, വിപ്ലവകരമായ ജാഥകൾ സുലഭമായി കാണപ്പെടുമ്പോൾ, പൂർവകാലത്തെ പരിഹാരപ്രദക്ഷിണങ്ങൾ പുനരാവർത്തിക്കുന്നതു് ഉചിതമായിരിക്കും. 12-ാം നൂററാണ്ടിനുമുമ്പു് പരിശുദ്ധ കന്യകാമറിയത്തിന്റെ കൊന്തനമസ്കാരം പതിവില്ലായിരുന്നു; ഇന്നു് നമ്മുടെ പരിഹാരപ്രദക്ഷിണസമയത്തു് അതുകൂടി ജപിക്കാം; "രഹസ്യങ്ങൾ" പാടാം.

ഈ കഴിഞ്ഞ മാർച്ചുമാസം 4-ാം തീയതി ആരക്കുഴ, മൈലക്കൊമ്പു് ഈ ഫൊറോനാകളിൽപ്പെട്ട 21 പള്ളികളിലെ ഫ്രാൻസിസ്കൻ മൂന്നാംസഭകളും സത്യാരാധന സഖ്യാംഗങ്ങളും ഏകോപിച്ചു് തൊടുപുഴ, തെനംകുന്നു പള്ളിയിൽനിന്നും മുതലക്കോടം പള്ളിവരെ ആ പള്ളികളിലെ ബ. വികാരിയച്ചന്മാരുടെ നേതൃത്വത്തിൽ ഒരു പരിഹാരപ്രദക്ഷിണം നടത്തുകയുണ്ടായി. വിശ്വാസികൾ നാലു ലൈനായി അണിനിരന്നു്, കൊന്തയും മുക്കാൽകോൽ നീളമുള്ള കുരിശും ഓരോരുത്തരും കൈയിൽപിടിച്ചു്, കൊന്തനമസ്കാരം ഉയർന്ന സ്വരത്തിൽ എന്നാൽ പാകതയോടുകൂടി ചൊല്ലി 11 മണിമുതൽ 12 30വരെ വെയിലത്തു കുടചൂടാതെ നടത്തിയ പരിഹാരപ്രദക്ഷിണം ഏവർക്കും ഭക്തിസംവർദ്ധകവും അനുകരണീയവുമായിരുന്നു.

ഇപ്രകാരമുള്ള ഒരു പരിഹാരപ്രദക്ഷിണം പാലാരൂപതയിൽ രാമപുരം ഫൊറോനാപള്ളിയുടെ കീഴിലുള്ള പള്ളികളിൽ സ്ഥാപിതമായ ഫ്രാൻസിസ്കൻ മൂന്നാംസഭാംഗങ്ങളുടേയും സത്യാരാധന സഖ്യാംഗങ്ങളുടേയും ആഭിമുഖ്യത്തിൽ ഏപ്രിൽ 15-ാം തീയതി മാക്കൽ പള്ളിയിൽനിന്നും മാനത്തൂർ പള്ളിയിലേക്കു നടത്തുകയുണ്ടായി. പിന്നീടു് ബ. ലിയോഅച്ചൻ ഒ. എഫ്. എം. (കപ്പുച്ചിൻ) അവർകളുടെ അദ്ധ്യക്ഷതയിൽ

(ശേഷം 12-ാം പേജിൽ)

ഫാത്തിമാബാലസമിതി

# മാർപ്പാപ്പായുടെ ഉദ്ബോധനം

പ്രിയ കുഞ്ഞുങ്ങളേ,

നിങ്ങളുടെ ഇപ്പോഴത്തെ പ്രായത്തിൽ നിങ്ങൾ ചെയ്യേണ്ടതെന്തു് എന്നുള്ളതിനെക്കുറിച്ചാണല്ലോ ഈ പംക്തികളിൽ തുടർച്ചയായി പ്രതിപാദിച്ചുകൊണ്ടിരിക്കുന്നതു്. ഇതുസംബന്ധിച്ചു് ഭാഗ്യസ്മരണാർഹനായ പതിനൊന്നാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് പ്രസ്താവിച്ചിട്ടുള്ളതു് എന്താണു് എന്നറിയുന്നതിനു് നിങ്ങൾക്കു് ആഗ്രഹമുണ്ടായിരിക്കുമല്ലോ. അദ്ദേഹം സുപ്രസിദ്ധങ്ങളായ പല ചാക്രികലേഖനങ്ങളും എഴുതിയിട്ടുണ്ടു്. ("ഇടയലേഖനം" എന്നു പറഞ്ഞാൽ എന്തെന്നു് നിങ്ങൾക്കറിയാം. ഓരോ മെത്രാനും അദ്ദേഹത്തിൻെറ രൂപതയിൽപ്പെട്ട വിശ്വാസികൾക്കുവേണ്ടി എഴുതി അയക്കുന്ന ലേഖനങ്ങളാണല്ലോ ഇടയലേഖനങ്ങൾ. ഇതുപോലെതന്നെ, ലോകം മുഴുവനിലുമുള്ള വിശ്വാസികളെ ഉദ്ദേശിച്ചു് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് എഴുതി അയക്കുന്ന ലേഖനങ്ങൾക്കാണു് വിശ്വലേഖനങ്ങൾ അഥവാ ചാക്രികലേഖനങ്ങൾ എന്നു പറയുന്നതു്.) അദ്ദേഹം എഴുതിയിട്ടുള്ള ചാക്രികലേഖനങ്ങളിൽപലതുകൊണ്ടും പ്രാധാന്യം അർഹിക്കുന്ന ഒരു ലേഖനമുണ്ടു്. "ചെറുപ്പക്കാരുടെ ക്രിസ്തീയ വിദ്യാഭ്യാസം" എന്ന പേരിലാണു് പ്രസ്തുതലേഖനം ഇപ്പോൾ അറിയപ്പെടുന്നതു്. കത്തോലിക്കർക്കു് വിദ്യാഭ്യാസം സംബന്ധിച്ചു് ഇതിനെക്കാൾ വിലയേറിയ ഒരു പ്രമാണം വേറെയില്ല എന്നു പറയാം. പ്രസ്തുത ലേഖനത്തിൽ വിദ്യാഭ്യാസത്തിൻെറ പല വശങ്ങളേയും കുറിച്ചു് തിരുമനസ്സുകൊണ്ടു് പ്രതിപാദിച്ചിട്ടുണ്ടു്. അവയിൽ ക്രിസ്തീയവിദ്യാഭ്യാസത്തിൻെറ ഉദ്ദേശ്യം എന്താണെന്നു് അവിടുന്നു് വിശദമാക്കിയിട്ടുണ്ടു്. പ്രസ്തുതഭാഗം മാത്രം നിങ്ങൾക്കു് മനസ്സിലാകത്തക്ക രീതിയിൽ താഴെ ചേർക്കുന്നു.

"ക്രിസ്തീയവിദ്യാഭ്യാസത്തിൻെറ സാക്ഷാത്തായ ഉദ്ദേശ്യം ദൈവവരപ്രസാദത്തോടു സഹകരിച്ചു യഥാർത്ഥരും പൂർണ്ണരുമായ ക്രിസ്ത്യാനികളെ ഉളവാക്കുകയാകുന്നു. അതായതു് മാമ്മോദീസാമൂലം ദൈവമക്കളായി വീണ്ടും ജനിച്ചിട്ടുള്ളവരിൽ ക്രിസ്തുവിനെ രൂപവൽക്കരിക്കുക; നമ്മുടെ ജീവനായ മിശിഹായിൽ അതിസ്വാഭാവികജീവിതം നയിക്കുന്ന യഥാർത്ഥക്രിസ്ത്യാനികളാക്കിത്തീർക്കുക. നമ്മുടെ ആന്തരികമായ സംഗതികളിൽമാത്രം മിശിഹായുടെ ചൈതന്യമുണ്ടായാൽ പോരാ, പ്രത്യുത മരണത്തിനു് അധീനമായ നമ്മുടെ ശരീരത്തിലും മിശിഹായുടെ ജീവൻ അഥവാ പ്രവൃത്തികൾ പ്രത്യക്ഷപ്പെടണം. ക്രിസ്തീയവിദ്യാഭ്യാസം മനുഷ്യജീവിതത്തിലെ എല്ലാ രംഗങ്ങളേയും സ്പർശിക്കുന്നു. മനുഷ്യൻെറ ശാരീരികവും മാനസികവും സാന്മാർഗ്ഗികവും വ്യക്തിപരവും കുടുംബസംബന്ധവും സാമുദായികവുമായ കാര്യങ്ങളെ അതു് ഉയർത്തുകയും, ക്രമീകരിക്കുകയും, പൂർണ്ണമാക്കിച്ചെയ്യുകയും ചെയ്യുന്നു. എന്നാൽ ഇവയിലെല്ലാം മാർഗ്ഗനിർദ്ദേശം ചെയ്യേണ്ടതു് മിശിഹായുടെ മാതൃകയും പ്രബോധനങ്ങളുമായിരിക്കണം." ഇപ്രകാരം പ്രസ്താവിച്ചശേഷം ക്രിസ്തീയവിദ്യാഭ്യാസത്തിൻെറ ഫലം എന്തായിരിക്കണം, അതായതു് വിദ്യാഭ്യാസം പൂർത്തിയാകുമ്പോൾ അല്ലെങ്കിൽ വിദ്യാഭ്യാസകാലം കഴിയുമ്പോൾ ഒരു ക്രിസ്തീയയുവാവു് അഥവാ യുവതി എപ്രകാരമുള്ള ആൾ ആയിരിക്കണം എന്നു് അവിടുന്നു് വ്യക്തമായും ചുരുക്കമായും പ്രസ്താവിക്കുന്നുണ്ടു്.

മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് തുടർന്നുപറയുന്നതു് ഇപ്രകാരമാണു്: "ക്രിസ്തീയ വിദ്യാഭ്യാസത്തിൻെറ ഫലം ഒരു യഥാർത്ഥ ക്രിസ്ത്യാനി ആയിരിക്കും. ഒരു അതിസ്വാഭാവിക മനുഷ്യനായിരിക്കും അയാൾ. മിശിഹായുടെ മാതൃകയും പ്രബോധനവുമാകുന്ന അതിസ്വാഭാവിക വെളിച്ചത്താൽ അയാളുടെ ബുദ്ധി പ്രകാശിതമായിരിക്കും. ഇപ്രകാരം പ്രകാശിതമായ ബുദ്ധിയുടെ ന്യായാന്യായ വിവേചനം അനുസരിച്ചായിരിക്കും അയാൾ നിജമായും സ്ഥിരമായും വിചാരിക്കുകയും വിധിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നതു്. സാധാരണരീതിയിൽ പറഞ്ഞാൽ ക്രിസ്തീയവിദ്യാഭ്യാസം പുറപ്പെടുവിക്കുന്നതു് അഥവാ പുറപ്പെടുവിക്കേണ്ടതു് യഥാർത്ഥവും പൂർണ്ണവുമായ സ്വഭാവസംസ്കരണം ലഭിച്ചിട്ടുള്ള ഒരുവനെയാണു്."

പ്രിയകുഞ്ഞുങ്ങളേ, വിദ്യാഭ്യാസകാലത്തു് കുട്ടികൾ സാധിക്കേണ്ട പ്രധാനപ്പെട്ട മൂന്നു സംഗതികളെക്കുറിച്ചാണു് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് തൻെറ പ്രസ്താവനയിൽ പറയുന്നതു്. ഇവയിൽ ആദ്യത്തേതായ ശരീരത്തിൻെറ വളർച്ചയെക്കുറിച്ചു് ഒരു സൂചനമാത്രമേ തിരുമനസ്സുകൊണ്ടു് നൽകുന്നുള്ളു. വിദ്യാഭ്യാസപ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്നവർ സാധാരണയായി ഈ വിഷയത്തിൽ ശ്രദ്ധയുള്ളവരായതുകൊണ്ടായിരിക്കാം ഇതു സംബന്ധിച്ചു് അവിടുന്നു് കൂടുതലായി യാതൊന്നും പറയാതിരുന്നിട്ടുള്ളതു്.

ശരീരത്തെക്കാൾ അനേകമടങ്ങു് ശ്രേഷ്ഠമെങ്കിലും പലരും വേണ്ടവിധത്തിൽ ശ്രദ്ധിക്കാത്തതും ഒരുപക്ഷെ അവഗണിച്ചുകളയുന്നതുമായ മററു രണ്ടു സംഗതികളെക്കുറിച്ചാണു് തിരുമനസ്സുകൊണ്ടു് നമുക്കു് മാർഗ്ഗനിർദ്ദേശം ചെയ്യുന്നതു്. അതായതു് ബുദ്ധിയുടേയും മനസ്സിൻെറയും ശരിയായ പരിശീലനം. ബുദ്ധി പ്രകാശിപ്പിക്കപ്പെടണമെന്നു് അവിടുന്നു നിർദ്ദേശിക്കുന്നു. എന്നാൽ ബുദ്ധിക്കു് പ്രകാശം നൽകേണ്ടതു് "ഞാൻ പ്രകാശമാകുന്നു" എന്നു് തന്നെക്കുറിച്ചു് വ്യക്തമായ ഭാഷയിൽ പ്രസ്താവിച്ചിട്ടുള്ള മിശിഹായുടെ മാതൃകയും പാഠങ്ങളുമായിരിക്കണം. ഇവയുടെ പ്രകാശനമനുസരിച്ചു് നിജമായും സ്ഥിരമായും വിചാരിക്കുകയും വിധിക്കുകയും ചെയ്യുന്നതിനുള്ള പ്രാപ്തി ബുദ്ധിക്കു് ലഭിക്കണമെന്നാണു് അവിടുന്നു് ഉൽബോധിപ്പിക്കുന്നതു്.

മിശിഹായുടെ മാതൃകയും പ്രബോധനങ്ങളുമനുസരിച്ചു് വിചാരിക്കുകയും വിധിക്കുകയും ചെയ്യുന്ന ഒരു ശീലം നമ്മുടെ ബുദ്ധിക്കു് ഉണ്ടാകുന്നതിനുപുറമെ ഈ ബുദ്ധിയുടെ വിധിയനുസരിച്ചു് പ്രവർത്തിക്കുന്നതിനുള്ള കഴിവും വിദ്യാഭ്യാസകാലം കഴിയുമ്പോൾ ഓരോരുത്തനും സമ്പാദിച്ചിരിക്കണമെന്നാണു് അവിടുന്നു പറയുന്നതു്. നമ്മെക്കൊണ്ടു് എന്തെങ്കിലും പ്രവർത്തിപ്പിക്കുന്നതു് അഥവാ പ്രവർത്തിപ്പിക്കേണ്ടതു് നമ്മുടെ മനസ്സാണു്. ഈ മനസ്സിൻെറ നല്ല പരിശീലനം അല്ലെങ്കിൽ വളർച്ചയാണു്, "മിശിഹായുടെ മാതൃകയും പ്രബോധനവുമനുസരിച്ചു് നിജമായും സ്ഥിരമായും പ്രവർത്തിക്കുന്നവർ" എന്നു പറയുമ്പോൾ അവിടുന്നു് ഉദ്ദേശിക്കുന്നതു്. നമ്മെക്കൊണ്ടു് എല്ലായ്പോഴും നന്മചെയ്യിക്കുന്നതിനുള്ള പ്രാപ്തി നമ്മുടെ മനസ്സിനു് ഉണ്ടായെങ്കിലേ നമ്മുടെ പ്രവൃത്തികൾ നല്ലവയായിരിക്കുകയുള്ളു. നമ്മുടെ എല്ലാ പ്രവൃത്തികളും നല്ലവയാണെങ്കിൽമാത്രമേ നാം ദൈവത്തിൻെറയും മനുഷ്യരുടേയും ദൃഷ്ടിയിൽ ഇഷ്ടപ്പെട്ടവരായി തീരുകയുള്ളു. ഇപ്രകാരം ദൈവത്തിനും മനുഷ്യർക്കും ഇഷ്ടപ്പെടുന്ന വിധത്തിൽ നന്മചെയ്യുന്നതിനുള്ള സ്ഥിരസ്വഭാവം സമ്പാദിച്ചിട്ടുള്ളവരെക്കുറിച്ചാണു്: "യഥാർത്ഥവും പൂർണ്ണവുമായ സ്വഭാവസംസ്കരണം സിദ്ധിച്ചവർ" എന്നു് അവിടുന്നു് പറയുന്നതു്.

ഇങ്ങനെ ശരീരത്തിൻേറയും ബുദ്ധിയുടേയും മനസ്സിൻേറയും ശരിയായ വളർച്ച അഥവാ വികസനം വിദ്യാഭ്യാസകാലത്തു് വിദ്യാർത്ഥികൾ സമ്പാദിക്കണമെന്നാണു് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് തൻെറ വിശ്വലേഖനംവഴി നമ്മെ ഉദ്ബോധിപ്പിക്കുന്നതു്. ഈ വളർച്ചകൾതന്നെയാണല്ലോ പരിശുദ്ധാരൂപി വി. ലൂക്കായുടെ സുവിശേഷംവഴി ഈശോയുടെ ചെറുപ്പകാലത്തിൽനിന്നും നമുക്കു ചൂണ്ടിക്കാണിച്ചുതന്നിട്ടുള്ള പ്രധാന സംഗതിയും. അതുകൊണ്ടു് തുടർന്നുള്ള ലേഖനങ്ങളിൽ ഈശോയുടെ വളർച്ചയെക്കുറിച്ചു് പ്രതിപാദിക്കുവാനാണു് ഉദ്ദേശിക്കുന്നതു്. മാർപ്പാപ്പായുടെ നിർദ്ദേശാനുസരണം പ്രവർത്തിക്കുന്നതിനു് അവ നിങ്ങൾക്കു് മാർഗ്ഗനിർദ്ദേശം ചെയ്യും.


ഇടപ്പള്ളി ഫൊറോനാപള്ളിയിൽ

വി. ഗീവറുഗീസു് സഹദായുടെ

തിരുനാൾ



1951 മേയ് 4 (1126 മേടം 21)-ാംനു- വെള്ളിയാഴ്ച ആഘോഷിക്കുന്നതാണു്.

പതിവുപോലെ എട്ടാമിടവുമുണ്ടായിരിക്കും.

വികാരി


"സർവ്വേശഭയമാകുന്നു
ജ്ഞാനത്തിന്നാദികാരണം
ഭോഷൻ തിരസ്കരിക്കുന്നു
വിജ്ഞാനം ശിക്ഷണങ്ങളും."
(സുഭാഷിതങ്ങൾ I-7)
എന്നു് സ്വന്തം വല്യച്ചൻ.

## നിങ്ങൾക്കറിയാമോ?

ലോകത്തിൽവച്ചു് കൂടുതൽ ജനസംഖ്യയുള്ള നഗരങ്ങൾ ഏവ?

ഉത്തരം

1) ലണ്ടൻ (86. 5ലക്ഷം). 2) ന്യൂയോർക്കു് (79. 9ലക്ഷം). 3) ടോക്കിയോ (65. 8ലക്ഷം). 4) കൽക്കട്ടാ (60ലക്ഷം). 5) ബർലിൻ (43ലക്ഷം). 6) മോസ്കോ (41. 4ലക്ഷം). 7) ഷാംഹായ് (35. 7ലക്ഷം). 8) ഒസാക്കാ, ജപ്പാൻ (53. 9ലക്ഷം). 9) ചിക്കാഗോ (33. 8ലക്ഷം). 10) ലനിൻഗ്രാഡ് (31.9ലക്ഷം).11) പാരിസ് (30ലക്ഷം).

——

"ദർശന"ങ്ങളുടെ കാര്യത്തിൽ

## വിവേകം വേണം

വിശ്വാസവും സന്മാർഗ്ഗവും സംബന്ധിച്ച കാര്യങ്ങളുടെ മേൽനോട്ടം വഹിക്കുന്ന "ഹോളി ഓഫീസ്" തിരുസംഘത്തിലെ ഒരുദ്യോഗസ്ഥനായ മോൺസിഞ്ഞോർ ആൽഫ്റെഡോ ഒട്ടാവിയാനി "ഒസ്സർവത്തോരെ റൊമാനൊ" എന്ന വത്തിക്കാൻ പത്രത്തിൽ ഫെബ്രുവരി 4-ാംനു- പ്രസിദ്ധപ്പെടുത്തിയ ഒരു ലേഖനത്തിൽ "ദർശന"ങ്ങളിലും "അത്ഭുത"ങ്ങളിലും ദൃഢവിശ്വാസം അർപ്പിക്കരുതെന്നു ശക്തിപൂർവ്വം ഉദ്ബോധിപ്പിച്ചിരിക്കുന്നു. കഴിഞ്ഞ 10 കൊല്ലങ്ങളായി അത്തരം പ്രകൃത്യാതീതസംഭവങ്ങളുടെ വിവരങ്ങൾ ധാരാളമായി ജനമദ്ധ്യത്തിൽ പ്രചരിക്കുന്നുണ്ടെന്നും, അവയെപ്പററി ഔദ്യോഗികമായി വിധിപ്രസ്താവിക്കേണ്ടതു തിരുസഭയാണെന്നും, വിശുദ്ധരുടെ നാമകരണത്തിൽ ചെയ്യുന്നതുപോലെ, സൂക്ഷ്മമായ പര്യന്വേഷണത്തിനും പഠനത്തിനുംശേഷം മാത്രമേ അത്ഭുതങ്ങളെപ്പററി വിധിപ്രസ്താവിക്കാറുള്ളുവെന്നും, പ്രകൃത്യാതീതസംഭവങ്ങളെപ്പററിയുള്ള അടിസ്ഥാനരഹിതങ്ങളായ വിവരങ്ങൾ പ്രചരിക്കുന്നതുനിമിത്തം യഥാർത്ഥ "ദർശന"ങ്ങളുടേയും "അത്ഭുതങ്ങളു"ടേയും വിലയിടിഞ്ഞുപോകാൻ സംഗതിയാകുമെന്നും, "വ്യാജക്രിസ്തുമാരും കള്ളപ്രവാചകന്മാരും" രംഗപ്രവേശംചെയ്തു അത്ഭുതകരങ്ങളായ അടയാളങ്ങൾ കാണിച്ചു്, സാധിക്കുന്നപക്ഷം "തിരഞ്ഞെടുക്കപ്പെട്ടവരെ"പ്പോലും വഞ്ചിക്കാൻ ശ്രമിക്കുമെന്നു ദിവ്യരക്ഷകൻ മുന്നറിവു നൽകിയിട്ടുള്ളതനുസരിച്ചു്, മനുഷ്യരെ വഴിതെററിക്കുന്നതിനു പിശാചു പരിശ്രമിക്കാൻ ഇടയുണ്ടെന്നും, ആകയാൽ വിശ്വാസികൾ സർവ്വദാ വിവേകപൂർവ്വം വർത്തിക്കേണ്ടതാണെന്നും സുദീർഘമായ പ്രസ്തുത ലേഖനത്തിൽ ലേഖകൻ മുതൽകർത്താവു് ചൂണ്ടിക്കാണിച്ചിട്ടുണ്ടു്.


സ്വർണ്ണപ്പണയം
കുറഞ്ഞപലിശ. കൂടുതൽ നിരക്കു്
ബാങ്ക് ഓഫ്
കൊച്ചിൻ ക്ലിപ്തം
എറണാകുളം
മട്ടാഞ്ചേരി, ചാലക്കുടി, തൃശ്ശൂർ,
വില്ലിങ്ങ്ടൺ ഐലൻഡ്

ചെറുകഥ

# കുളമ്പ്

(ജി. സി. ടീലർ)

സുമനോഹരമായ ആ സൗധം പരാഗേ്വനദിയുടെ തീരത്താണ് സ്ഥിതിചെയ്തിരുന്നത്. ബ്രസീൽരാജ്യത്തുനിന്നും ഉത്ഭവിച്ച് അർജൻറീനായിൽക്കൂടി ഒഴുകി അററ്ലാൻറിക്ക് മഹാസമുദ്രത്തിൽ ചെന്നു പതിക്കുന്ന ആ നദി. 1600മൈൽ നീളം. ഫലഭൂയിഷ്ഠമായ അതിൻെറ തീരപ്രദേശങ്ങൾ ഇംഗ്ലണ്ടിൽനിന്നും അനേകം പ്രോട്ടസ്റ്റൻറ് കുടുംബക്കാരെ ആകർഷിക്കയുണ്ടായി. അതിൽ സുപ്രസിദ്ധമായ ഒന്നാണ് സാൻസിമാ കുടുംബം. ലോകത്തിൽ ഒരു കൂട്ടരോടുമാത്രമേ അവക്കു ശത്രുതയുണ്ടായിരുന്നുള്ളു—കത്തോലിക്കരോട്. അവർ കുട്ടികളെ കൊന്നു ഭക്ഷിക്കുന്നവരാണെന്നും അവരുടെ വൈദികന്മാർ ഇരട്ടക്കുളമ്പുകളുള്ള ഒരുതരം മനുഷ്യമൃഗങ്ങളാണെന്നും അവർ ധരിച്ചിരുന്നു.

റോസാലിയാ അമ്മയുടെ അടുക്കൽനിന്നു കരയുകയാണ്. "എന്താണു കുഞ്ഞേ, നീ ഇങ്ങനെ കരയുന്നതു?" ആ ചോദ്യത്തിനു മറുപടി, അല്പംകൂടി നീണ്ട ഒരു കരച്ചിൽ. പല ഉപായങ്ങളും പ്രയോഗിച്ചുനോക്കി കരച്ചിൽ ഒന്നു നിറുത്തുവാൻ. പരാജയംതന്നെ ഫലം. ഒടുവിൽ അമ്മ ഒരു സൂത്രം പ്രയോഗിച്ചു. "നിന്നെ പിടിച്ചുതിന്നുവാൻ അതാ ഒരു കത്തോലിക്കൻ വരുന്നു." അതു കേട്ടമാത്രയിൽ ആ കുട്ടി കരച്ചിൽ നിറുത്തി. ഭയചകിതയായി കണ്ണുമിഴിച്ചു നോക്കി ചുററും. ഏതോ ഒരു നിഴൽ അവൾ കണ്ടു. ഓടി അമ്മയുടെ അടുക്കലേക്കു്. ബോധരഹിതയായി അവൾ അമ്മയുടെ മടിയിലേക്കു ചരിയുകയും ചെയ്തു.

സാൻസിമാ കുടുംബത്തിലെ നായകനാണ് എൽഡർസ്ലിക്ക്. കത്തോലിക്കൻ എന്നു കേട്ടാൽ അയാൾക്കു ചെവികളിൽ കൂരമ്പു തറച്ചുകയറുന്നതുപോലുള്ള ഒരു പ്രതീതിയുണ്ടാകും. അന്ധവിശ്വാസികൾ, വിഗ്രഹാരാധനക്കാർ, സകല പുരോഗതികൾക്കും വിലങ്ങുതടി വലിച്ചിടുന്ന കിരാതന്മാർ, മനുഷ്യത്വം വെടിഞ്ഞവർ എന്നെല്ലാമായിരുന്നു കത്തോലിക്കരെപ്പററി അയാളുടെ അഭിപ്രായം. ഒററ കത്തോലിക്കാ ഗ്രന്ഥം അയാൾ കൈകൊണ്ടു തൊടുകയില്ല. കത്തോലിക്കരെ അപഹസിച്ചും അവരുടെ പ്രവൃത്തികളെ ദുർവ്യാഖ്യാനം ചെയ്തും രചിച്ചിട്ടുള്ള ഏതു ക്ഷുദ്രകൃതിയും അയാൾ വെട്ടിവിഴുങ്ങും. പിതാവിൻെറ പ്രവർത്തനങ്ങൾ കണ്ടു വളർന്ന റോസാലിയാ ഒരു കത്തോലിക്കാ വിദ്വേഷിയായിത്തീർന്നതു് അത്ഭുതമല്ല.

വളഞ്ഞുതിരിഞ്ഞൊഴുകുന്ന വിസ്തൃതമായ നദിയുടെ തീരത്തുകൂടി അയാൾ മന്ദാമന്ദം നടക്കുകയായിരുന്നു. നിർമ്മലമായ ജലം പാറക്കെട്ടുകളിൽക്കൂടി ഇരമ്പിപ്പായുന്ന കാഴ്ച അയാളുടെ കണ്ണുകൾക്കു കുളിർമ്മയരുളി. സന്ധ്യാസമയത്തെ ചെഞ്ചായം പുരണ്ട വൃക്ഷശിഖരങ്ങളെ ഒരു ചാഞ്ചാട്ടത്തിനായി ക്ഷണിച്ചുകൊണ്ടു കടന്നുവന്ന മന്ദമാരുതൻ അയാൾക്കും മകൾക്കും പരമാനന്ദത്തെ പ്രദാനംചെയ്തു. എതിരേ വന്നതു് ഒരു സ്നേഹിതൻ. പുഞ്ചിരിതൂകി അയാൾ ചോദിച്ചു: "എന്താണു വിശേഷം, പാലെഗ്രാം?" വിഫലമായി, പാലെഗ്രാമിൻെറ പുഞ്ചിരിതൂകുവാനുള്ള ശ്രമം. അയാളുടെ മുഖത്തു് അസ്വസ്ഥത വ്യാപിച്ചു. നെററിയിൽ ചുളിവുകൾ വീണു. അയാൾ പറയുകയാണ്: "ഞാൻ ഇന്നു കേട്ട ഒരു വിശേഷം പറയുന്നെങ്കിൽ നീ ഞെട്ടുകതന്നെ ചെയ്യും."

"എന്താണു്, പറയണം. ഞാൻ ഈ വടിയേൽ ഊന്നി നിന്നുകൊള്ളാം."

"മറെറാന്നുമല്ല. കത്തോലിക്കർ നമ്മുടെ അടുത്തുവന്നു താമസം തുടങ്ങുവാൻ പോകുന്നു."

കത്തോലിക്കർ എന്നു കേട്ടപ്പോൾ റോസാലിയാ പിതാവിനെ മുറുകെ കെട്ടിപ്പിടിച്ചു കരയാൻ തുടങ്ങി. അവളുടെ പ്രായത്തിൽ അല്പം കവിഞ്ഞ ഒരാൺകുട്ടിയാണ് പാലെഗ്രാമിനോടുകൂടി ഉണ്ടായിരുന്നതു്. അവനും ആ പെൺകുട്ടിയെ അനുകരിച്ചു നിലവിളിച്ചുകളഞ്ഞു. "പേടിക്കണ്ട ഡെൻ, പേടിക്കണ്ട ഡെൻ; ഞാനല്ലേ ഉള്ളതു്" എന്നുപറഞ്ഞു പാലെഗ്രാം മകനെ ശാന്തപ്പെടുത്തി. അവൻെറ കരച്ചിൽ നിന്നപ്പോൾ റോസാലിയായും കരച്ചിൽ നിറുത്തി. അവർ തമ്മിൽ ഉററമിത്രങ്ങളായിത്തീരുകയും ചെയ്തു. അവർതമ്മിൽ ചിരിയും കളിയും തുടങ്ങി. അവരുടെ ആഹ്ളാദത്തിൽ ആനന്ദിച്ചുകൊണ്ടു് എൽഡർസ്ലിക്കും പാലെഗ്രാമും അല്പം അകലെ മാറിനിന്നു.

"കത്തോലിക്കർ ഇവിടെവന്നു കുടിപാർപ്പു നടത്തുന്നതു് എനിക്കു സഹിക്കവയ്യ. പിശാചുക്കൾ എൻെറ അയൽപക്കത്തു താമസിച്ചാൽപ്പോലും എനിക്കിത്രമാത്രം അസ്വസ്ഥത ഉണ്ടാകയില്ല. അതുകൊണ്ടു് നാം ഇതു തടയണം. എൽഡർസ്ലിക്കിൻെറ അഭിപ്രായത്തോടു് പാലെഗ്രാമിനു വളരെ യോജിപ്പാണുള്ളതു്. എങ്കിലും അയാൾ പറഞ്ഞു: "കട്ടുറുമ്പിനും കമ്മാളനും താമസിക്കാവുന്ന ഈ സ്ഥലത്തു് കത്തോലിക്കർ പാടില്ല എന്നു നാം എങ്ങനെ പറയും?"

"സ്നേഹിതാ, കട്ടുറുമ്പും കമ്മാളനും നമുക്കൊരുപദ്രവും ചെയ്യുകയില്ല. പക്ഷേ ഈ കത്തോലിക്കർ അങ്ങനെയാണോ? സംസ്കാരസമ്പന്നമായ നമ്മുടെ കുലത്തെ അവർ ചീത്തയാക്കും. നമ്മുടെ കുട്ടികളെ അവർ തിന്നുകകൂടി ചെയ്യുകയില്ലേ? ഇതെല്ലാം അറിഞ്ഞിരിക്കുന്ന നാം മൗനം ഭജിച്ചാലോ?"

"കൊള്ളരുതാത്ത ഒരു കൂട്ടരാണ് കത്തോലിക്കർ; അതെനിക്കറിയാം. പക്ഷേ അവരെക്കുറിച്ചു നമ്മുടെ ഇടയിൽ അനേകം തെററിദ്ധാരണകൾ ഉണ്ടെന്നാണെനിക്കു തോന്നുന്നതു്."

"തെററിദ്ധാരണകളോ! അബദ്ധം! യാതൊരു തെററിദ്ധാരണയുമില്ല. ഒരു കത്തോലിക്കാ വൈദികൻെറ കാൽ ഒന്നു പരിശോധിച്ചുനോക്കണം. ഇരട്ടക്കുളമ്പാണ്. അവർ എപ്പോഴും ഷൂസ് ധരിച്ചുകൊണ്ടു നടക്കുന്നതു വെറുതെയല്ല. ഒരിക്കൽ ഒരാളുടെ കാൽ ഞാൻ കണ്ടു; ഭയപ്പെട്ടുപോയി."

"അങ്ങനെയോ! അതു ഞാൻ അറിഞ്ഞിട്ടില്ല. അവരെ ഇവിടെനിന്നും ഓടിക്കാൻ ഞാൻകൂടി ശ്രമിക്കാം."

"ശ്രമിക്കണം, ശ്രമിക്കണം. ഒരു സംഘടിച്ചശ്രമമാണ് നടത്തേണ്ടതു്. അവർ ഒരു രാജ്യത്തു താമസിച്ചാൽ അവിടത്തെ രാഷ്ട്രം തകരുമെന്നു തീർച്ചയാണ്. അതുകൊണ്ടു ഗവമ്മെൻറുതന്നെ ഇക്കാര്യത്തിൽ ഇടപെടട്ടെ."

അനേകം കത്തോലിക്കാ വീട്ടുകാർ അവിടെ കുടിയേറിപ്പാർത്തു. യാതൊരു ഗവമ്മെൻറിനും അവരെ ഓടിക്കുവാൻ കഴിഞ്ഞില്ല. കാലങ്ങൾ അങ്ങനെ കടന്നുപോയി. പ്രോട്ടസ്റ്റൻറുകാരുടെ ശത്രുത അടിക്കടി വർദ്ധിച്ചുകൊണ്ടിരുന്നു. ചെമ്മരിയാടിൻെറ വേഷത്തിൽ നടക്കുന്ന ചെന്നായ്ക്കളാണ് കത്തോലിക്കർ എന്നവർ പ്രചരണവേല നടത്തി.

ഷീലാ പന്ത്രണ്ടുവയസ്സ് പ്രായമുള്ള ഒരു പെൺകുട്ടിയാണ്. ഒരിക്കൽ അവളുടെ പിതാവ് തൻെറ ജോലിസ്ഥലത്തുനിന്നും വന്നപ്പോൾ മകളെ കണ്ടില്ല. കത്തോലിക്കർ അവളെ പിടിച്ചുകൊണ്ടുപൊയ്ക്കളഞ്ഞതാണെന്നുതന്നെ അയാൾ തീർച്ചപ്പെടുത്തി. പോലീസിൽ അറിവുകൊടുത്തു. ഒരു ഗണം റിസർവുപോലീസുകാർ ലാത്തിയും തോക്കും ധരിച്ച് ഒരു കത്തോലിക്കാഭവനത്തെ വളഞ്ഞു. ഷീലാ എവിടെ എന്നു ചോദിച്ച് അവർ അലറി. പെൺകുട്ടിയെ കണ്ടുകിട്ടാഞ്ഞതിനാൽ അവർ ആ വീട്ടുകാരെ കണക്കിനു പ്രഹരിച്ചു. അനുദിനം കൂലിവേല ചെയ്തു ഒരു കുടുംബംപോററിയിരുന്ന ഗൃഹനാഥനെ അവർ ഇടിച്ചിടിച്ച് അവശനാക്കി. പിഞ്ചുകുഞ്ഞുങ്ങളെപ്പോലും വിട്ടില്ല. അവരുടെ കൂട്ടനിലവിളി അലച്ചുവച്ചുയർന്നുകൊണ്ടിരുന്നു അന്തരീക്ഷത്തിൽ. എന്നാൽ അതു കേൾക്കുവാൻ ആരുമുണ്ടായില്ല. വിജയഭേരിമുഴക്കിക്കൊണ്ടു് ആ കിരാതന്മാർ സ്ഥലം വിട്ടു.

വെളുപ്പാൻകാലത്തെ കോഴി കൂവി. നക്ഷത്രജാലം നിഷ്പ്രഭങ്ങളായി ആകാശവീഥിയിൽ തങ്ങിനിന്നു. നഷ്ടപ്പെട്ട മകളെക്കുറിച്ചുള്ള ഖേദം ആ വീട്ടുകാർക്കു വർദ്ധിക്കയാണുണ്ടായതു് ഷീലായുടെ മാതാവ് മതിൽക്കെട്ടിനടുത്തുവന്നു് വഴിയിലേക്കു നോക്കിനിന്നു. സിനിമാകഴിഞ്ഞു പോകുന്ന ആളുകളെ അപ്പോഴും കാണാം വഴിക്കു്. ഒരു യുവാവും ഒരു പെൺകുട്ടിയും. അവർ നടന്നുവന്നു് മതിൽക്കെട്ടിനടുക്കലെത്തിയപ്പോൾ പിരിഞ്ഞു. തൻെറ കണ്ണുകളെ ആദ്യം വിശ്വസിച്ചില്ല ആ സ്ത്രീ. സൂക്ഷിച്ചുനോക്കി വീണ്ടും. തൻെറ മകൾ ഷീലാ തന്നെ. അവരുടെ ദേഹത്തു് ഒരു കോരിത്തരിപ്പ്.

"ഷീലാ, ഷീലാ, നീ എവിടെയായിരുന്നു ഇതുവരെയും?"

"ഞാൻ മിസ്റ്റർ ഗോമസ്സിൻെറ കൂടെ സിനിമായ്ക്കു പോയിരുന്നു."

"നീ ഇവിടെ ആരോടുചോദിച്ചിട്ടാണു പോയതു?"

"മൃഗങ്ങൾ ചെയ്യുന്നതു ഞാൻ കണ്ടിട്ടുണ്ടു് അമ്മച്ചീ. കോഴിക്കുഞ്ഞുങ്ങൾ അവയ്ക്കിഷ്ടമുള്ളിടത്തേക്കു പറന്നുപോകുന്നു. തള്ളക്കോഴി അതു തടയുന്നില്ല. നമ്മുടെ കൊച്ചുമൂരിയും കൊച്ചുപട്ടിയും ആരോടും ചോദിക്കാതെയാണു ദേശസഞ്ചാരത്തിനു പുറപ്പെടുന്നതു്. അവരോളം സ്വാതന്ത്ര്യംഎനിക്കില്ലയോ അമ്മച്ചീ?"

"മനുഷ്യനും മൃഗവും തമ്മിൽ യാതൊരു വ്യത്യാസവുമില്ലെന്നാണോ നിൻെറ വിചാരം?"

"ഞങ്ങൾ പഠിക്കുന്ന പുസ്തകത്തിൽ അങ്ങനെയാണെഴുതിയിരിക്കുന്നതു്. ഞങ്ങളെ പഠിപ്പിക്കുന്ന അദ്ധ്യാപകനും അതുതന്നെ പറയുന്നു."

"ഏതുതന്നെ പറയുന്നു?"

"മനുഷ്യനും മൃഗവും തമ്മിൽ വ്യത്യാസമൊന്നുമില്ലെന്നു്."

"കഷ്ടം, കഷ്ടം, നിൻെറ തല ഇപ്പഴേ തിരിഞ്ഞുപോയി. നിൻെറ അപ്പനും ഞാനും നിനക്കുവേണ്ടി ഇന്നലെ എന്തു തീതിന്നു എന്നു നിനക്കറിയാമോ?"

"എന്നാൽ അമ്മച്ചിയുടെ അടുത്തുവരാൻ എനിക്കു വലിയ പേടിയാണ്. പൊളിപ്പോകയില്ലേ?"

"അസത്തേ, നീ അധികപ്രസംഗംകൂടി പറയുന്നോ? നിൻെറ അപ്പൻ ഇങ്ങു വരട്ടെ."

"അപ്പനിങ്ങുവരട്ടെ. അപ്പനാണല്ലോ പറഞ്ഞതു് മനുഷ്യരു കുരങ്ങിൻെറ മക്കളാണെന്നു്."

ആനിയെററാ മരണക്കിടക്കയിൽ. അവർ വേദനകൊണ്ടു ഞെളിപിരികൊള്ളുകയാണ്. റോസാലിയാ പരിചരണങ്ങൾ നൽകിക്കൊണ്ടു് അടുക്കൽ. "അവസാനമായി അമ്മച്ചിക്കു് എന്തെങ്കിലും ഞങ്ങളോടു പറയാനുണ്ടോ?" ഡെൻ ആനിയെററായുടെ ചെവിയിലേക്കു കുനിഞ്ഞുനിന്നുകൊണ്ടു ചോദിച്ചു. ആ സ്ത്രീ കണ്ണുതുറന്നുനോക്കി. "എനിക്കു നിന്നോടും നിൻെറ ഭാര്യയോടുംകൂടി രണ്ടു കാര്യങ്ങൾ പറയാനുണ്ടു്." റോസാലിയാ ഉടൻ ഭത്താവിൻെറ അടുക്കലേക്കുവന്നു. അപ്പോൾ ആനിയെററാ പറയുകയാണ്: "ഞാൻ താമസിയാതെ മരിക്കും. എന്നാലും എൻെറ ആഗ്രഹം നിങ്ങൾ നിറവേററുമെന്നു വിശ്വസിക്കുന്നു. യാതൊരു കത്തോലിക്കാ വൈദികനെയും ഈ വീട്ടിൽ കയററരുതു്. യാതൊരു കത്തോലിക്കാഗ്രന്ഥവും നിങ്ങൾ വായിക്കരുതു്." അവർ ഇരുവരും പ്രതിജ്ഞചെയ്തു. സമാധാനത്തിൽ മരിച്ചു ആനിയെററാ.

പരാഗേ്വനദി കരകവിഞ്ഞു് ഒഴുകിത്തുടങ്ങി. തുള്ളിതോരാതുള്ളമഴ. ആ പ്രദേശം മുഴുവനിലും മൂടൽമഞ്ഞു വ്യാപിച്ചു. എങ്ങോട്ടുതിരിയണമെന്നറിയാതെ അതിൽ പകച്ചുനിൽക്കയായിരുന്നു ദീർഘകായനായ ഒരു മനുഷ്യൻ. പാദംവരെ എത്തുന്ന ഒരു നീണ്ട വസ്ത്രം അയാൾ ധരിച്ചിരിക്കുന്നു. അടുത്ത ചുവടു് അഗാധമായ ഒരു കുണ്ടിലേക്കായിരിക്കുമോ താൻ വയ്ക്കുന്നതു് എന്ന ഭയം അയാളെ അലട്ടുന്നുണ്ടു്. പ്രാർത്ഥനാരൂപിയിൽ അയാൾ സ്വല്പനേരം ലയിച്ചുനിന്നു മുകളിൽനിന്നും ഒരു മിന്നൽപ്പിണർ. ഒരു മണിസൗധം വലതുവശത്തായി അയാൾ കണ്ടു. രണ്ടു കാൽച്ചുവടുകൾ വച്ചപ്പോൾ അതിൻെറ പടിവാതിൽക്കൽ എത്തി. തൂങ്ങിക്കിടന്ന കയറേൽ പിടിച്ചു രണ്ടുവലിച്ചു.

മങ്ങിയ ഒരു പ്രകാശം. ഒരു സ്ത്രീ നടന്നുവരികയായിരുന്നു. വാതിൽ തുറന്നു് അവൾ ചോദിച്ചു: "മണി അടിച്ചതു് ആരാണ്?" അദ്ദേഹം വളരെ ഉപചാരപൂർവ്വം പറഞ്ഞു: "ഞാൻ ഒരു കത്തോലിക്കാ വൈദികനാണ്. ഒരു രോഗിക്കു് അന്ത്യകൂദാശകൾ കൊടുക്കുവാൻ വന്നു. മൂടൽമഞ്ഞുകൊണ്ടു് ഒരടി മുമ്പോട്ടുവയ്ക്കുവാൻ മേലാ. മഴകൊണ്ടു് എൻെറ വസ്ത്രം മുഴുവനും നനഞ്ഞിരിക്കുന്നു. തണുപ്പും സഹിക്കവയ്യാ!!

"കൊള്ളാം, കൊള്ളാം; അതിനു ഞങ്ങളെന്തുചെയ്യണം? ഇതൊരു പ്രോട്ടസ്റ്റൻറു ഭവനമാണ്."

"ഈ രാത്രിയിൽ ഇവിടെ ഒന്നു താമസിക്കുവാൻ അനുവദിക്കുമോ?"

"പാവം, നിങ്ങൾ തണുപ്പുകൊണ്ടു വളരെ വിറയ്ക്കുന്നു. എനിക്കു സഹതാപമുണ്ടു്. എങ്കിലും ഞാൻ സ്വതന്ത്രയല്ല. ഈ വലിയ വീട്ടിലെ ഒരു വേലക്കാരി. ഞാൻ പോയി ഇവിടത്തെ കൊച്ചമ്മയോടു ചോദിച്ചിട്ടുവരാം." അവൾ കതകടച്ചിട്ടുപോയി.

"ഒരു കത്തോലിക്കാ വൈദികനോ! നീ എന്തു പറയുന്നു ജൂലിയാ? പാടില്ല, പാടില്ല; അയാൾക്കു് ഈ മുററത്തിരിക്കുവാൻപോലും ഞാൻ അനുവാദംകൊടുക്കയില്ല. വേഗം അവിടെനിന്നും പൊയ്ക്കൊള്ളുവാൻ ചെന്നുപറയൂ."—മാലപ്പടക്കത്തിനു തീ കൊളുത്തിയ മട്ടിലായിരുന്നു റോസാലിയായുടെ മറുപടി. ജൂലിയാ വിഷണ്ണയായി. അവളുടെ കണ്ണുകളിൽനിന്നും കണ്ണീർക്കണങ്ങൾ അടർന്നുവീണു. "എന്തു്? നീ ഒരു കത്തോലിക്കാ വൈദികനോടാണോ ഇത്ര അനുകമ്പകാണിക്കുന്നതു്! അയാൾ പോകട്ടെ; പോകട്ടെ. എൻെറ അമ്മായിയമ്മയോടു ഞാൻ ചെയ്തിട്ടുള്ള പ്രതിജ്ഞ നിനക്കറിഞ്ഞുകൂടേ?"

"എങ്കിലും എൻെറ കൊച്ചമ്മേ, അദ്ദേഹം ഒരു നല്ല മനുഷ്യനാണെന്നു തോന്നുന്നു. ഈ മങ്ങിയവെളിച്ചത്തു് അദ്ദേഹത്തിൻെറ മുഖം ഞാനൊന്നു കണ്ടു. ഒരു മാലാഖായാണെന്നു തോന്നി."

"ഓ, മാലാഖാ! നീ അയാളുടെ കാലു കണ്ടോ?"

"കാലിലെന്താണ്? ദേഹം മുഴുവനും വസ്ത്രംകൊണ്ടു മൂടിയിരിക്കുന്നു."

"അതിനു കാരണമുണ്ടെടീ. കത്തോലിക്കാവൈദികരുടെ കാലു് ഇരട്ടക്കുളമ്പാണ്."

"അയ്യോ! അങ്ങനെയാണോ?"

"അതെ, അതെ. അങ്ങനെയാ. വെറുതേയല്ല അവരതു മൂടിക്കെട്ടിക്കൊണ്ടു നടക്കുന്നതു്."

"അതു ജനിക്കുമ്പഴേ ഉള്ളതാണോ കൊച്ചമ്മേ?"

"അതൊന്നും എനിക്കറിഞ്ഞുകൂടാ. നിൻെറ ഒരു ചോദ്യം."

"എന്നാലും അദ്ദേഹം മനുഷ്യനാണല്ലോ എൻെറ കൊച്ചമ്മേ. മഴനനയാണ്ടു് ഇവിടെങ്ങാനും ഒന്നു കയറി നിന്നുകൊള്ളട്ടെ."

"വല്ല അപത്തും ഉണ്ടായാൽ?"

"അതിനുള്ള ശിക്ഷ ഞാൻ വാങ്ങിച്ചുകൊള്ളാം."

"എന്നാൽ ആ പടിപ്പുരയ്ക്കകത്തു കയറി നിന്നുകൊള്ളട്ടെ. അകത്തെ കതകു നന്നായി പൂട്ടിയേക്കണം."

കൊടുങ്കാററും മഴയും. പടിപ്പുരയ്ക്കകം മുഴുവനും നനഞ്ഞുതുടങ്ങി. ഒരിടിമുഴക്കം കേട്ടു് ജൂലിയാ ഉണർന്നു. പടിപ്പുരമുറിക്കുള്ളിൽ വിറച്ചുകൊണ്ടു നില്ക്കുന്ന വൈദികൻെറ കാര്യമാണ് അവൾ ഓർത്തതു്. അവൾ കൊച്ചമ്മയെ വിളിച്ചുണർത്തി പറഞ്ഞു: "എൻറമ്മേ, ഇടിയും മഴയും കാററും ഇളകിയിരിക്കുന്നു. ആ അച്ചൻ പടിപ്പുരയ്ക്കൽ നിന്നു നനയുകയല്ലേ? അദ്ദേഹത്തെ നമുക്കിങ്ങോട്ടു കയററിനിറുത്തരുതോ?" റോസാലിയായ്ക്കു കോപമാണുണ്ടായതു് ജൂലിയായുടെ വകതിരിവുകെട്ട അനുകമ്പ കണ്ടപ്പോൾ. റോസാലിയാ ചോദിച്ചു: "നിനക്കറിഞ്ഞുകൂടേ ഇവിടെ കുട്ടികളുണ്ടെന്നു്? അവർ ആ മനുഷ്യനെ കണ്ടു ഭയപ്പെടും."

"എൻറമ്മേ, അദ്ദേഹത്തെകണ്ടു് ആരും ഭയപ്പെടുകയില്ല. നമ്മളെക്കാൾ ഒന്നുകൂടെ നല്ലതാ അദ്ദേഹം."

"ആ കാലിനു കുളമ്പുണ്ടെന്നു ഞാൻ പറഞ്ഞതു മറന്നുപോയോ? കുട്ടികൾ കണ്ടാൽ തീർച്ചയായും ഭയപ്പെട്ടു മരിച്ചുപോകും."

"ഇല്ലമ്മേ, നമുക്കു കുട്ടികളെ വേറെ ഒരു മുറിയിൽ കൊണ്ടാക്കാം. അദ്ദേഹം പോയിട്ടു് അവരെ ഇങ്ങോട്ടു കൊണ്ടുവന്നാൽമതി."

"എന്നാൽ നിൻെറ ഇഷ്ടംപോലെ. കുട്ടികൾക്കു വല്ല പനിയും വന്നാൽ നീ ശിക്ഷ വാങ്ങിക്കും."

ജൂലിയാ കുട്ടികളെയെല്ലാം എടുത്തു് ദൂരെ ഒരു മുറിയിൽ കൊണ്ടുപോയി കിടത്തി. പടിപ്പുരയുടെ കതകുതുറന്നു് അച്ചനെ വിളിച്ചു. അദ്ദേഹത്തിൻെറ താ

(ശേഷം 10-ാം പേജിൽ)

വിമർശനവീഥി

# നടപടിഗ്രന്ഥം രചിച്ച കാലം

നടപടിഗ്രന്ഥത്തിന്റെ കർത്താവാരാണെന്നു് അതിന്റെ ഉള്ളടക്കത്തിൽനിന്നു ശരിയായി അനുമിച്ചെടുത്തപോലെ തന്നെ ആ ഗ്രന്ഥം രചിച്ചകാലവും അതിൽനിന്നു നിർണ്ണയിക്കുവാൻ കഴിയും. പൗലോസ് ശ്ലീഹാ റോമായിൽ ഒന്നാം പ്രാവശ്യം കാരാഗൃഹവാസിയായിരുന്ന കാലത്താണു് വിശുദ്ധ ലൂക്കാ നടപടിഗ്രന്ഥം രചിച്ചതെന്നത്രെ പണ്ഡിതവിമർശകന്മാരുടെ പൊതുവായ അഭിപ്രായം. ശ്ലീഹായുടെ ഈ കാരാഗൃഹവാസമാകട്ടെ ഏ. ഡി. 62-നും 64-നും മദ്ധ്യേയാണു നടന്നതെന്നു് മററു രേഖകളിൽനിന്നു് അറിവായിരിക്കുന്നു. അതിനാൽ ആ കാലത്തിലാണു് നടപടിഗ്രന്ഥം രചിച്ചതു്. ഈ അനുമാനത്തിനുള്ള കാരണങ്ങൾ പണ്ഡിതവിമർശകന്മാർ ചൂണ്ടിക്കാണിക്കുന്നവ താഴെ വിവരിക്കാം.

## പൗലോസിനെപ്പററി ഗ്രന്ഥത്തിൽ പറയുന്നതു്.

പൗലോസു് ശ്ലീഹാ തന്റെ മൂന്നാമത്തെ മിഷനറിയാത്ര അവസാനിപ്പിച്ചു് ജറുശലേമിലേക്കുപോയതു്, അവിടെവച്ചു യഹൂദന്മാരുണ്ടാക്കിയ ബഹളത്തിന്റെ ഫലമായി ശ്ലീഹായെ റോമൻ അധികാരികൾ അറസ്റ്റുചെയ്തു് ശ്ലീഹായെ തടവുകാരനായി ചെസറിയായിലേക്കു കൊണ്ടുപോയതു്, അവിടെ രണ്ടുകൊല്ലത്തോളം തടവുകാരനായി പാർപ്പിച്ചതു്, ഒടുവിൽ അവിടെനിന്നും തടവുകാരനായിത്തന്നെ റോമിലേക്കു് അയച്ചതു്, ചെസറിയായിൽനിന്നും റോമയിലേക്കു കപ്പൽയാത്രചെയ്തതു്, കപ്പൽനാശം നിമിത്തം ശ്ലീഹായും അനുചരന്മാരും മാൾട്ടാദ്വീപിലിറങ്ങി മൂന്നുമാസത്തോളം താമസിച്ചതു്, അനന്തരം യാത്രചെയ്തു റോമയിലെത്തിയതു്— ഈ സംഭവങ്ങളെല്ലാം ന:ഗ്രന്ഥത്തിൽ 21 മുതൽ 28 വരെ അദ്ധ്യായങ്ങളിൽ വിവരിച്ചിരിക്കുന്നു. 28-ാം അദ്ധ്യായത്തിന്റെ അവസാനത്തിൽ ശ്ലീഹായുടെ റോമയിലെ കാരാഗൃഹവാസത്തെപ്പററി രണ്ടു വാക്കുകൾമാത്രം കാണുന്നു. "അദ്ദേഹം കൂലിക്കുവാങ്ങിയ ഒരു വസതിയിൽ രണ്ടുകൊല്ലം മുഴുവനും താമസിച്ചു. തന്നെ സന്ദർശിക്കുവാൻ വന്നവരെയെല്ലാം അദ്ദേഹം സ്വീകരിക്കുകയും, ദൈവരാജ്യം പ്രസംഗിക്കുകയും ഈശോമിശിഹാ കർത്താവിനെ സംബന്ധിക്കുന്ന കാര്യങ്ങൾ ഏററവും ധൈര്യത്തോടും ആരുടേയും തടസ്സം കൂടാതെയും പഠിപ്പിക്കുകയുംചെയ്തു." ഇത്രയുംമാത്രം എഴുതിക്കൊണ്ടു ഗ്രന്ഥം പെട്ടെന്നു് ഉപസംഹരിച്ചിരിക്കുകയാണു്. ആകസ്മികമായ ഈ ഉപസംഹാരം ന്യായമായ പല അനുമാനങ്ങൾക്കും നിദാനമായിരിക്കുന്നുണ്ടു്.

## മോചനത്തെപ്പററിയുള്ള മൗനം

1) ശ്ലീഹായുടെ റോമയിലെ ഈ കാരാഗൃഹവാസത്തിന്റെ പര്യവസാനത്തെപ്പററി ഗ്രന്ഥത്തിൽ ഒന്നും പറഞ്ഞുകാണാത്തതെന്തുകൊണ്ടു്? അതിന്റെ പര്യവസാനമെന്തായിരുന്നുവെന്നു് മററു ചരിത്രരേഖകളിൽനിന്നു നമുക്കറിയാം. ശ്ലീഹായെ റോമൻ കോടതിയിൽ മുറപ്രകാരം വിസ്തരിക്കുകയും, കുററക്കാരനല്ലെന്നു തെളിഞ്ഞതിനാൽ മോചിപ്പിക്കുകയുംചെയ്തു. അനന്തരം ശ്ലീഹാ വീണ്ടും മിഷനറിയാത്ര നടത്തി ക്രിസ്തുവിനെ പ്രസംഗിച്ചു. അപ്പോഴേക്കും റോമാചക്രവർത്തിയായ നീറോ ക്രിസ്തുമതത്തിനെതിരായി റോമാപട്ടണത്തിലും റോമൻ പ്രവിശ്യകളിലും പീഡനം തുടങ്ങി. ശ്ലീഹാ വീണ്ടും അറസ്റ്റുചെയ്യപ്പെടുകയും, റോമയിൽകൊണ്ടുവന്നു കാരാഗൃഹത്തിലടയ്ക്കപ്പെടുകയും, വിസ്തരിക്കപ്പെട്ടശേഷം വധിക്കപ്പെടുകയും ചെയ്തു. ഈ സംഭവങ്ങൾ ഒന്നിനെപ്പററിയും യാതൊരു സൂചനപോലും നല്കാതെ നടപടിഗ്രന്ഥം പൊട്ടുന്നനവേ ഉപസംഹരിച്ചിരിക്കുന്നതിൽനിന്നു ന്യായമായ എന്തനുമാനമാണു് നാമെടുക്കേണ്ടതു? ഈ സംഭവങ്ങൾ നടക്കുന്നതിനുമുമ്പു് നടപടിഗ്രന്ഥം രചിച്ചുകഴിഞ്ഞിരുന്നു എന്ന അനുമാനം മാത്രമേ എടുക്കുവാൻ ന്യായമുള്ളു. എന്തുകൊണ്ടെന്നാൽ നടപടിഗ്രന്ഥകർത്താവായ വിശുദ്ധ ലൂക്കാ, ശ്ലീഹായുടെ ഏററം പ്രിയപ്പെട്ട സഹപ്രവർത്തകനും വിട്ടുപിരിയുവാൻ പാടില്ലാത്തവണ്ണം ശ്ലീഹായോടു് അത്ര ഗാഢമായി ബന്ധിക്കപ്പെട്ടവനുമായിരുന്ന ഈ ഗ്രന്ഥകാരൻ, ശ്ലീഹായെപ്പററിയുള്ള പ്രസ്തുതവിവരങ്ങളൊന്നും അറിഞ്ഞില്ലെന്നു വിചാരിക്കുക സാദ്ധ്യമാണോ? അറിഞ്ഞെങ്കിൽ പിന്നെ എന്തുകൊണ്ടു് ഗ്രന്ഥം അവയെക്കുറിച്ചു പരിപൂർണ്ണമായ മൗനം അവലംബിച്ചിരിക്കുന്നു? പൗലോസു് ശ്ലീഹായും പത്രോസു് ശ്ലീഹായും റോമയിൽവച്ചു് ഏ. ഡി. 67-ൽ വേദസാക്ഷിമരണം വരിച്ചുവെന്നു ചരിത്രം സാക്ഷിച്ചിരിക്കുന്നു. ഈ രണ്ടു ശ്ലീഹന്മാരുടേയും നടപടികളെയാണു ഗ്രന്ഥത്തിൽ പ്രധാനമായി വിവരിച്ചിരിക്കുന്നതു്. തന്മൂലം അവരിരുവരുടേയും വേദസാക്ഷിത്വത്തെക്കുറിച്ചുള്ള വിവരങ്ങൾ രേഖപ്പെടുത്തിക്കൊണ്ടു ഗ്രന്ഥം ഉപസംഹരിക്കുന്നതു് എത്ര സമുചിതമായിരുന്നേനെ! എന്നിട്ടും അങ്ങനെ ചെയ്തില്ലെങ്കിൽ അതിനുകാരണം അവ സംഭവിക്കുന്നതിനുമുമ്പു ഗ്രന്ഥം രചിച്ചുകഴിഞ്ഞതായിരിക്കണം.

മാത്രമല്ല, പൗലോസു് ശ്ലീഹായുടെ ആദ്യത്തെ റോമൻ കാരാഗൃഹവാസത്തിനിടയ്ക്കുതന്നെ ഗ്രന്ഥം രചിച്ചതിക്കാൻ കൂടുതൽ സൗകര്യവും ആവശ്യവുമായിരുന്നു. അക്കാലത്തു വിശുദ്ധ ലൂക്കാ, ശ്ലീഹായോടുകൂടി റോമയിൽ സ്വസ്ഥനായി പാർക്കുകയാണു്. പ്രസ്താവയോഗ്യമായ യാതൊരു സംഭവവും അന്നവിടെ നടക്കുന്നില്ല. കൂലിക്കുവാങ്ങിയ ഒരു വസതിയിൽ ഒരു പട്ടാളക്കാരന്റെ കാവലോടുകൂടി ശ്ലീഹാ തന്റെ വിസ്താരദിവസവും പ്രതീക്ഷിച്ചുകൊണ്ടു പാർത്തുവരുന്നു. ഇങ്ങനെ സമാധാനവും വിശ്രമവും ലഭിച്ചിരുന്ന ഈ കാലഘട്ടം ലൂക്കായ്ക്കു ഗ്രന്ഥരചന നിർവ്വഹിക്കുവാൻ ഏററവും സൗകര്യപ്രദമാണല്ലോ. ഗ്രന്ഥരചന പൗലോസു് ശ്ലീഹായുടെ വിസ്താരം തുടങ്ങുന്നതിനുമുമ്പു കഴിഞ്ഞിരിക്കുകയും വേണം. വിസ്താരത്തിന്റെ പര്യവസാനമെന്തായിരിക്കുമെന്നു് ആർക്കറിയാം? ശ്ലീഹായുടെ മാത്രമല്ല, അനുചരനായ തന്റെയും ഭാവിഗതി മരണമാണെന്നുവന്നേക്കാം. അതിനാൽ അതിനുമുമ്പു് ഗ്രന്ഥമെഴുതിയവസാനിപ്പിച്ചു തന്റെ പ്രിയമിത്രമായ തെയോഫിലൂസിനു് അയച്ചുകൊടുക്കാൻ ബദ്ധപ്പെടേണ്ടതാവശ്യമാണെന്നു് ലൂക്കാ നിശ്ചയിച്ചിരിക്കണം.

ഈ അനുമാനത്തെ ഗ്രന്ഥത്തിന്റെ അവസാനാദ്ധ്യായങ്ങളിൽ കാണുന്ന ഒരു പ്രത്യേകത സ്ഥിരീകരിക്കുന്നുമുണ്ടു്. 20 മുതൽ 28 വരെ അദ്ധ്യായങ്ങളിൽ വിവരിച്ചിരിക്കുന്ന സംഭവങ്ങൾക്കു ഗ്രന്ഥത്തിൽ വളരെ പ്രാധാന്യം കൊടുത്തുകാണുന്നു. ഈ സംഭവങ്ങൾ ശ്ലീഹായുടെ ആദ്യത്തെ റോമൻ കാരാഗൃഹവാസത്തിനു് അടുത്തു മുമ്പു നടന്നതും അതിലേക്കു് ആനയിക്കുന്നതുമാണല്ലോ. അവ ഓരോന്നും വളരെ വിശദമായും, അശേഷം ഇടമുറിയാതെയുമാണു വിവരിച്ചിരിക്കുന്നതു്. ജറുശലേമിൽവച്ചു ശ്ലീഹായെ അറസ്റ്റുചെയ്തു് അവിടത്തെ റോമൻ അധികാരിയായ ലിസിയാസു് (Lysias) ചെസറിയായിലെ ഗവർണ്ണരായ ഫെലിക്സിന്റെ (Felix) പക്കൽ അയക്കുന്നതും, ഫെലിക്സു് മാറിപ്പോയശേഷം അനുഗാമിയായിവന്ന ഫെസ്റ്റുസിന്റെ (Festus) മുമ്പിൽ ശ്ലീഹായെ ഹാജരാക്കുന്നതും, ഫെസ്റ്റുസു് തന്നെ സന്ദർശിക്കുവാൻ വന്ന യഹൂദനാടുവാഴിയായ അഗ്രിപ്പായുടെ (Agrippa) മുമ്പിൽ ശ്ലീഹായെ അയക്കുന്നതും, ഒടുവിൽ ചക്രവർത്തിയുടെ കച്ചേരിയിൽ റോമാപൗരനെന്നനിലയിൽ തനിക്കു് അപ്പീലുണ്ടെന്നു വാദിക്കുകയാൽ ശ്ലീഹായെ റോമയിലേക്കയക്കുന്നതും—ശ്ലീഹാ ബന്ധനസ്ഥനായതു മുതൽക്കുള്ള ഈ സംഭവങ്ങളെല്ലാം പ്രസ്തുതാദ്ധ്യായങ്ങളിൽ പടിപടിയായി ശ്രദ്ധാപൂർവ്വം വിവരിച്ചിരിക്കുന്നു. അതെല്ലാം വായിക്കുന്നവരിൽ ജിജ്ഞാസയെ ഉപര്യുപരി വളർത്തിയശേഷം അതു മൂർദ്ധന്യത്തിലെത്തുമ്പോൾ, ചക്രവർത്തിയുടെ കച്ചേരിയിലെ വിസ്താരവും വിധിത്തീർപ്പും എന്തെന്നറിയാൻ വായനക്കാരൻ അക്ഷമതയോടെ പാർത്തിരിക്കുമ്പോൾ, അതിനെപ്പററി ഒരക്ഷരംപോലും ശബ്ദിക്കാതെ പൊട്ടുന്നനവേ ഗ്രന്ഥം ഉപസംഹരിച്ചു വായനക്കാരെ അത്യന്തം ഇച്ഛാഭംഗപ്പെടുത്തുന്നതു ഗ്രന്ഥകാരന്റെ പേരിൽ അക്ഷന്തവ്യമായ അപരാധമായിരിക്കുകയില്ലേ? വിസ്താരത്തേയും വിധിത്തീർപ്പിനേയും കുറിച്ചു ഗ്രന്ഥരചനയ്ക്കിടയിൽ എന്തെങ്കിലും തനിക്കറിവുണ്ടെങ്കിൽ ഗ്രന്ഥകാരൻ അതു സൂചിപ്പിക്കുകയെങ്കിലും ചെയ്യാതിരിക്കുമോ? ഇതിനുള്ള ഏകസമാധാനം മുകളിൽപ്പറഞ്ഞതല്ലാതെ മറെറാന്നുമാകാൻ നിവൃത്തിയില്ല. വിസ്താരത്തിനും വിധിത്തീർപ്പിനുംമുമ്പാണു് ഗ്രന്ഥമെഴുതിത്തീർത്തതു്; അതുകൊണ്ടാണു് അവയെപ്പററി ഗ്രന്ഥത്തിലൊന്നും കാണാത്തതു്.

## വിവരണത്തിന്റെ പ്രത്യേകതകൾ

2) ഗ്രന്ഥരചനയുടെ പ്രസ്തുത തീയതിക്കു ഗ്രന്ഥത്തിലെ വിവരണങ്ങളുടെ സ്വഭാവവും സാക്ഷ്യം വഹിക്കുന്നുണ്ടു്. ഒന്നാമതായി, റോമയിലേക്കുള്ള കപ്പൽയാത്രയും അതിനിടയ്ക്കുണ്ടായ കപ്പൽനാശവും ചില്ലറയായ സംഭവങ്ങൾപോലും വിടാതെ ഏററവും വിശദമായി വിവരിച്ചിരിക്കുന്നതിൽനിന്നു്, ആ യാത്ര കഴിഞ്ഞയുടനെ, റോമയിൽവച്ചുതന്നെ, ഗ്രന്ഥമെഴുതിയെന്നു് അനുമിക്കേണ്ടിയിരിക്കുന്നു. രണ്ടാമതായി, റോമൻ ഉദ്യോഗസ്ഥന്മാരേയും വിധിയാളന്മാരേയും നീതിയോടും ദാക്ഷിണ്യത്തോടും പെരുമാറുന്നവരായിട്ടാണു ഗ്രന്ഥത്തിൽ എവിടെയും ചിത്രീകരിച്ചിരിക്കുന്നതു്. പൗലോസു് ശ്ലീഹാ ചക്രവർത്തിയുടെ കച്ചേരിയിലേക്കു ചെയ്ത അപ്പീൽ ശ്ലീഹായ്ക്കു് അനുകൂലമായ വിധിത്തീർപ്പിൽ അവസാനിച്ചേക്കുമെന്നുള്ള സുപ്രതീക്ഷ ഗ്രന്ഥത്തിൽ ധ്വനിച്ചുകാണുന്നുണ്ടു്. റോമൻ അധികാരത്തോടുള്ള ഗ്രന്ഥകാരന്റെ മനോഭാവത്തിൽ കൈപ്പിന്റേയൊ നീരസത്തിന്റെയൊ കണികപോലുമുള്ളതായി ഗ്രന്ഥത്തിലെങ്ങും കാണുന്നില്ല. എന്നാൽ ഈ ഹൃദ്യമനോഭാവം ഏ. ഡി. 64-നുശേഷമാണെങ്കിൽ ഗ്രന്ഥത്തിൽ കാണുക അസാദ്ധ്യമായിരിക്കും. ആ തീയതിമുതൽ നീറോചക്രവർത്തി ക്രിസ്ത്യാനികൾക്കെതിരായി പീഡനമാരംഭിച്ചു. അന്നുമുതൽ ക്രിസ്ത്യാനികൾ റോമാ അധികാരത്തെ ഏററവും വലിയ വെറുപ്പോടും അവജ്ഞയോടുംകൂടിയാണു് വീക്ഷിച്ചുപോന്നതു്. വെളിപാടുഗ്രന്ഥം 17-ാം അദ്ധ്യായം 6-ാം വാക്യത്തിൽ പറഞ്ഞിരിക്കുന്നതു നോക്കുക:—"ക്രിസ്തീയവേദസാക്ഷികളുടെ രക്തംകുടിച്ചു് ഉന്മത്തയായവൾ" എന്നാണു് അതിൽ റോമയെ വിളിക്കുന്നതു്. ഒരുദാഹരണം പറയാം. 1941-ൽ ജപ്പാൻകാർ ഏററവും വലിയ ചതിപ്രയോഗത്താൽ അമേരിക്കായുടെ പസഫിക്കിലുള്ള ഏററവും വലിയ നാവികസങ്കേതമായ "പേൾഹാർബർ" ബോംബുചെയ്തു മഹാനാശങ്ങൾ വരുത്തിയല്ലോ. ആ സ്ഥലത്തു താമസിക്കുന്ന ഒരു അമേരിക്കാക്കാരൻ പേൾഹാർബറിന്റെ 1939-വരെയുള്ള ചരിത്രമെഴുതി അവസാനിപ്പിച്ചുവെന്നു വിചാരിക്കുക. എന്നാൽ ഹാർബറിനു നേരിട്ട മഹാനാശത്തെപ്പററി ഗ്രന്ഥത്തിൽ ഒരു സൂചനപോലും നല്കുകയോ, നാശത്തിനു കാരണക്കാരായ ചതിയന്മാരെക്കുറിച്ചു് അതിൽ ലേശമെങ്കിലും നീരസം പ്രദർശിപ്പിക്കുകയോ ചെയ്തിട്ടില്ലെന്നും വിചാരിക്കുക. ഇതിൽനിന്നെടുക്കേണ്ട ന്യായമായ അനുമാനമെന്തായിരിക്കും? ഗ്രന്ഥമെഴുതിത്തീർത്തതു പേൾഹാർബറിന്റെ നാശത്തിനു മുമ്പാണെന്നുതന്നെ. ഇതേന്യായമാണു് പ്രകൃതത്തിലും വിനിയോഗിക്കേണ്ടതു്. നടപടിഗ്രന്ഥത്തിൽ നീറോയുടെ ഭരണകാലത്തുണ്ടായ വേദഞെരുക്കത്തെക്കുറിച്ചു് എന്തെങ്കിലുമൊരു സൂചനയോ, ഞെരുക്കം നടത്തിയവരെപ്പററി ലേശമെങ്കിലും നീരസമോ അടങ്ങിക്കാണുന്നില്ലാത്തതുകൊണ്ടു് ഗ്രന്ഥമെഴുതിത്തീർത്തതു് ആ വേദഞെരുക്കത്തിനു് അതായതു ഏ. ഡി. 64-നു മുമ്പാണെന്നു് അവശ്യം അനുമിക്കേണ്ടിയിരിക്കുന്നു.

മൂന്നാമതായി, ജറുശലേം പട്ടണത്തെക്കുറിച്ചുള്ള ഗ്രന്ഥത്തിലെ പ്രസ്താവങ്ങളുടെ സ്വഭാവവും ഇതേ അനുമാനത്തിനു നിദാനമായിരിക്കുന്നുണ്ടു്. റോമാസൈന്യം ഏ. ഡി. 70-ൽ ജറുശലേമിനെ സമൂലം നശിപ്പിച്ചുകളഞ്ഞുവെന്നു ചരിത്രം സാക്ഷിച്ചിരിക്കുന്നു. എന്നാൽ ആ ഭയങ്കരസംഭവത്തിന്റെ യാതൊരു സൂചനപോലും ഗ്രന്ഥത്തിൽ കാണുന്നില്ല. നേരെമറിച്ചു്, ആ സംഭവം ഗ്രന്ഥമെഴുതിയകാലത്തു നടന്നിട്ടില്ലാത്തപോലെയാണു ജറുശലേമിലെ കാര്യങ്ങൾ അതിൽ പ്രസ്താവിച്ചിരിക്കുന്നതു്. യഹൂദക്രിസ്ത്യാനികളും പുറജാതിക്രിസ്ത്യാനികളും തമ്മിൽ യഹൂദനിയമാനുഷ്ഠാനത്തിന്റെ ആവശ്യകതയെക്കുറിച്ചുണ്ടായ ഉഗ്രമായ തർക്കവാദങ്ങളെ ഗ്രന്ഥത്തിൽ വിസ്തരിച്ചു പ്രതിപാദിച്ചിട്ടുണ്ടു്. യഹൂദക്രിസ്ത്യാനികളുടെ വാദത്തിന്റെ കേന്ദ്രം ജറുശലേമാണെന്നു ഗ്രന്ഥത്തിൽ തെളിഞ്ഞുകാണുന്നുമുണ്ടു്. അവിടെയെല്ലാം ജറുശലേം പഴയപോലെ നില്ക്കുന്നുവെന്നാണു പ്രത്യക്ഷപ്പെടുന്നതു്. ജറുശലേമിന്റെ നാശത്തിനുശേഷമാണു് ഗ്രന്ഥമെഴുതിയതെങ്കിൽ അതിലെ ഈ വിവരണരീതി അനുചിതമായിരിക്കും. നടപടിഗ്രന്ഥത്തിന്റെ കർത്താവു് വിശുദ്ധ ലൂക്കാ ആയതുകൊണ്ടു് ഈ യുക്തിക്കു മൂർച്ച വളരെ കൂടുന്നുണ്ടു്. എന്തെന്നാൽ, അദ്ദേഹംതന്നെ, നടപടിഗ്രന്ഥത്തിനുമുമ്പു്, എഴുതിയതെന്നു സമ്മതിക്കപ്പെട്ടിരിക്കുന്ന മൂന്നാം സുവിശേഷത്തിൽ ജറുശലേമിന്റെ നാശത്തെക്കുറിച്ചുള്ള ക്രിസ്തുവിന്റെ പ്രവചനം രേഖപ്പെടുത്തിക്കാണുന്നു. "ഈശോ പട്ടണത്തെ നോക്കി കരഞ്ഞുകൊണ്ടു പറഞ്ഞു..............ശത്രുക്കൾ നിന്നെ എല്ലാ ഭാഗത്തുനിന്നും വളയും..........കല്ലിന്മേൽ കല്ലു് അവർ ശേഷിപ്പിക്കുകയില്ല" (ലൂക്കാ XIX-41-44). ഈ പ്രവചനം അക്ഷരംപ്രതി നിറവേറത്തക്കവണ്ണമാണു് ജറുശലേമിന്റെ നാശമുണ്ടായതു്. ആ സ്ഥിതിക്കു്, നാശത്തിനുശേഷമാണു് നടപടിഗ്രന്ഥം ലൂക്കാ എഴുതിയതെങ്കിൽ അതിനെപ്പററി അതിൽ സൂചിപ്പിക്കുകയെങ്കിലും ചെയ്യാൻ അദ്ദേഹത്തിനു എത്രയധികം ന്യായമുണ്ടു്? എന്നിട്ടും അങ്ങനെ ചെയ്തിട്ടില്ലെങ്കിൽ അതിനുള്ള ഏകകാരണം നാശത്തിനു മുമ്പു ഗ്രന്ഥമെഴുതിത്തീർത്തതാണെന്നു സ്പഷ്ടമല്ലയോ?

അവസാനമായി, വേറൊരു ന്യായവുംകൂടി പറയാനുണ്ടു്. പൗലോസു് ശ്ലീഹാ തന്റെ മൂന്നാമത്തെ മിഷനറിസഞ്ചാരം അവസാനിപ്പിച്ചു്, ജറുശലേമിലേക്കു പുറപ്പെടുവാനൊരുങ്ങി, എഫേസൂസിലെ തന്റെ പ്രിയപ്പെട്ട ക്രിസ്ത്യാനികളോടു യാത്രപറയുകയിൽ അവർ ഇനി തന്നെ കാണുകയില്ലെന്നു പ്രസ്താവിച്ചതായി നടപടിഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. "നിങ്ങളാരും ഇനിമേലിൽ എന്റെ മുഖം കാണുകയില്ലായെന്നു് എനിക്കറിയാം" (XX-25). ജറുശലേമിൽ ചെല്ലുമ്പോൾ ശത്രുക്കളായ യഹൂദന്മാർ തന്നെ പിടിപ്പിക്കുമെന്നു് അപ്പോൾ തനിക്കറിയാമായിരുന്നതുകൊണ്ടു് ശ്ലീഹാ ഇങ്ങനെ പറഞ്ഞതു് വളരെ സ്വാഭാവികമായിരിക്കുന്നു. എന്നാൽ അനേകവർഷം കഴിഞ്ഞു പ്രസ്തുത യാത്രപറയൽ വിവരിക്കുന്ന ഒരു ഗ്രന്ഥകർത്താവു ശ്ലീഹായുടെ ആ വാക്കുകൾ അതേപടി, ഒരു കുറിപ്പുംചേർക്കാതെ, രേഖപ്പെടുത്തുക സ്വാഭാവികമല്ല. കാരണം, ശ്ലീഹാ ആദ്യത്തെ കാരാഗൃഹവാസത്തിൽനിന്നു മോചിക്കപ്പെട്ടശേഷം നടത്തിയ മിഷനറിയാത്രയിൽ എഫേസൂസിലെ ക്രിസ്ത്യാനികളെ സന്ദർശിച്ചുവെന്നു ശ്ലീഹായുടെ തിമത്തേവൂസിനുള്ള ലേഖനത്തിൽനിന്നു കാണാം (2. തിമത്തേ. IV-20). ഈ മോചനവും മിഷനറിയാത്രയും ഹർണ്ണാക്കു് എന്ന പണ്ഡിതവിമർശകൻകൂടി സമ്മതിക്കുന്നതാണു്. തിമത്തേവൂസിനുള്ള രണ്ടാംലേഖനം ശ്ലീഹാ ഈ ഒടുവിലത്തെ മിഷനറിയാത്രയിൽ, നീറോ ചക്രവർത്തിയുടെ കാലത്തുണ്ടായ വേദഞെരുക്കത്തിനിടയിൽ, അറസ്റ്റുചെയ്യപ്പെട്ടു രണ്ടാംപ്രാവശ്യം റോമയിൽ കാരാഗൃഹവാസമനുഭവിക്കുമ്പോൾ എഴുതിയതാണെന്നു വിമർശകന്മാർ അഭിപ്രായപ്പെടുന്നു. പ്രസ്തുത മിഷനറിയാത്രയ്ക്കിടയിൽ, എഫേസൂസു് പട്ടണത്തിനടുത്തുള്ള മിലേത്തൂസു് എന്ന സ്ഥലത്തു ത്രോഫിമൂസ് എന്ന തന്റെ സഹകാരിയെ ആക്കിക്കൊണ്ടുപോന്നിരിക്കുന്നുവെന്ന സംഗതിയാണു ശ്ലീഹാ പ്രസ്തുതവാക്യത്തിൽ തിമത്തേവൂസിനെ അറിയിക്കുന്നതു്. ഇങ്ങനെ ശ്ലീഹാ എഫേസൂസിലെ ക്രിസ്ത്യാനികളെ യഥാർത്ഥത്തിൽ വീണ്ടും സന്ദർശിച്ചിരിക്കെ, അതെല്ലാം അറിവുണ്ടായിരിക്കുന്ന ഗ്രന്ഥകാരനായ ലൂക്കാ, ശ്ലീഹായുടെ മേലുദ്ധരിച്ച വാക്യത്തെ അതേപടി, ഒരു കുറിപ്പുകൂ

# പത്താംപീയൂസ് ധന്യപദത്തിലേക്കു്

ദിവ്യകാരുണ്യത്തിന്റെ പാപ്പാ എന്ന പ്രത്യേകപേരിൽ ലോകപ്രസിദ്ധനായ പത്താംപീയൂസ് തിരുമേനിയെ അടുത്ത ജൂൺ 3 ാംനു ധന്യൻ എന്നു് തിരുസഭ ഔദ്യോഗികമായി പ്രഖ്യാപനംചെയ്യുന്നതാണു്. പുണ്യശ്ലോകനായ ഈ മാർപ്പാപ്പായുടെ മാദ്ധ്യസ്ഥംമൂലം ലോകത്തിന്റെ നാനാഭാഗങ്ങളിൽ പലർക്കും അത്ഭുതകരമായ അനവധി അനുഗ്രഹങ്ങൾ ലഭിച്ചിട്ടുണ്ടു്. തങ്ങളുടെ ഈ ഉപകർത്താവിനു ധന്യപട്ടം നല്കണമെന്നു് അഭ്യർത്ഥിച്ചുകൊണ്ടു് കർദ്ദിനാളന്മാർ, മെത്രാന്മാർ, സന്യാസസഭാംഗങ്ങൾ, അവൈദികപ്രമുഖന്മാർ മുതലായി നിരവധിപേർ ധാരാളം കത്തുകൾ തിരുസഭയുടെ കേന്ദ്രമായ വത്തിക്കാനിലേക്കു് അയച്ചിട്ടുണ്ടു്. ഇവയെല്ലാംകൂടി നാനൂറുപേജുള്ള ഒരു ഗ്രന്ഥമാക്കി സൂക്ഷിച്ചിരിക്കയാണു്. ഈ മഹാത്മാവിനു ധന്യപട്ടം നല്കുന്നതിനുള്ള നടപടികളുടെ പുരോഗമനവേളയിൽ ഇരുനൂററി അഞ്ചു സാക്ഷികളെ വിസ്തരിച്ചിട്ടുണ്ടു്.

കർദ്ദിനാൾ ലവുരെന്തി റീത്തുകളുടെ തിരുസംഘത്തിന്റെ പ്രീഫെക്ടായിരുന്ന കാലത്തു് പത്താംപീയൂസിന്റെ പുണ്യപ്രകർഷത്തെപ്പററി പറഞ്ഞിട്ടുള്ളതു് ഇപ്രകാരമാണു്: "നിയമാനുസരണമല്ലാത്ത നടപടികൾ യാതൊന്നും കൂടാതെതന്നെ തിരുസഭയ്ക്കു് പത്താംപീയൂസിനെ ധന്യനെന്നു നാമകരണം ചെയ്യാമായിരുന്നു; അദ്ദേഹത്തിന്റെ പുണ്യാതിരേകത്തെപ്പററിയുള്ള കീർത്തി അത്ര വലുതും വിശ്വാസികൾക്കു് അദ്ദേഹത്തിന്റെ നേർക്കുള്ള വണക്കവും അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥത്തിലുള്ള വിശ്വാസവും അത്ര സാർവ്വത്രികവുമാണു്."

മഹാത്മാവായ ഈ പാപ്പായുടെ ധീരോചിതമായ പുണ്യങ്ങളെ പ്രകീർത്തിച്ചുകൊണ്ടു് റീത്തുകളുടെ തിരുസംഘം ഔദ്യോഗികമായി ഒരു ഡിക്രി പ്രസിദ്ധീകരിച്ചിട്ടുണ്ടു്. അദ്ദേഹത്തിന്റെ ജീവചരിത്രത്തിന്റെ ഒരു സമാഹാരമെന്നു പറയാവുന്ന ആ ഡിക്രി താഴെചേർക്കുന്നു:

* * *

"വിചിന്തനത്തെപ്പററി" (De Consideratione) എന്ന ഗ്രന്ഥത്തിൽ വിശുദ്ധ ബർണാർദു് വാഴ്ത്തപ്പെട്ട എവുജെനിയൂസ് മൂന്നാമനു് ഇങ്ങനെ എഴുതുന്നു: "വിചിന്തനത്തിന്റെ ഫലത്തെ പരിഗണിക്കുമ്പോൾ അങ്ങു ആദ്യമായി നാലുകാര്യങ്ങൾ ചിന്തിക്കേണ്ടതായിട്ടുണ്ടു്—അങ്ങയെപ്പററി, അങ്ങേക്കു കീഴുള്ളവയെപ്പററി, അങ്ങേക്കുചുററും ഉള്ളവയെപ്പററി, അങ്ങേക്കു മുകളിലുള്ളവയെപ്പററി". (രണ്ടാംപുസ്തകം).

വന്ദ്യനായ പത്താംപീയൂസ് വിശുദ്ധ ബർണാർദിന്റെ ഈ പ്രബോധനത്തെ പരിപൂർണ്ണമായി അനുഷ്ഠിച്ചിട്ടുണ്ടു്. ജനനംമുതൽ മരണംവരെ തന്റെമേൽതന്നെ അദ്ദേഹം നിരന്തരമായ ശ്രദ്ധ പതിച്ചിരുന്നു. അതുവഴി അദ്ദേഹം ഇന്ദ്രിയങ്ങളെ ബുദ്ധിക്കു കീഴ്പ്പെടുത്തുകയും വിശുദ്ധ ബർണാർദു്തന്നെ സൂചിപ്പിക്കുന്നതുപോലെ ഭൗതികവശത്തെ ആദ്ധ്യാത്മികംകൊണ്ടു തൃപ്തിപ്പെടുത്തുകയും ചെയ്തു. അങ്ങനെ ഭൗതികവസ്തുക്കളെ അദ്ദേഹം അവജ്ഞാപൂർവ്വം തിരസ്കരിച്ചു. തന്മൂലം അത്യുന്നതമായ സ്ഥാനത്തു് അധിഷ്ഠിതനായപ്പോൾപോലും അദ്ദേഹം അത്യന്തം വിനയസ്വഭാവനായിരുന്നു. ആ സ്ഥാനം തനിക്കു നല്കപ്പെട്ടതു് പിഴകളകുന്നതിനും നശിപ്പിക്കുന്നതിനും ചിതറിക്കുന്നതിനും പടാതെ, രേഖപ്പെടുത്തിയതിൽനിന്നു് അവശ്യം അനുമാനിക്കേണ്ടതു ശ്ലീഹായുടെ മോചനത്തിനും അതിനെത്തുടർന്നുണ്ടായ മിഷനറിയാത്രയ്ക്കും മുമ്പാണു നടപടി ഗ്രന്ഥം എഴുതിത്തീർത്തതെന്നല്ലയോ?

ഇക്കാരണങ്ങളെ അടിസ്ഥാനപ്പെടുത്തിയാണു് നടപടിഗ്രന്ഥമെഴുതിയതു് പൗലോസ്ശ്ലീഹായുടെ ആദ്യത്തെ റോമയിലെ കാരാഗൃഹവാസത്തിനിടയ്ക്കു് —അതായതു് എ. ഡി. 62-നും 64-നും ഇടയ്ക്കാണെന്നു ഹർണ്ണാക്കുൾപ്പെടെയുള്ള പണ്ഡിതവിമർശകന്മാർ സമ്മതിക്കുന്നതു്.

ണിയുന്നതിനും നടുന്നതിനും വിശ്രമിക്കുന്നതിനും അദ്ധ്വാനിക്കുന്നതിനും വേണ്ടിയാണെന്നു് അദ്ദേഹം വിചാരിച്ചു. എളിമയിൽ ദൃഢശ്രദ്ധനായിരുന്ന അദ്ദേഹത്തിനു് മററു പുണ്യങ്ങളിൽ യാതൊരു പോരായ്മയും ഇല്ലായിരുന്നു. ദൈവത്തിന്റെയും മനുഷ്യരുടേയും സമന്മാരുടേയും കീഴുള്ളവരുടേയും നേർക്കുള്ള സ്നേഹം ഈ പുണ്യങ്ങളുടെയെല്ലാം രാജ്ഞിയായി പരിലസിച്ചു.

ഈ പാപ്പായുടെ പുണ്യങ്ങളെപ്പററി പ്രസ്താവിക്കുന്നതിനുമുമ്പായി അദ്ദേഹത്തിന്റെ ജീവിതഗതിയെപ്പററി അല്പം പറയേണ്ടതു് ആവശ്യമാണു്. 1835 ജൂൺ 2 ാംനു ജി. ബെററിസ്സാസാർത്തോ, മർഗരീത്താ സാൻസോൺ എന്നിവരിൽനിന്നും അദ്ദേഹം ട്രെവിസോരൂപതയിൽ റിയേസ് എന്ന സ്ഥലത്തു് ഭൂജാതനായി; പത്തുവയസ്സിൽ മുമ്പിലത്തെ ഒപ്പുരുമായും പന്ത്രണ്ടുവയസ്സിൽ പ്രഥമ ദിവ്യകാരുണ്യവും സ്വീകരിച്ചു. വെനീസിലെ പാത്രിയർക്കിസിന്റെ താല്പര്യംമൂലം അദ്ദേഹം പാദുവാ സെമിനാരിയിൽ സ്വീകരിക്കപ്പെടുകയും അവിടെവച്ചു് വൈദികനായി അഭിഷിക്തനാവുകയുംചെയ്തു. അനന്തരം സ്വന്തം രൂപതയിൽ വിവിധ ഉദ്യോഗങ്ങൾ വഹിക്കുകയും അവിടെ മെത്രാനില്ലാതിരുന്ന ഘട്ടത്തിൽ വികർ കാപ്പിററുലർ ആയി ഭരണം നടത്തുകയുംചെയ്തു.


FIXED DEPOSITS

2 years 4½%

6 months & above 4%

The Bank of Cochin Ltd.

ERNAKULAM

*Branches:*

CHALAKUDY, TRICHUR,

MATTANCHERY,

WILLINGDON ISLAND


### അതിവേഗത്തിലുള്ള സ്ഥാനക്കയററം

1884-ൽ ലേയോ പതിമൂന്നാമൻ അദ്ദേഹത്തെ മാൻട്ടുവായുടെ മെത്രാനായി നിയമിച്ചു. ഒൻപതുകൊല്ലത്തിനുശേഷം അദ്ദേഹം കർദ്ദിനാളായി ഉയർത്തപ്പെടുകയും വെനീസിലെ പാത്രിയർക്കീസായി നിയമിതനാവുകയുംചെയ്തു. മാർപ്പാപ്പായുടെ മരണശേഷം 1903 ആഗസ്റ്റ് 4-ാംനു അദ്ദേഹം മാർപ്പാപ്പാ ആയി തിരഞ്ഞെടുക്കപ്പെട്ടു. ഈ ഭാരത്തിൽനിന്നും തന്നെ വിമുക്തനാക്കുന്നതിനു് അദ്ദേഹം ദൈവത്തോടു തീവ്രമായി പ്രാർത്ഥിച്ചിരുന്നതാണു്.

ഈ ഉന്നതമായ സ്ഥാനത്തേക്കു് ഉയർത്തപ്പെട്ട ഉടനെ ക്രിസ്തുവിൽ എല്ലാം പുനരുദ്ധരിക്കുക, അതായതു് എല്ലാവരിലും എല്ലായിടത്തും ക്രിസ്തു ജീവിക്കുന്നതിനു് ഇടയാക്കുക, എന്നുള്ള തന്റെ ജീവിതലക്ഷ്യത്തെ പ്രാവർത്തികമാക്കുവാൻ അദ്ദേഹം ശ്രമിച്ചു. അങ്ങനെ ദൈവം മാത്രവും അവിടുത്തെ മഹത്വവും കത്തോലിക്കാവിശ്വാസത്തിന്റെ പൂർണ്ണതയും കത്തോലിക്കാസഭയുടെ ശ്രേയസ്സും അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളുടേയും അത്ഭുതകരമായ ധൈര്യത്തിന്റേയും വിഷയമായിരുന്നു. കുട്ടികളുടേയും പ്രായംചെന്നവരുടേയും മതപഠനവിഷയത്തിൽ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചു; കുട്ടികൾ വളരെ ചെറുപ്പത്തിൽത്തന്നെ ദിവ്യകാരുണ്യസ്വീകരണം നടത്തുന്നതിനുവേണ്ട ഏർപ്പാടുകൾ ചെയ്തു; കാനൻനിയമം പുതുതായി ക്രോഡീകരിച്ചു മതപരമായ സംഗീതത്തെ ഗ്രിഗോറിയൻ രീതിയിൽ തിരിയെകൊണ്ടുവന്നു. ദൈവവും അവിടുത്തെ മഹത്വവും മാത്രമായിരുന്നു അദ്ദേഹത്തിന്റെ ഏകലക്ഷ്യം. ആകയാൽ സഭയുടെ അവകാശങ്ങൾക്കെതിരായി ഫ്രാൻസു നിർമ്മിച്ച സാംസ്കാരിക നിയമങ്ങളെ, സാമ്പത്തികമായ വലിയ നഷ്ടത്തെ വകവയ്ക്കാതെ, പരിശുദ്ധാരൂപി നല്കിയ ധൈര്യത്താൽ പ്രേരിതനായി, അദ്ദേഹം പരിത്യജിച്ചു. ഇതിനൊരു പ്രതിസമ്മാനമെന്നോണം അതേ രാജ്യത്തുതന്നെ വൈദികന്മാരുടെ ആവശ്യങ്ങൾക്കായി ഉദാരമായി സംഭാവന ചെയ്ത ധാരാളം ഗുണകാംക്ഷികളെ ദൈവം പ്രദാനംചെയ്തു. സകല പാഷണ്ഡതകളുടേയും സമാഹാരമായ നവ്യതാവാദത്തിനെതിരായി അദ്ദേഹം നടത്തിയ പോരാട്ടത്തിനിടയിൽ അതിൽ അന്തർഭവിച്ചിരിക്കുന്ന വിഷത്തേയും അതിന്റെ സൂക്ഷ്മവും വക്രവുമായ സ്വഭാവത്തേയും വൈദഗ്ദ്ധ്യപൂർവ്വം അദ്ദേഹം വ്യക്തമാക്കി വിനാശകരമായ ആ പാഷണ്ഡതയെ അദ്ദേഹം ശപിക്കുകയും കീഴടക്കുകയും ചെയ്തു. തൽഫലമായി സഭ അക്ഷതമായി പുരോഗമിച്ചു. അബദ്ധപ്രബോധനങ്ങളേയും ദുശ്ശാഠ്യങ്ങളേയും അദ്ദേഹം ധീരതയോടെ എതിരിട്ടുവെങ്കിലും അബദ്ധത്തിൽ പതിച്ചവരോടു് അദ്ദേഹം എപ്പോഴും പൈതൃകമായ സമ്മനോഭാവം പ്രകടിപ്പിച്ചിരുന്നു.

### ഗണ്യമായ പുരോഗതി

നവ്യതാവാദത്തെ അദ്ദേഹം കീഴടക്കിയെങ്കിലും സഭയുടെ നന്മയ്ക്കു് ഉപകരിക്കുന്ന നവീനപ്രസ്ഥാനങ്ങളെ അദ്ദേഹം പരിത്യജിച്ചില്ല. തന്മൂലം അദ്ദേഹം ബൈബിൾ ഇൻസ്റ്റിട്ട്യൂട്ട് സംഘടിപ്പിക്കുകയും പ്രാദേശിക സെമിനാരികൾ സ്ഥാപിക്കുകയും വൈദികരുടെ ശിക്ഷണരീതി കാലാനുസരണം പരിഷ്കരിക്കുകയു ചെയ്തു. ദൈവത്തിന്റേയും തന്നിൽ ശക്തിയായി പ്രവർത്തിച്ചിരുന്ന പ്രസാദവരത്തിന്റേയും പ്രേരണയ്ക്കു വിധേയനായി സ്വന്തം പരിപൂർണ്ണതയ്ക്കും സഭയുടെ വർദ്ധനവിനുംവേണ്ടി പലതും അദ്ദേഹം നിർവ്വഹിച്ചു. ഇരു ജീവിതകാലത്തും വിശിഷ്യ പാപ്പാസ്ഥാനത്തിലും അദ്ദേഹത്തിന്റെ പുണ്യപ്രശസ്തിയെ പ്രവൃദ്ധമാക്കി.

ഒന്നാംലോകമഹായുദ്ധത്തെ തടയുന്നതിനു് അദ്ദേഹം സർവ്വവിധേനയും പരിശ്രമിച്ചു. ആ യുദ്ധം പൊട്ടിപ്പുറപ്പെട്ടപ്പോൾ പ്രായാധിക്യത്തെക്കാൾ കൂടുതലായി വ്യസനാധിക്യത്താൽ പരിക്ഷതനാകയാൽ 1914 ആഗസ്റ്റ് 20 ാംനു അന്ത്യകൂദാശകൾ സ്വീകരിച്ചു് അദ്ദേഹം ചരമഗതിയെ പ്രാപിച്ചു.

ജീവിതകാലത്തുതന്നെ അദ്ദേഹത്തെ ആവരണംചെയ്തിരുന്ന സുകൃതസൗരഭ്യം അദ്ദേഹത്തിന്റെ മരണശേഷം ലോകമെങ്ങുമുള്ള കത്തോലിക്കരുടെ ഇടയിൽ മാത്രമല്ല അവിശ്വാസികളുടേയും സഭാവിരോധികളുടേയും ഇടയിലും പ്രസരിച്ചു. ഇക്കാരണത്താൽ കർദ്ദിനാൾ സംഘം തന്നെ അദ്ദേഹത്തെ പുണ്യവാനെന്നു പേരുവിളിക്കുന്ന കാര്യത്തിൽ ഉത്സുകമായി. നിരവധി മെത്രാന്മാരും വിദഗ്ദ്ധന്മാരും പ്രമുഖന്മാരുമായിരുന്ന പല ഉന്നതസ്ഥാനികളും ഈ പാപ്പായെ ധന്യനെന്നു പേരുവിളിക്കുന്നതിനുള്ള നടപടികൾ തുടങ്ങണമെന്നു് അഭ്യർത്ഥിച്ചുകൊണ്ടു് പരിശുദ്ധപിതാവിനു ലേഖനങ്ങൾ അയച്ചു അവ സന്തോഷകരമായ ഫലം പുറപ്പെടുവിക്കുകയും ചെയ്തു. റോം, വെനീസ്, മാൻട്ടുവാ, ട്രെവിസോ ഇവിടങ്ങളിലെ വൈദികകോടതികളെ അറിയിക്കുകയും നിയമപ്രകാരമുള്ള മററു കാര്യങ്ങൾ നിർവ്വഹിക്കുകയും ചെയ്തശേഷം 1943 ഫെബ്രുവരി 12-ാംനു അദ്ദേഹത്തെ ധന്യനെന്നുവിളിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. തുടർന്നുണ്ടായ അപ്പസ്തോലനടപടികൾക്കുശേഷം 1949 നവംബർ 29-ാംനു അദ്ദേഹത്തിന്റെ പുണ്യങ്ങളെപ്പററി പരിഗണിക്കുന്നതിനായി പൂർവ്വസജ്ജീകരണതിരുസംഘത്തിന്റെ (Antepreparatory Congregation) യോഗം ചേരുകയും അതിൽ കർദ്ദിനാൾ പെരണൈന്ത ആദ്ധ്യക്ഷം വഹിക്കുകയുംചെയ്തു.

### ചരിത്രിയഗവേഷണം

ഈ വിഷയത്തിന്റെ സ്വഭാവവും ആ ദൈവദാസൻ വഹിച്ചിരുന്ന അത്യുന്നതമായ അധികാരവും പരിഗണിക്കവെ ആദ്യത്തെ പര്യാലോചനയിൽത്തന്നെ ആവിർഭവിച്ച പല ദുർഘടപ്രശ്നങ്ങൾ ഈ വിഷയത്തിനു ദോഷകരമായി പരിണമിക്കുമെന്നുതോന്നി. ആകയാൽ യഥാർത്ഥവും പൂർണ്ണവും ആയ പ്രകാശം ലഭിക്കത്തക്കവിധം അന്വേഷണം നടത്തി രേഖകൾ തിരഞ്ഞെടുക്കുന്നതിനായി പ്രസ്തുത തിരുസംഘത്തിന്റെ ചരിത്രവിഭാഗത്തെ ഏല്പിച്ചു. ആ വിഭാഗം പ്രസ്തുതകൃത്യം അത്യുത്തമമായവിധം നിർവ്വഹിച്ചു. രേഖകൾ എല്ലാം ആ ദൈവദാസന്റെ വീരോചിതപുണ്യങ്ങളെ ഏകയോഗമായി പ്രഖ്യാപിച്ചു. അങ്ങനെ ഈ വിഷയത്തിന്റെ കൂടുതൽ വികസനത്തിനായുള്ളവഴി തുറക്കപ്പെട്ടു. കഴിഞ്ഞ ജൂലൈ 18-ാംനു സജ്ജീകരണതിരുസംഘത്തിന്റെ (Preparatory Congregation) യോഗംകൂടി.

അവസാനമായി ഇക്കൊല്ലം (1950) ആഗസ്റ്റ് 8-ാംനു പൊതുതിരുസംഘം കാസ്റ്റൽ ഗൊൺഡോൾഫോയിലെ അപ്പസ്തോലികസദനത്തിൽ പരിശുദ്ധപിതാവുപന്ത്രണ്ടാംപീയൂസ് തിരുമനസ്സിലെ സാന്നിദ്ധ്യത്തിൽ സമ്മേളിക്കുകയുണ്ടായി. അപ്പോൾ കർദ്ദിനാൾ പെരണൈന്ത അഥവാ ആഖ്യായകൻ (Relator) "വിശ്വാസം, ശരണം, ദൈവത്തിന്റേയും മനുഷ്യരുടേയും നേർക്കുള്ള സ്നേഹം എന്നി ദൈവികപുണ്യങ്ങളുടേയും വിവേകം, നീതി, മിതത്വം, ആത്മധൈര്യം എന്നി സന്മാർഗ്ഗപുണ്യങ്ങളുടേയും അവയോടു് അനുബദ്ധമായ മററു പുണ്യങ്ങളുടേയും അനുഷ്ഠാനം പ്രകൃതപ്രശ്നത്തെ സംബന്ധിച്ചിടത്തോളം വീരോചിതമായ രീതിയിൽ ആയിരുന്നോ" എന്ന സംശയത്തെപ്പററിയുള്ള വിവാദം ആരംഭിച്ചു.

പരിശുദ്ധപിതാവു് അതിവന്ദ്യ കർദ്ദിനാളന്മാരേയും ഔദ്യോഗിക വൈദികാദ്ധ്യക്ഷന്മാരേയും വൈദികോപദേഷ്ടാക്കളേയും ശ്രദ്ധാപൂർവ്വം ശ്രവിച്ചുവെങ്കിലും തന്റെ തീരുമാനം ദൈവഹിതത്തിനു് അനുയോജ്യമായിരിക്കുന്നതിനുവേണ്ടി ദൈവത്തിന്റെ സർവ്വോപരിഷ്ഠമായ പ്രകാശം ലഭിക്കുമാറു് അവിടുത്തോടു തീവ്രമായി പ്രാർത്ഥിച്ചശേഷം നൽകുന്നതിനായി ഇന്നുവരെ മാററിവച്ചു.

### അവസാനതീരുമാനം

അതിനാൽ കർദ്ദിനാൾ പൊണൈന്തിയേയും വിശ്വാസത്തിന്റെ പൊതുസംരക്ഷകനായ മോൺ. സൽവത്തോരെനെത്തുച്ചിയേയും കീഴെ ഒപ്പുവച്ചിരിക്കുന്ന സെക്രട്ടറിയേയും വരുത്തി, ഈ ഉദ്ദേശ്യപ്രകാരം ദിവ്യബലി അർപ്പിച്ചശേഷം പരിശുദ്ധപിതാവു് ഇങ്ങനെ പ്രഖ്യാപിച്ചു: "പ്രകൃതപ്രശ്നത്തെ സംബന്ധിച്ചിടത്തോളം ദൈവത്തിന്റെ വന്ദ്യ ദാസനായ പത്താംപീയൂസ് പാപ്പാ, വിശ്വാസം, ശരണം, ദൈവത്തിന്റേയും മനുഷ്യരുടേയും നേർക്കുള്ള സ്നേഹം എന്നി ദൈവികപുണ്യങ്ങളും വിവേകം, നീതി, മിതത്വം, ആത്മധൈര്യം എന്നി സന്മാർഗ്ഗികപുണ്യങ്ങളും ഇവയോടു് അനുബദ്ധമായ മററു പുണ്യങ്ങളും ധീരോചിതമായവിധം അനുഷ്ഠിച്ചുവെന്നു തെളിഞ്ഞിരിക്കുന്നു."

അവസാനമായി ഈ ഡിക്രി പ്രസിദ്ധംചെയ്യുന്നതിനും റീത്തുകളുടെ തിരുസംഘത്തിന്റെ ചെയ്തികളിൽ സൂക്ഷിക്കുന്നതിനും അദ്ദേഹം കല്പിച്ചു.

കാസ്റ്റൽ ഗൊൺഡോൾഫോയിൽവച്ചു് ജൂബിലിവർഷം 1950 സെപ്ററംബർ 3-ാം പെന്തക്കോസ്താ 14-ാം ഞായറാഴ്ച നൽകപ്പെട്ടതു്.

+ വെല്ലെത്രിയുടെ മെത്രാനും റീത്തുകളുടെ തിരുസംഘത്തിന്റെ പ്രീഫെക്ററുമായ സി. മൈക്കാററ.

+ സെക്രട്ടറിയും സെലെയൂസിന്റെ സ്ഥാനികമെത്രാനുമായ എ. കരിൻസി."

(എ. വി. ടി.)

---

## മാർഷൽ പെററയിൻ അന്തരിച്ചു

ജർമ്മൻ ആധിപത്യകാലത്തു് ഫ്രാൻസിലെ ഭരണാധികാരിയായിരുന്ന മാർഷൽ പെറെറയിൻ ജീവപര്യന്തം തടവുശിക്ഷയനുഭവിച്ചിരുന്ന കാരാഗൃഹത്തിൽവച്ചു് ഏപ്രിൽ 23-ാംനു നിര്യാതനായിരിക്കുന്നു. 24-ാംനു അദ്ദേഹത്തിന്റെ 95-ാം ജന്മദിനമായിരുന്നു.

## ബവാൻ രാജിവച്ചു

ബ്രിട്ടനിലെ തൊഴിൽവകുപ്പു മന്ത്രി മി. ആന്യൂറിൻ ബവാൻ തൽസ്ഥാനം രാജിവച്ചിരിക്കുന്നു. സൈനികച്ചെലവുകൾക്കു് പണംനീക്കിവയ്ക്കുവാൻവേണ്ടി ബഡ്ജററുരൂപവൽക്കരണത്തിൽറൈററായ മാർഗ്ഗങ്ങൾ സ്വീകരിച്ചുവെന്നു് അദ്ദേഹം ബ്രിട്ടീഷ് ഗവമ്മെൻറിനെ കുററപ്പെടുത്തിയിരിക്കുന്നു.

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ബി. എ ഡി , ഡി.

Vol. 24 ‖ ERNAKULAM, APRIL 25, 1951 ‖ No 34


# കമ്മ്യൂണിസത്തിനു പ്രതിവിധി വിൻസെൻറ്ഡിപോൾസംഘം

റഷ്യയിൽ വേരുറച്ചിട്ടുള്ളതും, ഇക്കഴിഞ്ഞ യുദ്ധത്തിനുശേഷം റഷ്യക്കധീനങ്ങളായ രാജ്യങ്ങളിൽ വേരുറപ്പിച്ചുവരുന്നതും, ലോകമാസകലം വ്യാപിച്ചു ലോകസമാധാനത്തിനും ലോകത്തിന്റെ സുസ്ഥിതിക്കും വലിയഭീഷണിയായിത്തീരുമോയെന്നു ഭയപ്പെടേണ്ടതുമായ കമ്മ്യൂണിസത്തിന്റെ സ്ഥാപകൻ കാൾ മാക്സു് എന്ന ജർമ്മൻ യഹൂദനാണല്ലോ. ഇദ്ദേഹം അന്നു നിലവിലിരുന്ന സോഷ്യലിസത്തെപ്പററി ആദ്യമായി കേട്ടതു് ഫ്രാൻസിൽനിന്നാണു്. 1842 വരെ തത്വശാസ്ത്രത്തിലും രാഷ്ട്രീയകാര്യങ്ങളിലുമാണു് ഇദ്ദേഹം തല്പരനായിരുന്നതു്. ഫ്രാൻസിലെ സോഷ്യലിസത്തെപ്പററി കേട്ടപ്പോൾ ആ പ്രസ്ഥാനത്തിന്റെ ഉത്ഭവസ്ഥാനത്തിൽനിന്നു് അതിനെപ്പററി പഠിക്കണമെന്നു കരുതി 1843-ൽ ഫ്രാൻസിന്റെ തലസ്ഥാനമായ പാരീസിൽ ചെന്നു പാർക്കുവാൻ അദ്ദേഹം നിശ്ചയിച്ചു. മാക്സിനു് അന്നു് 25 വയസ്സു പ്രായമുണ്ടായിരുന്നു. എന്നാൽ മാക്സിനെക്കാൾ 5 കൊല്ലംമുമ്പു ഭൂജാതനാകുകയും, മാർക്സിനെക്കാൾ 12 കൊല്ലംമുമ്പു് സാമുദായികപ്രശ്നങ്ങൾ പഠിക്കുവാൻ ബദ്ധശ്രദ്ധനായിരിക്കുകയും ചെയ്ത ഉത്തമനായ ഒരു കത്തോലിക്കായുവാവു് അന്നു പാരീസിൽ ഉണ്ടായിരുന്നു. ഫ്രെഡറിക് ഓസാനം ആയിരുന്നു അതു്.

## ഓസാനാം

ഓസാനാമിനു മാർക്സിനെപ്പോലെ സോഷ്യലിസ്റ്റുകാരോടു സമ്പർക്കത്തിലേർപ്പെടുവാൻ സ്വദേശംവിട്ടു പോകേണ്ടിയിരുന്നില്ല. ലയൺസ് എന്ന വ്യവസായപ്രധാനമായ പട്ടണത്തിലാണു് ഓസാനാം വളർന്നുവന്നതു്. തൊഴിലാളികളുടെ വിപ്ലവകരമായ ബഹളത്തിന്റെ ആരംഭമായി സോഷ്യലിസ്റ്റു് ചരിത്രകാരന്മാർ ഗണിച്ചുപോരുന്നതു് 1831-ൽ ലയൺസിലെ നെയ്ത്തുതൊഴിലാളികൾ നടത്തിയ അക്രമപരമായ എതിർപ്പാണു്. "വേലചെയ്തു ജീവിക്കുക, അല്ലെങ്കിൽ സമരംചെയ്തു മരിക്കുക" എന്ന മുദ്രാവാക്യം ആലേഖനംചെയ്തിട്ടുള്ള പതാകയും വഹിച്ചുകൊണ്ടു് അവർ പുറപ്പെട്ടു. അന്നു് ഓസാനാമിനു് 18 വയസ്സു പ്രായമുണ്ടായിരുന്നുള്ളു. എങ്കിലും ആ ചെറുപ്രായത്തിൽത്തന്നെ സോഷ്യലിസത്തെ പരാമർശിച്ചു് അദ്ദേഹം ഒരു പ്രബന്ധം പ്രസിദ്ധംചെയ്തതു് ആ വിഷയത്തിൽ വിദഗ്ദ്ധന്മാരായവരുടെ അഭിനന്ദനത്തിനു പാത്രീഭവിക്കുകയുണ്ടായി. ഓസാനാം ബാല്യംമുതൽക്കേ വേലക്കാരുടേയും പാവങ്ങളുടേയും ജീവിതസ്ഥിതി അടുത്ത സമ്പർക്കംമൂലം അറിഞ്ഞുപോന്നിരുന്നു. അദ്ദേഹത്തിന്റെ പിതാവു് ഏററവും പാവപ്പെട്ട പ്രദേശത്തു ഭിഷഗ്വരനായി ജോലിചെയ്തിരുന്നു. അനല്പമായ പരസ്നേഹത്താൽ പ്രേരിതനായി തന്റെ ചികിത്സാസേവനങ്ങൾ ആവശ്യമുള്ളവർക്കു് അവ ഉദാരമായി നല്കിയിരുന്നു. തന്റെ സേവനത്തിനു പ്രതിഫലം നല്കുവാൻ ആവശ്യക്കാരൻ ശക്തനാണോ എന്ന കാര്യം അദ്ദേഹം ഒരിക്കലും പരിഗണിച്ചിരുന്നില്ല. മാത്രമല്ല, കഷ്ടതയിൽ കഴിഞ്ഞുകൂടുന്ന രോഗികൾക്കു പണമായും മരുന്നായും സേവനമായും സഹായം നല്കുകയുംകൂടി ചെയ്തിരുന്നു. 20-ാമത്തെ വയസ്സിൽ ഓസാനാം പാരീസിൽ സർവ്വകലാശാലാ വിദ്യാർത്ഥിയായി താമസിച്ചിരുന്നു. അവിടേയും സോഷ്യലിസ്റ്റുകാരുമായി സമ്പർക്കത്തിലാണു് ഇരുന്നിരുന്നതു്. സൈമോണിയൻസു് എന്നറിയപ്പെട്ടിരുന്ന ആ സോഷ്യലിസ്റ്റുകാർ ക്രിസ്ത്യാനികളല്ലായിരുന്നു. എങ്കിലും തിരുസ്സഭ ഭൂതകാലത്തിൽ മനുഷ്യസമുദായത്തിനും നാഗരികതയ്ക്കും ചെയ്തുകൊണ്ടിരുന്ന സേവനങ്ങളെ അവർ പ്രശംസിച്ചിരുന്നു. എന്നാൽ ആ സേവനങ്ങളെല്ലാം പഴയ കഥകളാണെന്നും വർത്തമാനകാലത്തേക്കോ ഭാവികാലത്തേക്കോ അവ ബാധകമല്ലെന്നുമായിരുന്നു അവരുടെ ആക്ഷേപം. അവിശ്വാസികൾക്കെതിരായി തിരുസ്സഭയുടെ വിശ്വാസസാരങ്ങളെ പ്രസംഗങ്ങളാലും പ്രബന്ധങ്ങളാലും സ്തുത്യർഹമായി സംരക്ഷിച്ചുകൊണ്ടിരുന്ന പണ്ഡിതനായ ഓസാനാമിനേയും സഹകാരികളേയും കത്തോലിക്കരുടെ അന്നത്തെ സാമുദായികമായ അലസതയെ ചൂണ്ടിക്കാണിച്ചുകൊണ്ടു് അവർ ഇങ്ങനെ വെല്ലുവിളിച്ചു: "നിങ്ങളുടെ പ്രവൃത്തികൾ കാണട്ടെ." ഫ്രഞ്ചു മഹാവിപ്ലവം മൂലമുണ്ടായ ഭയങ്കരമായ പീഡാനുഭവങ്ങളിൽനിന്നു് ഒഴിവുകിട്ടി നേരെ ശ്വാസംവിടുവാൻ തുടങ്ങുകമാത്രം ചെയ്തിരുന്ന അന്നത്തെ ഫ്രാൻസിലെ തിരുസ്സഭയ്ക്കു സാമുദായികപ്രവർത്തനങ്ങളിൽ കാര്യക്ഷമമായി ഏർപ്പെടുവാൻ കഴിയാഞ്ഞതിൽ ആശ്ചര്യമില്ലല്ലോ. എങ്കിലും ഓസാനാമും സഹകാരികളും ഈ വെല്ലുവിളി സ്വീകരിക്കുകതന്നെ ചെയ്തു. ഓസാനാമിന്റെ നേതൃത്വത്തിൽ, 1833-ൽ വെല്ലുവിളിക്കു പ്രായോഗികമായ മറുപടിയായി, സെൻറു് വിൻസെൻറു് ഡി പോൾ സംഘം ഏർപ്പെടുത്തപ്പെട്ടു. "എന്തുചെയ്യാമെന്നാണു് നിങ്ങളുടെ പ്രതീക്ഷ" എന്നു് ഓസാനാമിന്റെ സ്നേഹിതനായ ഒരു സൈമോണിയൻ സോഷ്യലിസ്റ്റുകാരൻ രഹസ്യമായി ചോദിച്ചു: "നിങ്ങൾ ആകെക്കൂടി പാവപ്പെട്ട 8 ചെറുപ്പക്കാർ മാത്രമാണല്ലോ. പാരീസുപോലുള്ള ഒരു പട്ടണത്തിൽ നടമാടുന്ന ജീവിതദുരിതത്തിനു നിവാരണം വരുത്താമെന്നാണോ നിങ്ങൾ പ്രതീക്ഷിക്കുന്നതു്! നിങ്ങളുടെ സംഘത്തിൽ അസംഖ്യം അംഗങ്ങൾ ഉണ്ടായിരുന്നാൽത്തന്നെയും നിങ്ങളുടെ ദുരിതനിവാരണശ്രമം താരതമ്യേന നിസ്സാരമായിരിക്കും. നേരെമറിച്ചു് ഞങ്ങൾ നിർദ്ധാരണം ചെയ്തിട്ടുള്ളതും വികസിപ്പിച്ചുകൊണ്ടിരിക്കുന്നതുമായ പുതിയ പദ്ധതി ലോകത്തെ നവീകരിക്കുവാനും ജീവിതദുരിതങ്ങളെ അതിൽനിന്നു നിശ്ശേഷം ഉച്ചാടനംചെയ്യുവാനും പര്യാപ്തമാകുന്നു. ഒരു നിമിഷംകൊണ്ടു മനുഷ്യവർഗ്ഗത്തിനു ഞങ്ങൾക്കു ചെയ്യാവുന്ന ഗുണം പല നൂററാണ്ടുകൾകൊണ്ടു നിങ്ങൾക്കു ചെയ്യുവാൻ സാദ്ധ്യമല്ല." ആ സോഷ്യലിസ്റ്റുകാരുടെ ഈ വീരവാദങ്ങളും പദ്ധതികളും അപജയിക്കുകയാണുണ്ടായതു്. മാത്രമല്ല, അവരുടെ ഗണംതന്നെയും ക്ഷണേന ഭൂമുഖത്തുനിന്നു് അപ്രത്യക്ഷപ്പെടുകയുംചെയ്തു. നേരേമറിച്ചു് വിൻസെൻറു് ഡി പോൾ സംഘം ക്രമേണ ഫ്രാൻസു് മുഴുവൻ വ്യാപിച്ചു. അവിടെനിന്നു് അതിന്റെ വ്യാപ്തി ലോകമാസകലം എത്തുകയും ഇന്നോളം സജീവമായി അതു വളരുകയും പ്രവർത്തിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു.

## സാധുജനസംരക്ഷണം

"കമ്മ്യൂണിസ്റ്റു് മാനിഫെസ്റ്റോ" എന്നറിയപ്പെടുന്നതും, കമ്മ്യൂണിസ്റ്റുകാരുടെ ആദർശങ്ങളും പരിപാടികളും ഉൾക്കൊള്ളുന്നതുമായ പ്രഖ്യാപനം കാൾമാക്സും സഹകാരികളുംകൂടി നടത്തിയതു് 1848-ൽ ആണു്. ഈ സംഭവത്തിനു് ഏതാനുംമാസംമുമ്പു് ഓസാനാം ഇററലിയിൽ ഒരു പര്യടനം നടത്തുകയും അന്നു വാണിരുന്ന 9-ാംപീയൂസ് മാർപ്പാപ്പായെ മുഖം കാണിക്കുകയുമുണ്ടായി. മടങ്ങിവന്നശേഷം അദ്ദേഹം ചെയ്ത ഒരു പ്രസംഗത്തിന്റെ അവസാനവാക്കുകൾ "നമുക്കു ഗോത്തുകാരുടെ പക്ഷം ചേരാം! മാർപ്പാപ്പായെ അനുഗമിക്കാം" എന്നായിരുന്നു. ഈ വാക്കുകളെ അദ്ദേഹം വ്യാഖ്യാനിച്ചതിങ്ങനെയാണു്: "ഞാൻ ഈ പറയുന്നതിന്റെ അർത്ഥം മാർപ്പാപ്പാ (9-ാംപീയൂസ്) ചെയ്തതുപോലെ നാം ചെയ്യണമെന്നാണു്. ജനസാമാന്യത്തിന്റെ കാര്യത്തിൽ നാമും ഏർപ്പെടണമെന്നാണു്; അവർക്കുള്ള ആവശ്യങ്ങൾ വളരെയധികവും അവർക്കുള്ള അവകാശങ്ങൾ വളരെ കുറച്ചുമാകുന്നു. അവരുടെ ന്യായമായ മുറവിളികൾ പൊതുകാര്യങ്ങളിൽ പങ്കുലഭിക്കുന്നതിനും തൊഴിൽ ചെയ്തു ജീവിക്കാൻകഴിയുമെന്നു് ഉറപ്പുകിട്ടുന്നതിനും ദുരിതങ്ങൾക്കു നിവാരണം ഉണ്ടാകുന്നതിനുംവേണ്ടിയാണു്; അതിനായി അവർ വഴിപിഴച്ച നേതാക്കന്മാരെ അനുഗമിക്കുന്നുണ്ടെങ്കിൽ, അതിനു കാരണം നല്ല നേതാക്കന്മാർ അവരെ സഹായിക്കുവാൻ ഇല്ലെന്നുള്ളതാണു്." ഓസാനാം സെൻറു് വിൻസെൻറു് ഡി പോൾ സംഘം ആരംഭിച്ചതു്, കാൾമാക്സു് ഇളക്കിവിട്ടതും ലോകത്തിനു തീർച്ചയായും നാശകാരണമാകുമെന്നു കാണപ്പെട്ടതുമായ ദുഷ്പ്രവാഹത്തെ തടുക്കുവാനും, അതേസമയംതന്നെ കമ്മ്യൂണിസത്തെ ആവിർഭവിപ്പിച്ച പരിതസ്ഥിതികൾക്കു്— തൊഴിലാളികളുടേയും മററു പാവങ്ങളുടേയും അവശതകൾക്കും മററു ദുരിതങ്ങൾക്കും— നിവാരണം വരുത്തുവാനുമാണല്ലോ. തന്മൂലം ഇന്നും കമ്മ്യൂണിസത്തിനുള്ള ശരിയായ പ്രതിവിധി വിൻസെൻറു് ഡി പോൾ സംഘം തന്നെയാണു്.

## വിദ്വേഷത്തിനു പ്രതിവിധി സ്നേഹം

"കമ്മ്യൂണിസ്റ്റു് മാനിഫെസ്റ്റോ" എന്ന വിജ്ഞാപനത്തിൽ ആദ്യന്തം വ്യാപിച്ചിരിക്കുന്നതും സാർവ്വലൗകികവിപ്ലവത്തിനു പ്രേരകമായിരിക്കുന്നതും വർഗ്ഗവിദ്വേഷമാണു് — മുതലാളികളെയും തൊഴിലാളികളെയും രണ്ടു വിരുദ്ധവർഗ്ഗങ്ങളായി പിരിച്ചുനിർത്തിക്കൊണ്ടു് മുതലാളിവർഗ്ഗത്തിന്റെ നേരെ തൊഴിലാളിവർഗ്ഗത്തിൽ ഇളക്കിവിടുന്ന വിദ്വേഷമാണതു്. "അഖിലലോകതൊഴിലാളികളേ സംഘടിക്കുവിൻ; അപഹരണക്കാരോടു് അപഹരണം പ്രയോഗിക്കുവിൻ." വിജ്ഞാപനത്തിലെ ഈ അവസാനവാക്യം വർഗ്ഗവിദ്വേഷത്തിന്റെ തനിനിറം പ്രത്യക്ഷപ്പെടുത്തുന്നുണ്ടല്ലോ.

എന്നാൽ ഈ വെല്ലുവിളിക്കു് 9 വർഷം മുമ്പുതന്നെ, 1839-ൽ, ഓസാനാം ഇതിനു പ്രതിവിധിയെന്തെന്നു് കണ്ടുപിടിച്ചിരുന്നു. അദ്ദേഹത്തിന്റെ വാക്കുകളിൽതന്നെ അതു വിവരിക്കാം.

"കഷ്ടം! സമുദായത്തിൽ സ്ഥിതിചെയ്യുന്ന ഭിന്നിപ്പു് ദിനംപ്രതി കൂടുതൽ അഗാധവും വിസ്തൃതവുമായിത്തീരുന്നു. മനുഷ്യരെ തമ്മിൽ ഭിന്നിപ്പിക്കുന്നതു് രാഷ്ട്രീയങ്ങളായ അഭിപ്രായങ്ങളല്ല; അവരുടെ താല്പര്യങ്ങളാണു് അവരെ പിരിച്ചുനിർത്തുന്നതു്. ഒരിടത്തു ധനവാന്മാരുടെ പാളയം, മറെറാരിടത്തു് ദരിദ്രരുടെ പാളയം. ഈ ദുരവസ്ഥയ്ക്കു് ഒരേ ഒരു പരിഹാരമാർഗ്ഗമേ നമുക്കു ശേഷിച്ചിരിക്കുന്നുള്ളു. അതെന്തെന്നാൽ, ക്രിസ്ത്യാനികളായ നാം സ്നേഹത്തിന്റെ നാമത്തിൽ ഈ രണ്ടു പാളയങ്ങൾക്കും മദ്ധ്യേ പ്രവേശിക്കണം; ഉപകാരികളെന്നനിലയിൽ ഒരു പാളയത്തിൽനിന്നു് മററു പാളയത്തിലേക്കു ചെല്ലണം; ധനവാന്മാരിൽനിന്നു് ധാരാളം ധനസഹായവും, ദരിദ്രന്മാരിൽനിന്നു് സംതൃപ്തിയും ശേഖരിക്കണം; ദരിദ്രന്മാർക്കു് സഹായങ്ങളും, ധനവാന്മാർക്കു് കൃതജ്ഞതാപ്രകാശനങ്ങളും കൊണ്ടുപോയിക്കൊടുക്കണം; പരസ്പരം സഹോദരന്മാരായി ഗണിക്കുവാൻ ഇരുകൂട്ടരെയും പഠിപ്പിക്കണം; അങ്ങനെ പരസ്പരമുള്ള സ്നേഹം സകലർക്കും വിതരണം ചെയ്യണം. പ്രസ്തുത സ്നേഹം ഇരുകൂട്ടരുടെയും സ്വാർത്ഥത്തെ കീഴമർത്തുകയും കെടുത്തുകയും ചെയ്യുന്നതുവരെ, അവരുടെ പരസ്പരവിരോധഭാവം ദിവസംതോറും കുറയുന്നതുവരെ, ഇരുപാളയങ്ങളിലുമുള്ളവർ എഴുന്നേററു് അവരെ പരസ്പരം പിരിച്ചുനിർത്തുന്ന വിരോധമനോഭാവമാകുന്ന മതിലുകൾ തല്ലിത്തകർക്കുന്നതുവരെ, അവരുടെ കോപത്തിന്റെ ആയുധങ്ങൾ അവർ വലിച്ചെറിഞ്ഞു് ഒരുമിച്ചുകൂടി പരസ്പരം ആലിംഗനം ചെയ്യുന്നതുവരെ. അങ്ങനെ ഒരിടയന്റെ കീഴിൽ അവരെല്ലാവരും ഒരാട്ടിൻകൂട്ടമാകുന്നതുവരെ നാം ആ സ്നേഹം വിതരണം ചെയ്തുകൊണ്ടിരിക്കണം."

ഇതാണല്ലോ വിദ്വേഷാഗ്നിയെ കെടുത്തുവാൻ ഏററവും പര്യാപ്തമായ പ്രതിവിധി. ഈ ഔഷധമാണു് വിദ്വേഷരോഗത്തെ ശമിപ്പിക്കുവാൻ വിൻസെൻറു് ഡി പോൾ സംഘടന എന്നും എവിടെയും പ്രയോഗിച്ചുകൊണ്ടിരിക്കുന്നതു്. എന്നാൽ സ്നേഹത്തിന്റെ പിന്നിൽ നീതിയും ഉണ്ടായിരിക്കണമെന്നാണു് ഓസാനാം ഉദ്ബോധിപ്പിച്ചിട്ടുള്ളതു്. അതിനെപ്പററി അടുത്തലേഖനത്തിൽ.


## സത്യദീപം വരിസംഖ്യ

| | |
|---|---|
| പ്രതിവർഷം അഞ്ചൽ | ക. 6—0—0 |
| പ്രതിവർഷം തപാൽ | " 6—8—0 |
| ഇൻഡ്യക്കു പുറമെ | " 8—0—0 |
| ഒററപ്രതി | 0—2—0 |


## മേയ് മാസമായി!

(മൂജകിസിസെ.or പൊന്നുഷസ്സു് എ.മ.)

വാ!വാ!വാ!വാ! മാതൃഗീതമാലപിച്ചിടാം. (വാ

മേയ്മാസമായി—
മോദപൂർണ്ണചിത്തരായ്,
മേരിഭക്തരേവരും (വാ

കാളമേഘങ്ങളെല്ലാം കളഞ്ഞു,
വാനദേശം മനോജ്ഞം തെളിഞ്ഞു;
തിന്മകൈവിട്ടുടൻ,
ശുദ്ധഹൃത്താരോടേ,
മാതൃപാദാന്തികേ. (വാ

മധുരഗാനനിപുണരായ
ഭക്തകോകിലങ്ങളേ!
സർവ്വപക്ഷിജാലമൊത്തു
നിങ്ങളും സമംഗളം. (വാ

പൂക്കളെങ്ങും ചമഞ്ഞു നിരന്നു,
കാററിലാകെസ്സുഗന്ധം പരന്നു.
വന്നു പൂമ്പാററകൾ-
വൃന്ദമാനന്ദമായ്,
പാട്ടുപാടുന്നിതാ. (വാ

(വർക്കി വി. നടയ്ക്കൽ)

---

ബ്രിട്ടീഷ് കിരീടാവകാശിനി

## വത്തിക്കാനിൽ

ബ്രിട്ടീഷ് കിരീടാവകാശിനി എലിസബത്തു് രാജകുമാരിയും ഭർത്താവു് എഡിൻബറോ പ്രഭുവും മാർപ്പാപ്പാതിരുമേനിയെ സന്ദർശിച്ചു സംഭാഷണം നടത്തുകയുണ്ടായി. മാർപ്പാപ്പാതിരുമേനി അതിഥികളെ എഴുന്നേററുനിന്നാണു് അഭിവാദനം ചെയ്തതു്. "നാം സന്തുഷ്ടനായിരിക്കുന്നു" എന്ന വാക്കുകളോടുകൂടിയാണു് ഇരുകൈകളും നീട്ടി എലിസബത്തു് രാജകുമാരിയുടെ കരങ്ങൾ ഗ്രഹിച്ചു അവിടുന്നു സ്വീകരിച്ചതു്. അവിടുന്നു അതിഥികളുമായി ഇംഗ്ലീഷിൽ നടത്തിയ സംഭാഷണം 20മിനിററു ദീർഘിച്ചു. സംഭാഷണമദ്ധ്യേ അവിടുന്നു ബ്രിട്ടീഷ്‌രാജാവിന്റെ ക്ഷേമം അന്വേഷിക്കുകയുണ്ടായി. അതിഥികൾ അവരുടെ അരുമസന്താനങ്ങളായ ചാറത്സ് രാജകുമാരനെയും ആൻ രാജകുമാരിയെയുംപററി തിരുമേനിയോടു സംസാരിക്കുകയുണ്ടായി.

## നയതന്ത്രവിദഗ്ദ്ധൻ

പൗരോഹിത്യത്തിലേക്കു്

1933 മുതൽ 1936വരെ വത്തിക്കാനിലെ ബ്രിട്ടീഷ് പ്രതിനിധിസംഘം സെക്രട്ടറിയായിരുന്ന മി. ഹ്യൂഗ് എഡ്മണ്ടു് മോണ്ടുഗോമറി റോമിലെ സെൻ ജോൺ ലാററൻ ബസിലിക്കായിൽ വച്ചു് കാർഡിനൽ മിർക്കാററായുടെ കരങ്ങളിൽനിന്നും പുരോഹിതപട്ടം സ്വീകരിച്ചിരിക്കുന്നു. ഫാ. മോണ്ടുഗോമറിക്കിപ്പോൾ 55വയസ്സു പ്രായമുണ്ടു്. ഒന്നാം ലോകമഹായുദ്ധകാലത്തു് "മിലിററിക്രോസ്" സമ്പാദിച്ചിട്ടുള്ള ഇദ്ദേഹം ജർമ്മനി, ടർക്കി, സ്വീഡൻ, യുഗോസ്ലാവിയ മുതലായ രാജ്യങ്ങളിൽ നയതന്ത്രോദ്യോഗസ്ഥനായി സേവനമനുഷ്ഠിച്ചിട്ടുണ്ടു്. ഫീൽഡ് മാർഷൽ വിസ്കൗണ്ടു് മൗണ്ടു് ഗോമറിയുമായി ഇദ്ദേഹത്തിനു ബന്ധമുണ്ടെന്നുള്ളതും പ്രസ്താവ്യമത്രെ.

# "ആ അത്ഭുതമനുഷ്യൻ"

## ഫാദർ റിക്കാർഡോ ലംബാർഡി

(റവ. ഡാനിയേൽ അയ്യനേത്തു് എൽ. പി എച്ച്)

"അദ്ദേഹം ജീവിക്കുന്ന ഒരത്ഭുതമാണ്" എന്നിപ്രകാരമാണ് ഫാദർ റിക്കാർഡോ ലംബാർഡിയെപ്പററി പരിശുദ്ധപിതാവു് പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ ഒരിക്കൽ പ്രസ്താവിച്ചതു്. ഫാദർ ലംബാർഡിയേയും അദ്ദേഹത്തിന്റെ അത്ഭുതാവഹങ്ങളായ പ്രവർത്തനങ്ങളേയും നല്ലവണ്ണം അറിയുന്നതിനാലാണ് മാർപ്പാപ്പാ തിരുമേനി അപ്രകാരം അഭിപ്രായപ്പെട്ടതു്.

അതേ, ഫാദർ ലംബാർഡി ഇന്നു് ഭൂലോകപ്രസിദ്ധനാണ്. അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ കേൾക്കാൻ ദിവസേന തടിച്ചുകൂടുന്ന ആളുകൾക്കു് കയ്യും കണക്കുമില്ല. ഏതാനും വർഷങ്ങൾക്കുമുമ്പു് ഇററലിയിൽ മാത്രമേ അദ്ദേഹം പ്രസംഗിച്ചിരുന്നുള്ളു. എന്നാൽ അടുത്തകാലത്തു്, അമേരിക്കാ, ആസ്ട്രേലിയാ, ഫ്രാൻസ്, ബൽജിയം ഈ രാജ്യങ്ങളിൽ പല പ്രസംഗപരമ്പരകൾ നടത്തി പ്രസിദ്ധിനേടി. ഈ ഫാദർ ലംബാർഡിയാരാണു്? അദ്ദേഹം ലോകത്തിനു നൽകുന്ന സന്ദേശമെന്തു്? അദ്ദേഹത്തിന്റെ വിജയരഹസ്യമെന്തു്? ഇവ ചുരുക്കി പ്രസ്താവിക്കാം.

ഫാദർ ലംബാർഡി ഇററലിക്കാരനാണ്. അദ്ദേഹം ഒരു ഈശോസഭാ വൈദികനാണ്. നാല്പതിൽകവിഞ്ഞ പ്രായമേയുള്ളു. ഒരു മഹാ പണ്ഡിതനും വലിയ ചിന്തകനും വിശ്വവിഖ്യാതനായ പ്രസംഗകനുമാണ് ഫാദർ ലംബാർഡി. ലോകപ്രചാരമുള്ള "ചിവിൽത്താസ് കത്തോലിക്കാ" എന്ന് ഇററലിയൻ മാസികയുടെ ലേഖകൻ, പത്രാധിപർ എന്നീ നിലകളിൽ അദ്ദേഹം നേരത്തേതന്നെ പണ്ഡിതലോകത്തിന് പരിചിതനായിരുന്നു. കൂടാതെ, അദ്ദേഹം പല ഉപകാരപ്രദങ്ങളായ ഗ്രന്ഥങ്ങളുടെ കർത്താവുമാണ്. ഫാദർ ലംബാർഡി ഒരു നല്ലതികഞ്ഞ വാഗ്മിയെന്നു പറഞ്ഞുകൂടാ. എങ്കിലും അദ്ദേഹത്തിന്റെ പ്രസംഗം ലക്ഷക്കണക്കിനാളുകൾ വിലമതിക്കുന്നു. അതിന്റെ കാരണമെന്തു്? പരമാർത്ഥങ്ങൾ ആളുകളെ ഉള്ളുതുറക്കുവിധം പറഞ്ഞുഫലിപ്പിക്കാനദ്ദേഹത്തിനുള്ള സാമർത്ഥ്യം തന്നെ ഒന്നാമത്തെ കാരണം. ഇന്നു മനുഷ്യരെ ഉഴിച്ചുനോക്കുന്ന നിരവധി പ്രശ്നങ്ങൾ പൊക്കിക്കാണിച്ചു് അവയ്ക്കു പ്രതിവിധി നിർദ്ദേശിക്കുന്നു. ഇവയാണു് അദ്ദേഹത്തിന്റെ പ്രസംഗവിജയരഹസ്യം. "മനുഷ്യൻ ആലും ഭൗതികശാസ്ത്രങ്ങളിലും, രാഷ്ട്രീയകാര്യങ്ങളിലും ശ്രദ്ധയും ആശ്രയവുംവച്ചു എന്നാൽ അതു് പരാജയത്തിൽ കലാശിച്ചിരിക്കുന്നു. ഇനിയും ശേഷിച്ചിരിക്കുന്നതു് സ്രഷ്ടാവായ ദൈവത്തെ ആശ്രയിക്കുകയാണു്. കമ്മ്യൂണിസം ലോകത്തിനു് സമാധാനവും സമ്പത്തും നൽകാൻ പോകുന്നില്ല. കത്തോലിക്കാസഭയ്ക്കു മാത്രമേ അതിനു് കഴിവും കൈമുതലുമുള്ളു. സകല പ്രശ്നങ്ങൾക്കും പരിഹാരം തേടേണ്ടതു് ലോകരക്ഷകനായ ക്രിസ്തുവിൽക്കൂടിയും തന്റെ ദിവ്യോപദേശങ്ങളിൽക്കൂടിയുമാണു്;" ഫാദർ ലംബാർഡിയുടെ പ്രസംഗങ്ങളുടെ രത്നച്ചുരുക്കം ഏതാണ്ടിപ്രകാരംതന്നെ.

"സ്നേഹത്തിന്റെ കുരിശുയുദ്ധം" (Crusade of Charity) എന്ന പ്രവർത്തനം ഇന്നു് ഇററലിമുഴുവനും പ്രസിദ്ധമാണു്. അതിന്റെ അവതാരകനും ജീവനാഡിയും ഫാദർ ലംബാർഡിയാണു്. ആളുകളെ, പ്രത്യേകിച്ചു തൊഴിലാളികളെ കൂട്ടിയിണക്കി, അവരെ സ്നേഹതശാലികളാക്കാൻ ശ്രമിക്കുകയാണു് ഈ പ്രവർത്തനത്തിന്റെ ലക്ഷ്യം. പരസ്നേഹത്തിലും പരസേവനത്തിലും സമുദായാഭിവൃദ്ധി സാധിക്കുകയെന്ന ദിവ്യസന്ദേശമാണു് ഈ പ്രവർത്തനം നൽകുന്നതു്. ഇതിനുവേണ്ടി റേഡിയോ പ്രസംഗങ്ങൾ, സിനിമാപ്രദർശനങ്ങൾ, പ്രസംഗമഹായോഗങ്ങൾ മുതലായ പല വഴികളും ഫാദർ ലംബാർഡിയും കൂട്ടരും സ്വീകരിക്കുന്നുണ്ടു്. ഇററലിയിലെ പട്ടണങ്ങളിലും, ഗ്രാമങ്ങളിലും ചുററിനടന്നു് "സ്നേഹക്കുരിശുയുദ്ധം" ഫാദർ ലംബാർഡിയും സഹപ്രവർത്തകരും പ്രസംഗിച്ചു പ്രചരിപ്പിച്ചു. അനേക ലക്ഷങ്ങളെ വശീകരിച്ചു് തങ്ങളുടെ സന്ദേശം സ്വീകരിപ്പിക്കാൻ അവർക്കു സാധിച്ചു. ഇതു് അത്ഭുതകരങ്ങളായ ഫലങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തു. ചില ഉദാഹരണങ്ങളും ചൂണ്ടിക്കാണിക്കാം:—

1) നിരവധി നിരീശ്വരന്മാർ ദൈവവിശ്വാസികളായിത്തീർന്നു.

2) സാധുസംരക്ഷണത്തിനായി പലരും മുമ്പോട്ടിറങ്ങി. ഇപ്രകാരം നേപ്പിൾസിൽ 1500 തൊഴിലാളികൾ തങ്ങളുടെ ഒരു ദിവസത്തെ കൂലി സാധുസംരക്ഷണാർത്ഥം സംഭാവനചെയ്തു ള്ളുക ഏകദേശം അയ്യായിരത്തോളം രൂപാ ആയിരുന്നെന്നു പറയപ്പെടുന്നു. വേറെ പല തൊഴിലാളികളും ഇങ്ങനെ ചെയ്തു.

3) പല ഡോക്ടറന്മാർ സാധുരോഗികളെ പ്രതിഫലംകൂടാതെ ചികിത്സിച്ചു.

4) പൊതുനന്മയ്ക്കായി വായനശാലകൾ സ്ഥാപിക്കപ്പെട്ടു.

5) വനിതകൾ തങ്ങളുടെ ആഭരണങ്ങൾ സാധുസംരക്ഷണത്തിനായി വിട്ടുകൊടുത്തു.

ചുരുക്കത്തിൽ, ഫാദർ ലംബാർഡിയുടെ വാക്കുകളിൽത്തന്നെ ഈ "സ്നേഹക്കുരിശു"യുദ്ധത്തിന്റെ വിജയം സംക്ഷേപിച്ചു പറയാം:—

"നിരവധിയാളുകൾ പുഞ്ചിരിയോടും, പാപികളുടെ മാനസാന്തരത്തിനായി പ്രാർത്ഥിച്ചുകൊണ്ടും മരിക്കുന്നു."

ഫാദർ ലംബാർഡി മറെറാരു മഹാവിജയവും കൈവരിച്ചു. കമ്മ്യൂണിസം ഇററലിയിൽ തഴച്ചുവളരാൻ തുടങ്ങുകയായിരുന്നു. അടുത്തകാലത്തു നടന്ന പൊതുതിരഞ്ഞെടുപ്പിൽ വിജയം തങ്ങൾക്കു് നിശ്ചയമാണെന്നു് കമ്മ്യൂണിസ്റ്റുകാർ കരുതി. ആ തിരഞ്ഞെടുപ്പു് എല്ലാവർക്കും, പ്രത്യേകിച്ചു് കത്തോലിക്കർക്കു് ഉൽക്കണ്ഠാജനകമായിരുന്നു. അത്ഭുതകരമാംവണ്ണം കമ്മ്യൂണിസ്റ്റുകാർ തോല്പിക്കപ്പെട്ടു. നിശ്ചയമായും മാർപ്പാപ്പാതിരുമേനിയുടെ പ്രചരണവും സ്വാധീനശക്തിയും അവരുടെ ഈ തോൽവിക്കു് ഒരു മുഖ്യകാരണമാണു്. അതുകഴിഞ്ഞാൽ ഫാദർ ലംബാർഡിയുടെ പരിശ്രമമാണു് പ്രധാനകാരണം. ഇതു് കമ്മ്യൂണിസ്റ്റുകാർക്കും അറിയാമായിരുന്നു. അതിനാലാണു് അദ്ദേഹത്തിന്റെ പരിശ്രമങ്ങൾ പരാജയപ്പെടുത്തുവാൻ അവർ പലപ്പോഴും ഒരുമ്പെട്ടതു്. എന്നാൽ അവരുടെ അടവുകളെല്ലാം പരാജയപ്പെടുകയാണുണ്ടായതു്. തന്റെ ഉജ്ജ്വലങ്ങളായ പ്രസംഗങ്ങളാലും മഹനീയസേവനങ്ങളാലും എല്ലാററിലുമുപരിയായി "കുരിശുയുദ്ധം" വഴിയായും അദ്ദേഹം കമ്മ്യൂണിസത്തെ എതിർത്തു് വിജയം നേടി. ഒരിക്കൽ യുവജനങ്ങൾക്കു നൽകിയ ഒരു പ്രബോധനത്തിൽ ഫാദർ ലംബാർഡി ഇപ്രകാരം പ്രസ്താവിച്ചു.— "കമ്മ്യൂണിസം ഭൂമുഖത്തുനിന്നും മാഞ്ഞുപോകുമ്പോൾ, അതിന്റെ അനുയായികളുടെ ഗതിയെന്തു്? അതിൽ വിശ്വസിക്കുന്ന അനേകലക്ഷങ്ങൾ എവിടെ അഭയം കണ്ടെത്തും? ഏകരക്ഷാസങ്കേതവും സ്വാർത്ഥതയ്ക്കെതിരായി മനുഷ്യന്റെ ന്യായമായ അവകാശങ്ങളുടെ സംരക്ഷകനുമായ ക്രിസ്തുവിനെ അവർ അഭയം പ്രാപിക്കും. യുവജനങ്ങളേ! ചരിത്രം സൃഷ്ടിക്കുന്ന ആ ദിവസം നിങ്ങളുടേതാണു്. ആ വിജയം നിങ്ങൾ ആരംഭിക്കുകയും ആസ്വദിക്കുകയും ചെയ്യും." കമ്മ്യൂണിസം ഒരിക്കൽ പരാജയമടയുമെന്നും കത്തോലിക്കാസഭമാത്രം ലോകരക്ഷ സാധിക്കുമെന്നുമുള്ള തന്റെ ഉറച്ചവിശ്വാസമാണു് ഈ വാക്കുകളിൽ തെളിഞ്ഞുകാണുന്നതു്.

ഫാദർ ലംബാർഡിയുടെ വിജയരഹസ്യം വിശ്വാസമാണു്. അദ്ദേഹം സകലത്തിലും ദൈവാശ്രയം തേടുന്നു. ദൈവമഹത്വവും പരസേവനവുമാണു് അദ്ദേഹത്തിന്റെ ജീവിതലക്ഷ്യം. ഇതു താഴെ സൂചിപ്പിക്കുന്ന സംഭവം തെളിയിക്കുന്നു. തന്റെ പുത്രന്റെ വിജയത്തിൽ ഫാദർ ലംബാർഡിയുടെ മാതാവിനു് ഭയമാണുള്ളതെന്നു് അവർ ഒരിക്കൽ പറഞ്ഞു. ഈ വിജയം അദ്ദേഹത്തിന്റെ നാശത്തിനു കാരണമാകുമോയെന്നായിരുന്നു ആ മാതാവിന്റെ ഭയം. ഈ സംഗതി അവർ ഫാദർ ലംബാർഡിയോടു് പറഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു: "അമ്മ ഭയപ്പെടേണ്ടാ, ഞാൻ എനിക്കുവേണ്ടിയും എന്നെക്കുറിച്ചുമല്ല പ്രസംഗിക്കുന്നതു്. അപ്രകാരമെങ്കിൽ ഞാൻ എന്നേ പ്രസംഗം അവസാനിപ്പിക്കുമായിരുന്നു." താൻ പ്രസംഗിക്കുന്നതു് "ക്രൂശിതനായ ക്രിസ്തുവിനുവേണ്ടിയും" അവിടുത്തെക്കുറിച്ചുമാണെന്ന വി. പൗലോസ് ശ്ലീഹായുടെ വാക്കുകൾ ഫാദർ ലംബാർഡി പറയാതെതന്നെ ആ ഭക്തമാതാവിൽ അപ്പോൾ ഉദിച്ചിരിക്കണം.

ഫാദർ ലംബാർഡി ഇററലിക്കാരനാണു്; ഇററലിയിലാണു്. ഇൻഡ്യയിൽ ഇൻഡ്യാക്കാരനായ ലംബാർഡി, ഒന്നിലധികം ഉണ്ടാകണം; പ്രത്യേകിച്ചു് കേരളത്തിൽ; അതേ, മതത്തിനും സത്യത്തിനും പരസ്നേഹത്തിനും സമാധാനത്തിനുമായി പ്രസംഗിക്കാൻ, പടവെട്ടാൻ. അതിനുള്ള കാലം അതിക്രമിച്ചിരിക്കുന്നു; ഇനിയെങ്കിലും ഇങ്ങനെയുള്ളവർ ഉണ്ടായെങ്കിൽ!



1946 മെയ് 30-ാംനു റോമാനഗരം പ. കന്യകാമറിയത്തിന്റെ വിമലഹൃദയത്തിനു പ്രതിഷ്ഠിക്കപ്പെട്ട അവസരത്തിൽ ഫാദർ ലംബാർഡി പ്രസംഗിക്കുന്നതിനെ ചിത്രത്തിൽ കാണാം.

Assisi Sisters of Mary Immaculate

ഈ സന്യാസിനീസമൂഹത്തിൽ അടുത്ത മേയ് അവസാനത്തിൽ കുറെ അംഗങ്ങളെ സ്വീകരിക്കുന്നതാണു്. അവർ ആരോഗ്യവും ദൈവവിളിയും ഉള്ളവരും ഫാറം VI പാസായവരോ ടി. പരീക്ഷയിൽ ചേർന്നിട്ടുള്ളവരോ, ആശുപത്രിജോലികളിൽ പരിശീലനം സിദ്ധിച്ചിട്ടുള്ളവരോ ആയിരിക്കണം. വിശദവിവരങ്ങൾ ഇവിടത്തെ മഠങ്ങളും സ്ഥാപനങ്ങളും സന്ദർശിച്ചോ, താഴെ കൊടുത്തിരിക്കുന്ന മേൽവിലാസത്തിൽ എഴുതിയോ അറിയുക.

Assisi Sisters of Mary Immaculate

Assisi Convent, Green Gardens, Shertallay.

## വിനോദവീഥി

മധ്യവേനലൊഴിവുപ്രമാണിച്ചു വീട്ടിൽ തിരിച്ചെത്തിയ വിദ്യാർത്ഥിയോടു് അപ്പൻ: "നീയെന്താ ഇത്ര ക്ഷീണിച്ചിരിക്കുന്നതു്?"

മകൻ: "അവിടത്തെ ക്ലൈമററ് അത്ര പിടിച്ചില്ല."

അപ്പൻ: "നിനക്കു പിടിക്കാത്തതൊന്നും കഴിക്കണ്ടായെന്നു ഞാൻ പറഞ്ഞിരുന്നതല്ലേ?"

* * *

ഡോക്ടർ: "ലഹരിസാധനങ്ങൾ കഴിക്കുന്നതിനെപ്പററി ഞാൻ പറഞ്ഞതു മറന്നിട്ടുണ്ടായിരിക്കയില്ലല്ലോ."

രോഗി: "ഇല്ല, ദിവസവും രണ്ടു കുപ്പികള്ളു മാത്രമേ കഴിക്കുന്നുള്ളു."

ഡോക്ടർ: "ഞാൻ ഒരു കുപ്പിയല്ലേ അനുവദിച്ചിരുന്നതു്?"

രോഗി: "ഒരു കുപ്പി ഞാനാദ്യംകണ്ട ഡോക്ടരും അനുവദിച്ചിരുന്നു."

* * *

"എന്താ തോമാച്ചേട്ടൻ ഇത്ര ധൃതിയായിട്ടു് മുഖം വടിക്കുന്നതു്? ഇന്നു ഞായറാഴ്ചയായിട്ടു് വല്ലയിടത്തും പോകുന്നുണ്ടോ?"

"ഇന്നു പോകുന്നില്ല. വരുന്ന ശനിയാഴ്ച ഒരിടത്തുപോകാനുണ്ടു്. ഞാൻ വലിയ മറവിക്കാരനാണെന്നറിയാമല്ലോ. അന്നു മുഖം വടിക്കാൻ മറന്നുപോയെങ്കിലോ എന്നുകരുതി നേരത്തേ അക്കാര്യം കഴിച്ചുവയ്ക്കുയാണു്."

* * *


പള്ളിയകത്തുകയറി മുട്ടുകുത്താൻ വികാരി പല പ്രാവശ്യമുപദേശിച്ചിട്ടും, കുറെപ്പേർ എപ്പോഴും പള്ളിക്കു പുറത്തേ സ്ഥലം പിടിക്കുമായിരുന്നുള്ളു. ആകയാൽ ഒരു ദിവസം അദ്ദേഹം പ്രസംഗമദ്ധ്യേ പ്രസ്താവിച്ചു: "കുർബാനയുടെ സമയത്തു എല്ലാവരും പള്ളിയകത്തുതന്നെ മുട്ടുകുത്തണം; എന്നാൽ പകച്ചവ്യാധിക്കാർമാത്രം വേണമെങ്കിൽ പുറമെ മുട്ടുകുത്തിക്കൊള്ളട്ടെ." പിറേറ ഞായറാഴ്ച ഒരൊററയാളില്ലായിരുന്നു പുറത്തു്.

——

## മതമർദ്ദനമേററ വളരുന്ന

സ്പെയിനിൽ ആഭ്യന്തരയുദ്ധകാലത്തു നടന്ന മതമർദ്ദനത്തെയും പുരോഹിതനിഗ്രഹത്തെയും അതിജീവിച്ചു് കത്തോലിക്കാസഭ ഇപ്പോഴവിടെ പൂർവ്വാധികം ശക്തിപ്രാപിച്ചിരിക്കുന്നു. മതമർദ്ദനമാരംഭിച്ച 1936-ൽ അവിടത്തെ പുരോഹിതന്മാരുടെ സംഖ്യ 25, 585 ആയിരുന്നു. അതിൽപ്പിന്നെ അവിടെ വധിക്കപ്പെട്ടിട്ടുള്ള വൈദികരും വൈദികവിദ്യാർത്ഥികളും അത്മായപ്രേഷിതരും നിരവധിയാണു്. അവിടത്തെ റിപ്പബ്ലിക്കൻ സൈന്യങ്ങളുടെ വാളിനിരയായി, 13 മെത്രാന്മാർ, 4,266 ഇടവകവൈദികർ, വിവിധ കത്തോലിക്കാസംഘടനകളിലെ 2,489 അംഗങ്ങൾ, 283 സന്യാസിനികൾ, 249 വൈദികവിദ്യാർത്ഥികൾ എന്നിവരുൾപ്പെടെ 7,300 പേർ മൃതിയടഞ്ഞിട്ടുണ്ടെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. എന്നാൽ ഇതിനെല്ലാം വിപരീതമായി ഇന്നു സ്പെയിനിൽ പുരോഹിതരുടെ സംഖ്യ 31,085 ആയി വർദ്ധിച്ചിരിക്കുന്നു. മുമ്പൊരിക്കലുമുണ്ടായിട്ടില്ലാത്തവിധം അവിടത്തെ സെമിനാരികൾ വിദ്യാർത്ഥികളെക്കൊണ്ടു നിറയപ്പെട്ടിരിക്കുന്നു. മതചൈതന്യം വാച്ചുവളർന്നതിന്റെ ഫലമായി സ്പെയിൻ വീണ്ടും മിഷനറിമാരെ പുറപ്പെടുവിക്കാൻ തുടങ്ങിയിരിക്കയാണു്.

*Permissu Ecclesiastico*
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam.



## പുസ്തകാഭിപ്രായം

### അക്കപ്രശ്നങ്ങൾ

(ഒന്നാംഭാഗം)

(ഗ്രന്ഥകർത്താ: എം. അബ്ദുൽഖാദർ, ടീച്ചർ, ചങ്ങനാശ്ശേരി. പക്ഷം 36. വില 8 ണ.)

നമ്മുടെ പത്രങ്ങളിൽ പലപ്പോഴും അക്കപ്രശ്നങ്ങൾ പ്രസിദ്ധംചെയ്തുകാണാറുണ്ടല്ലോ. തരുന്ന സംഖ്യകൾ വരിവരിയായും കോളം കോളമായും കൂട്ടിയാൽ ഒരു പ്രത്യേക അക്കം ലഭിക്കണമെന്നായിരിക്കും ഇവയുടെ നിബന്ധന. അക്കപ്രശ്നങ്ങൾ എന്ന പുസ്തകത്തിന്റെ ഒന്നാംഭാഗത്തിൽ ഒൻപതക്കപ്രശ്നങ്ങൾക്കുള്ള ഉത്തരങ്ങൾ കണ്ടുപിടിക്കാനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്. 11 മുതൽ 52 വരെയുള്ള സംഖ്യകളിൽ ഇഷ്ടമുള്ളവ (ഒരുത്തരത്തിൽ ഒരു സംഖ്യ ഒരിക്കൽമാത്രം) ഉപയോഗിച്ച് ഓരോവരിയും കോണോടുകോണും കൂട്ടിയാൽ 93 കിട്ടത്തക്കവിധം 9 കളങ്ങൾ പൂരിപ്പിക്കുക എന്ന ഒരു പ്രശ്നം മാതൃകയായെടുത്ത് ഇത്തരം പ്രശ്നങ്ങളുടെ ഉത്തരങ്ങൾ കണ്ടുപിടിക്കാനുള്ളമാർഗ്ഗം ഗ്രന്ഥകാരൻ വിവരിച്ചിട്ടുണ്ട്. 672 ഉത്തരമുള്ള ഈ പ്രശ്നത്തിന്റെ 672 ഉത്തരവും കണ്ടുപിടിച്ചിട്ടുണ്ട്. ഒരു മാതൃകകൂടെ സപ്ലമായി വിവരിച്ചിട്ടുണ്ട്. ഇത്തരം പ്രശ്നങ്ങൾക്ക് ഉത്തരം അയക്കുന്നതിൽ കൗതുകമുള്ളവർക്ക് "അക്കപ്രശ്നങ്ങൾ" ഉപകാരമുള്ള പുസ്തകമാണ്. വിവരണങ്ങൾ വായിച്ചു മനസ്സിലാക്കുവാൻ പ്രയാസമില്ല. എന്നാൽ ഓരോ പ്രശ്നത്തിനും ഉണ്ടായേക്കാവുന്ന ഉത്തരങ്ങൾ മുഴുവനും കണ്ടുപിടിച്ച് അയച്ച് ഉപജീവനമാർഗ്ഗം കഴിക്കാൻ സാധിക്കുമെന്ന് ഈ നിരൂപകന് അഭിപ്രായമില്ല. അക്കപ്രശ്നങ്ങൾ വായിച്ചശേഷം ഇത്തരം പ്രശ്നങ്ങൾക്ക് ഉത്തരം തയ്യാറാക്കുവാൻ തുടങ്ങുന്നത് വിവേകംതന്നെയാണ്. ഗ്രന്ഥകർത്താവിന്റെ അക്കപ്രശ്നപാണ്ഡിത്യം അനുമോദനാർഹമാണ്.

T. M.

## ഇടവകവാർത്തകൾ

ചുണങ്ങംവേലി: യുവതികൾക്കായി നടത്തിയ ഏകാന്തധ്യാനത്തിൽ 94പേർ സംബന്ധിച്ചു. റവ. ഫാ. തെയൊഡോർ ടി ഒ സി ഡി യായിരുന്നു ധ്യാനപ്രസംഗകൻ.

—ചിലവന്നൂർ: തിരുഹൃദയപ്രേഷിതസംഘത്തിന്റെയും സംഘംവക ലൈബ്രറിയുടേയും സംയുക്തവാർഷികം ഏപ്രിൽ 15 ാംനു റവ. ഫാ. ജോർജ്ജ് ഇട്ടിക്കുന്നത്തിന്റെ അദ്ധ്യക്ഷതയിൽ നടന്നിരിക്കുന്നു. യോഗത്തിൽ റവ. ഫാ. ഐസക് പോട്ടയിൽ, ശ്രീ കെ. എക്സ്. ജോൺ ബി എ ഓണേഴ്സ്, ശ്രീ കെ. സി. ആൻറണി ബി എ ബി എൽ എന്നിവർ പ്രസംഗിച്ചു.

—പൂവം: ഏപ്രിൽ 15-ാംനു വി. യൗസേപ്പ്പിതാവിന്റെ തിരുനാളിനോടനുബന്ധിച്ചു വിൻസെൻറു ഡി പോൾ സഖ്യത്തിന്റെ ധനശേഖരത്തിനായി ശ്രീ ജോസഫ് കൈമാപറമ്പിൽ ഒരു കഥാപ്രസംഗം നടത്തുകയുണ്ടായി.

—മാഞ്ഞൂർ: വിൻസെൻറു ഡി പോൾ സഖ്യം, സൊഡാലിററി, സൺഡെസ്കൂൾ എന്നിവയുടെ സംയുക്തവാർഷികം ഏപ്രിൽ 15-ാംനു വെരി റവ. മോൺ. ജേക്കബ് നടുവത്തുശേരി അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. മെ. പി. വി. ജോൺ, കെ. സി. ചാക്കൊ ബി എ, മാത്യു പോൾ, കെ. എം. ജോസഫ് ബി എസ്സി ബി എൽ, കെ. എ. ചാക്കൊ, റവ. ഫാദർ പോൾ ചിറമ്പം, തോമസ് കോട്ടൂർ എന്നിവർ തദവസരത്തിൽ ഓരോ പ്രസംഗം ചെയ്യുകയുണ്ടായി.

—വായ്പൂരു്: പുത്തൻപള്ളിയുടെ കുരിശുപള്ളിയായ താഴത്തു വടകര കപ്പേളയിൽ കർബാന ചൊല്ലുവാൻ ഗവമെൻറിൽനിന്നും അനുമതി ലഭിച്ചിരിക്കുന്നു.

—വായ്പൂരു പഴയപള്ളിയിൽ ഏപ്രിൽ 20-ാംനു കുട്ടികൾക്കുള്ള ധ്യാനം റവ. ഫാ. സ്കറിയ വടക്കേതലയ്ക്കൽ അവർകളുടേയും വലിയവർക്കുള്ള ധ്യാനം റവ. ഫാ. ജേക്കബ് വലിയപറമ്പിൽ അവർകളുടേയും നേതൃത്വത്തിൽ നടന്നിരിക്കുന്നു.

—കുറവിലങ്ങാട്: സ്ഥലം ഫൊറോനാ പള്ളിയിടവകയിൽപ്പെട്ട 13 സൺഡേസ്കൂളുകളുടെ 19-ാമതു സംയുക്തവാർഷിക സമ്മേളനം ഏപ്രിൽ 15-ാംനു വെരി റവ. ഫാ. തോമസ് മണക്കാട്ട് അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. മെ. കെ. എം. തോമസ് ബി എ എൽ എൽ ബി, എം ടി തയ്യിൽ എം എ ഐ എ എസ് എന്നിവർ പ്രസംഗിച്ചു. യോഗാനന്തരം "സേവനം" എന്ന പ്രഹസനം അഭിനയിക്കപ്പെട്ടു.

—വാടേൽ മരിയാസഖ്യത്തിന്റെ വാർഷികസമ്മേളനം ഏപ്രിൽ 22-ാംനു ഇടവക സന്ദർശനാർത്ഥം എഴുന്നള്ളിയിരിക്കുന്ന വരാപ്പുഴ മെത്രാപ്പോലീത്താ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ നടന്നിരിക്കുന്നു.

---

കർമ്മലീത്താ ഒന്നാം സഭയിൽ ചേരുവാനാഗ്രഹിക്കുന്ന കുട്ടികൾ ഉടൻതന്നെ താഴെക്കാണുന്ന മേൽവിലാസത്തിൽ അപേക്ഷിക്കേണ്ടതാണ്.

Rev. Fr. Director
St. Teresa's Carmel Ap. School
Banerji Road, Ernakulam

---

## കൊച്ചി-തിരുവിതാംകൂർ വാർത്തകൾ

തിരു-കൊച്ചിയിലെ തുണിവിതരണം സംബന്ധിച്ച് ഗവർമ്മെൻറ് പുറപ്പെടുവിച്ച ഒരു പ്രസ്നോട്ടിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു: ഓരോ താലൂക്കിനും അനുവദിക്കുന്ന കോട്ടാ എല്ലാ മാസവും 1-ാംനു-യും 16-ാംനു-യും ടെക്സ്റ്റയിൽസ് കമ്മീഷണരുടെ ഓഫീസിൽനിന്നു നിശ്ചയിക്കുന്നതാണ്. ഇറക്കുമതി ചെയ്യുന്നതും ഇവിടെ ഉൽപാദിപ്പിക്കുന്നതുമായ തുണിത്തരങ്ങൾ കോട്ടായിൽ ഉൾപ്പെടുന്നതാണ്. ജി. പി. താസിൽദാരന്മാരോ, അസിസ്റ്റൻറ് സപ്ലൈ ഓഫീസർമാരോ ചില്ലറവ്യാപാരികൾക്കു കോട്ടാ നിശ്ചയിച്ച പെർമിററു നല്കുന്നതും അതനുസരിച്ച് അവർക്ക് ഇറക്കുമതിവ്യാപാരികളിൽനിന്ന് തുണി ലഭിക്കുന്നതുമാണ്. ഫീൽഡാഫീസരുടെയൊ അധികാരപ്പെടുത്തപ്പെട്ട മററാരുടെയെങ്കിലുമോ സാന്നിദ്ധ്യത്തിൽ മാത്രമേ ചില്ലറ വ്യാപാരികൾ തുണിവിതരണം നടത്തുവാൻ പാടുള്ളു. ഉപഭോക്താക്കൾ റേഷൻകാർഡ് ഹാജരാക്കി തുണി വാങ്ങേണ്ടതാണ്. ഒരു കാർഡുകാരന് ഒരു തവണ 20വാരയിൽ കൂടാതെയും 3 വാരയിൽ കുറയാതെയും കോട്ടയനുസരിച്ചു തുണി ലഭിക്കുന്നതാണ്. ഓരോ താലൂക്കിനും പകുതിക്കും ജനസംഖ്യയനുസരിച്ചായിരിക്കും കോട്ടയനുവദിക്കുന്നത്. ഇറക്കുമതിക്കാർ കൊച്ചിവിഭാഗത്തിൽ 6-ം തിരുവിതാംകൂർ വിഭാഗത്തിൽ 9-ം പേർ ഉണ്ടായിരിക്കുന്നതാണ്.

—രാഷ്ട്രപതി ശ്രീ പുരുഷോത്തമദാസ് താണ്ഡൻ, കോൺഗ്രസ് ജനറൽ സെക്രട്ടറി ശ്രീ കാലാവെങ്കിട്ടറാവു, ഡോക്ടർ എച്ച്. പി. മുക്കർജി എന്നിവർ തിരു-കൊച്ചിയിൽ 6 ദിവസം പര്യടനം നടത്തിയശേഷം ഏപ്രിൽ 20 ാംനു വിമാനമാർഗ്ഗം തിരിച്ചുപോയിരിക്കുന്നു. മടക്കയാത്രയ്ക്കു മുമ്പായി രാഷ്ട്രപതി നടത്തിയ പ്രസ്കോൺഫറൻസിൽ, ഇവിടത്തെ വിദ്യാഭ്യാസപ്രശ്നം സംബന്ധിച്ച് സൗഹാർദ്ദപരമായ ഒത്തുതീർപ്പുണ്ടായിട്ടുണ്ടെന്നും മന്ത്രിസഭാകുഴപ്പം അതേരൂപത്തിൽത്തന്നെ തുടരുകയാണെന്നും അക്കാര്യത്തിൽ രണ്ടാഴ്ചയ്ക്കകം ഒരു തീരുമാനമുണ്ടാകുമെന്നു താൻ പ്രതീക്ഷിക്കുന്നുവെന്നും പ്രസ്താവിക്കുകയുണ്ടായി.



മണിമല പഴയപള്ളി വികാരിയായിരുന്ന റവ. ഫാ. മാത്യു കൂട്ടുമ്മേൽ അവർകളുടെ യാത്രയയപ്പു പ്രമാണിച്ച് 25- 2- 51-ൽ സ്ഥലം ലിജീയൻ ഓഫ് മേരി അംഗങ്ങളുടെ ആഭിമുഖ്യത്തിൽ എടുത്ത ഗ്രൂപ്പ്ഫോട്ടോ.

---


സിർക്കോ ആരാം തേൽ

No. 1. **ഓർമ്മക്കുറവ്**, തലകറക്കം, തലവേദന, മുതലായ രോഗങ്ങളെ നീക്കി ശിരഃസൗഖ്യവും, സുഖനിദ്രയും ലഭിക്കുന്നതിനും

No. 2. പ്രത്യേകിച്ച് **കേശസമൃദ്ധിക്കും** ഞങ്ങളുടെ എണ്ണകൾ ഉപയോഗിപ്പിൻ.

| | | 8 ഔ: | 12 ഔ: |
|---|---|---|---|
| പ്രായഭേദംകൂടാതെ | No. 1. | 3—12—0 | 5—4—0 |
| ഉപയോഗിക്കാവുന്നതു് | No. 2. | 4—0 —0 | 5—8—0 |

എം. ജെ. മാത്യു വൈദ്യൻ, മടുക്കക്കുഴി വൈദ്യശാല, കാഞ്ഞിരപ്പള്ളി


ഏപ്രിൽ 19-ാംനു എറണാകുളത്തുവച്ച് കാത്തലിക് എഡ്യൂക്കേഷൻ കൗൺസിലംഗങ്ങളുമായി നടത്തിയ സംഭാഷണത്തിൽ രാഷ്ട്രപതി ഇപ്രകാരം തന്റെ അഭിപ്രായം പ്രകടിപ്പിക്കുകയുണ്ടായി: സ്കൂൾഫീസിന്റെ 80ശതമാനം ഗവമെൻറിലടയ്ക്കണമെന്നുള്ള വ്യവസ്ഥ മറെറങ്ങുമില്ലാത്ത ഒന്നാകയാൽ അതിനോടു താൻ അനുകൂലിക്കുന്നില്ല. എന്നാൽ അദ്ധ്യാപകർക്ക് നിശ്ചിതശമ്പളം ലഭിക്കുന്നതിനുവേണ്ടി അങ്ങനെ കെട്ടിവയ്ക്കുന്നതു് മാനേജരുടെ പേരിലായിരിക്കേണ്ടതും പുതിയ തോതിലുള്ള അദ്ധ്യാപകശമ്പളം കഴിച്ച് മിച്ചമുള്ളതു് സ്കൂളിന്റെ ആവശ്യത്തിനായി മാനേജർക്കു പിൻവലിക്കാവുന്നതുമാണ്. ഫീസ്പിരിവുസെൻറു മിക്കൽ ശരിയല്ല. അദ്ധ്യാപകനിയമനം സംബന്ധിച്ച് ഗവമ്മെൻറു് തയാറാക്കുന്ന ലിസ്റ്റിനു പുറമേനിന്നും യോഗ്യതയുള്ളവരെ തിരഞ്ഞെടുക്കുവാൻ മാനേജർക്കു സ്വാതന്ത്ര്യമുണ്ടായിരിക്കേണ്ടതാണ്.

—വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിലെ ഡിവിഷൻ സ്കൂൾ ഇൻസ്പെക്ടർമാരുടെ കോൺഫറൻസ് ഇക്കഴിഞ്ഞയാഴ്ചയിൽ ഡയറക്ടരുടെ അദ്ധ്യക്ഷതയിൽ നടക്കുകയുണ്ടായി. പുതിയ സെക്കണ്ടറി സ്കൂൾ പദ്ധതിയിൽ ചേരാഞ്ഞ സ്കൂളുകളിൽ കൂടുതൽ ക്ലാസുകൾ അനുവദിക്കുന്നതിനും മററുമുള്ള അപേക്ഷകൾ പരിഗണിക്കേണ്ടതില്ലെന്ന് അടുത്തകാലത്തു് ഡയറക്ടർ പുറപ്പെടുവിച്ചിരുന്ന നിർദ്ദേശത്തെപ്പററി പ്രസ്തുത കോൺഫറൻസ് ചർച്ചചെയ്തതായും ക്ലാസ് അംഗീകരണത്തിനുള്ള നിർദ്ദിഷ്ടവ്യവസ്ഥകൾ പാലിച്ചിട്ടുള്ള ഏതു സ്കൂളിനും ഫീസ്പിരിവ് ഖജനാവിൽ കെട്ടിവച്ചാലും ഇല്ലെങ്കിലും സാധാരണ നിയമപ്രകാരം ക്ലാസുകൾ അനുവദിച്ചുകൊടുക്കുകയാണു വേണ്ടതെന്നുള്ള തീരുമാനത്തിൽ എത്തിച്ചേർന്നതായുമറിയുന്നു. പുതിയ സ്കൂളുകൾക്കുള്ള അപേക്ഷകൾ, സ്കൂൾ ഇൻസ്പെക്ഷൻ നടപടികൾ ആദിയായവ സംബന്ധിച്ചും ചില തീരുമാനങ്ങൾ ചെയ്യുകയുണ്ടായത്രെ.

—തിരുവനന്തപുരം സിററി മേയറായി മി. എഫ്രേം ഫെർണാൻറസ് തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു.

### റോഡുതുറന്നു

അങ്കമാലി ചന്തയിൽനിന്നും വാപ്പാലശേരികൂടി ചൊവ്വരയെത്തുന്ന ഒരു പുതിയ റോഡിന്റെ ഉൽഘാടനം ഏപ്രിൽ 22-ാംനു തിരു-കൊച്ചി പഞ്ചായത്തു ഡയറക്ടർ നിർവ്വഹിച്ചിരിക്കുന്നു.

## ഇൻഡ്യാവാർത്തകൾ

ബി വിഭാഗത്തിൽപ്പെട്ട സംസ്ഥാനങ്ങളിൽ മന്ത്രിസഭാഘടനയിൽ എന്തെങ്കിലും മാററം വരുത്തുന്നതു നാട്ടുരാജ്യവകുപ്പുമന്ത്രിയുടെ അനുമതിയോടുകൂടി വേണമെന്നു് കേന്ദ്രഗവമ്മെൻറു് നിർദ്ദേശിച്ചിരിക്കുന്നു.

—വ്യവസായത്തിലും കൃഷിയിലും ജോലിക്കാരുടെ ചുരുങ്ങിയ കൂലി ക്ലിപ്തപ്പെടുത്തുവാനുള്ള "മിനിമം വേജസ്ബിൽ" ഏപ്രിൽ 18-ാംനു പാർലമെൻറു് പാസ്സാക്കിയിരിക്കുന്നു. ഇതു നടപ്പിൽവരുത്തുവാൻ നാട്ടുരാജ്യഗവമ്മെൻറുകൾക്ക് ഒരുകൊല്ലത്തെഅവധിലഭിക്കുന്നതാണ്.

—1950-51 ലെ വാണിജ്യനില ഇൻഡ്യക്ക് അനുകൂലമാണെന്നും 21 കോടിക. ഇൻഡ്യക്കു മിച്ചം ലഭിച്ചിട്ടുണ്ടെന്നും ഡെപ്യൂട്ടി വാണിജ്യമന്ത്രി പാർലമെൻറിൽ പ്രസ്താവിച്ചിരിക്കുന്നു.

—ഇൻഡ്യൻ ഭരണഘടനയിൽ ഉറപ്പുനല്കപ്പെട്ടിരിക്കുന്ന മൗലികാവകാശങ്ങളിൽ ഭേദഗതിവരുത്തുവാനുള്ള തീരുമാനത്തെ ബോംബെ വെസ്റ്റേറു ലായേഴ്സ് കോൺഫറൻസ് പ്രതിഷേധിച്ചിരിക്കുന്നു.

### താണ്ഡൻജിയെ സന്ദർശിച്ചു

ഏപ്രിൽ 19-ാംനു എറണാകുളം ഗസ്റ്റ്ഹൗസിൽവച്ച് റവ. ഫാ. ജോസഫ് തോട്ടകത്തു ബി എ ബി ടി കോൺഗ്രസ് പ്രസിഡണ്ട് താണ്ഡൻജിയെ സന്ദർശിച്ചു സംഭാഷണം നടത്തിയിരിക്കുന്നു.

### പുതിയ പുസ്തകങ്ങൾ

| | ക | ണ | പ |
|---|---|---|---|
| ബാലമിത്രം (വല്യച്ചൻ) | 1 - | 0 - | 0 |
| ഫാത്തിമായിലെ കുട്ടികൾ | 1 - | 0 - | 0 |
| രക്തസാക്ഷിണി | 0 - | 12 | 0 |
| ഭർത്താക്കന്മാരോട് | 0 - | 4 - | 0 |
| മാർ തോമാശ്ലീഹായും മലങ്കരയും | 0 - | 8 - | 0 |
| മതപഠനം | 1 - | 8 - | 0 |
| ആധുനികലോകം | 1 - | 8 - | 0 |
| കന്യാസ്ത്രി | 0 - | 8 - | 0 |

മാനേജർ
മാർ ലൂയീസ് മെമ്മോറിയൽ പ്രസ്,
എറണാകുളം




# സർവ്വരോഗസംഹാരിണി

ആ ദിവസത്തിൽ നിങ്ങൾ എന്നോട്ട് ഒന്നും ചോദിക്കുകയില്ല. സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങൾ എൻെറ നാമത്തിൽ എൻെറ പിതാവിനോടു ചോദിക്കുന്നതൊക്കയും അവൻ നിങ്ങൾക്കു തരും. ഇതുവരെ നിങ്ങൾ എൻെറ നാമത്തിൽ ഒന്നും ചോദിച്ചിട്ടില്ല. ചോദിക്കുവിൻ, എന്നാൽ നിങ്ങളുടെ സന്തോഷം പൂർണ്ണമാകുമാറ് നിങ്ങൾക്കു ലഭിക്കും. ഞാൻ ഉപമകളായി ഇവ നിങ്ങളോടു പറഞ്ഞു. എന്നാൽ ഞാൻ നിങ്ങളോട്ട് ഉപമകളായിപ്പറയാതെ, പിതാവിനെ സംബന്ധിച്ച നിങ്ങളോട്ട് തെളിവായി അറിയിക്കുന്ന സമയം വരുന്നു. (അതു്) എൻെറ നാമത്തിൽ നിങ്ങൾ ചോദിക്കുന്ന ദിവസത്തിൽതന്നെ; അല്ലാതെ, നിങ്ങൾക്കുവേണ്ടി പിതാവിനോടു ഞാൻ ചോദിക്കും എന്നു നിങ്ങളോടു ഞാൻ പറയുന്നില്ല. എന്തെന്നാൽ നിങ്ങൾ എന്നെ സ്നേഹിക്കയും ഞാൻ പിതാവിൻെറ അടുക്കൽനിന്നു് പുറപ്പെട്ടുവന്നുവെന്നു് വിശ്വസിക്കയും ചെയ്തതുകൊണ്ടു് പിതാവുതന്നെയും നിങ്ങളെ സ്നേഹിക്കുന്നു. ഞാൻ പിതാവിൻെറ അടുക്കൽനിന്നു പുറപ്പെട്ട് ലോകത്തിലേക്കു വന്നു; ഞാൻ വീണ്ടും ലോകത്തെവിട്ട് പിതാവിൻെറ അടുക്കലേക്കു പോകുന്നു. ശിഷ്യർ അവനോടു പറഞ്ഞു: ഇതാ, ഇപ്പോൾ നീ തെളിവായി സംസാരിക്കുന്നു.; ഉപമ ഒന്നുപോലും നീ അരുളിച്ചെയ്യുന്നില്ല. നീ സകലവും അറിയുന്നുവെന്നും, ആരും നിന്നോടു ചോദിക്കുവാൻ നിനക്കു ആവശ്യമില്ല എന്നും ഇപ്പോൾ ഞങ്ങൾ അറിയുന്നു. നീ ദൈവത്തിൽനിന്നു് പുറപ്പെട്ടു വന്നിരിക്കുന്നു എന്നും ഇതിനാൽ ഞങ്ങൾ വിശ്വസിക്കുന്നു. (ഉയിർപ്പ് 5-ാംഞായർ; സുവിശേഷം: യോഹ. XVI, 23—30).

"സർവ്വരോഗസംഹാരിണി"യെന്നും "സർവ്വരോഗകുലാന്തക"യെന്നും മററും നെററിപ്പട്ടം കെട്ടിയിട്ടുള്ള ഔഷധക്കൂട്ടുകൾ ഈയിടെയായി ധാരാളം പ്രത്യക്ഷപ്പെട്ടുവരുന്നുണ്ടു്. അവയുടെ ഗുണഗണങ്ങൾ വർണ്ണിച്ചുകൊണ്ടുള്ള പരസ്യങ്ങൾ പത്രമാസികകളിൽ വായിക്കുമ്പോൾ, ഇനി രോഗികൾ ആരുംതന്നെ ഭൂതലത്തിൽ ഉണ്ടാകുവാൻ സാദ്ധ്യമല്ലല്ലോ എന്നൊരു നിഗമനത്തിൽ എത്തിച്ചേരാനും വഴിയുണ്ടു്. എന്നാൽ, യാഥാർത്ഥ്യത്തോടു സമീപിച്ചുനോക്കുമ്പോൾ, ഇവയിൽ അധികവും വെറും പ്രചരണങ്ങൾമാത്രമാണെന്നും സർവ്വരോഗസംഹാരിണികൾ ഒരു രോഗത്തെയെങ്കിലും സംഹരിക്കുകയില്ലെന്നും നമുക്കു അനുഭവബോദ്ധ്യമാകുന്നതാണു്. മനുഷ്യസമുദായഗാത്രത്തിലും ഇന്നു് പലവിധ രോഗങ്ങൾ പിടിപെട്ടിട്ടുണ്ടു്. ഈ രോഗങ്ങളെയെല്ലാം നിശ്ശേഷം നിർമ്മാർജ്ജനം ചെയ്യുവാൻ പോരുന്ന ചില ഔഷധങ്ങളും ഒററമൂലികകളും തങ്ങളുടെ കൈവശമുണ്ടെന്നും മററാർക്കും അവ സ്വായത്തമായിട്ടില്ലെന്നും വീരവാദം മുഴക്കിക്കൊണ്ടു് ചില ആദർശവാദികളും, നേതാക്കന്മാരും, "ഇസ"ക്കാരും ഇന്നു പ്രത്യക്ഷപ്പെടുന്നുണ്ടു്. എന്നാൽ, യാഥാർത്ഥ്യത്തോടു സമീപിച്ചുനോക്കുമ്പോൾ ഇവയെല്ലാം "സർവ്വരോഗസംഹാരിണി"കൾ പോലെ വെറും പൊള്ളയായ പ്രചരണങ്ങൾ മാത്രമാണെന്നും രോഗശാന്തിക്കു പകരം രോഗവർദ്ധനവാണു് സമുദായഗാത്രത്തിനു് അനുഭവപ്പെടുകയെന്നും കണ്ണുള്ളവർക്കു കാണാവുന്നതാണു്. എങ്കിലും, സർവ്വരോഗസംഹാരിണിയായ ഒരു ഒററമൂലിക നമ്മുടെ കൈവശം ഉണ്ടെന്നുള്ളതു് അധികമാരും ഓർക്കാറില്ലെന്നു തോന്നുന്നു. അതു് പ്രാർത്ഥനയാണു്. നമുക്കു ദൈവത്തോടു പ്രാർത്ഥിക്കുവാൻ സാധിക്കുമെന്നുള്ളതുതന്നെ നമുക്കു് എന്തെന്നില്ലാത്ത ശക്തിയും സൗഭാഗ്യവും പ്രദാനംചെയ്യുന്നുണ്ടു്. എന്തുകൊണ്ടാണു് പ്രാർത്ഥനയ്ക്കു ഇത്ര വലിയ ശക്തി കൈവന്നിരിക്കുന്നതു്? കാരണം, പ്രാർത്ഥന വഴിയായി നാം ദൈവത്തോടു യോജിക്കുന്നു. ഹൃദയത്തെ ദൈവത്തിൻ പക്കലേക്കു് ഉയർത്തുന്നതാണല്ലോ പ്രാർത്ഥന. അങ്ങനെ നാം ദൈവത്തോടു സംയോജിക്കുമ്പോൾ—വിശ്വാസം, ശരണം, ഉപവി എന്നീ ദൈവികപുണ്യങ്ങളിൽ അധിഷ്ഠിതമായ പ്രാർത്ഥനയാൽ നാം ദൈവത്തോടു ഒന്നിക്കുമ്പോൾ—എന്താണ്ടൊരു സർവ്വശക്തിതന്നെ നമുക്കു് ലഭിക്കുന്നു. എന്നെ "ശക്തിപ്പെടുത്തുന്നവനായ ദൈവത്തിൽ എനിക്കു എല്ലാം ചെയ്വാൻ കഴിയും" എന്നു വി. പൗലോസിനോടുകൂടെ നമുക്കും പറയാൻ സാധിക്കും. ആററംബോമ്പിനെക്കാൾ ശക്തിയുള്ളതാണു് പ്രാർത്ഥന എന്ന പ്രസ്താവത്തിലെ അടിസ്ഥാനതത്വവും ഇതുതന്നെയാണു്. നമുക്കു് സ്വപ്നം കാണുവാൻ സാധിക്കുന്നതിനെക്കാൾ അധികം കാര്യങ്ങൾ പ്രാർത്ഥനവഴിയായി നിർവ്വഹിക്കപ്പെടുന്നു എന്നു് ഒരു കവി പാടിയിരിക്കുന്നതും ഇതുകൊണ്ടുതന്നെയാണു്.

"പ്രാർത്ഥന ആത്മാവിൻെറ ഭക്ഷണമാണു്; ശരീരത്തിനു് ഭക്ഷണം കൂടാതെ ജീവിക്കാൻ കഴിയാത്തതുപോലെ, ആത്മാവിനു് പ്രാർത്ഥനകൂടാതെ ജീവിക്കാനും സാദ്ധ്യമല്ല" എന്നു് വി. അഗുസ്തീനോസ് എഴുതിയിരിക്കുന്നു. പ്രാർത്ഥിക്കാത്തവൻ മനുഷ്യനല്ല; അവൻെറ ആത്മാവു് മൃതപ്രായമായിരിക്കും; അവൻ മൃഗതുല്യനായിരിക്കും. നേരെമറിച്ച്, പ്രാർത്ഥിക്കുന്നവൻ യഥാർത്ഥമനുഷ്യനാണു്; സൗഭാഗ്യവാനാണു്; ദൈവത്തോടു സംയോജിച്ചിരിക്കുന്നവനാണു്; അവൻെറ ആത്മാവു് ശക്തിസംപുഷ്ടമാണു്; അതാണു് മനുഷ്യത്വം. അതുകൊണ്ടാണു്, സുപ്രസിദ്ധനായ ഒരു എഴുത്തുകാരൻ പ്രസ്താവിക്കുന്നതു്, ഒരു മനുഷ്യനിൽ യഥാർത്ഥമാഹാത്മ്യം പ്രകടമാകുന്നതു് അവൻ മുട്ടിന്മേൽനിൽക്കുമ്പോഴാണെന്നു്. പഴയനിയമവും പുതിയനിയമവും ക്രിസ്തീയമതതത്വങ്ങളും ആചാരങ്ങളും ആദ്ധ്യാത്മികശാസ്ത്രവും എല്ലാംതന്നെ പ്രാർത്ഥനയുടെ ആവശ്യത്തെ ഉച്ചൈസ്തരം ഉൽഘോഷിക്കുന്നുണ്ടു്. ആത്മാവിനെ രക്ഷിച്ച് സ്വർഗ്ഗത്തിൽ പ്രവേശിക്കണമെങ്കിൽ പ്രാർത്ഥന കൂടിയേ കഴിയൂ. പാപജീവിതം നയിക്കുന്ന ഒരുവൻ പുണ്യമാർഗ്ഗത്തിൽ പ്രവേശിക്കുന്നതിനും പുണ്യജീവിതം നയിക്കുന്ന ഒരുവൻ കൂടുതൽ പുണ്യസമ്പത്തു് സമ്പാദിക്കുന്നതിനും പ്രാർത്ഥന അത്യന്താപേക്ഷിതമാണു്. പ്രാർത്ഥനയെ തീരെ അവഗണിക്കുന്നവനും അതിനെ പുച്ഛരസത്തോടെ അവഹേളിക്കുന്നവനും നിത്യരക്ഷ പ്രാപിക്കുക തീരെ അസാദ്ധ്യമാണു്. ഏതൊരു സൽകൃത്യവും—എത്ര ചെറിയതായാലും—നിർവ്വഹിക്കുന്നതിനു് ദൈവസഹായം കൂടിയേകഴിയൂ. എന്നാൽ ,ദൈവസഹായം ലഭിക്കണമെങ്കിൽ നാം പ്രാർത്ഥിക്കണം. "ചോദിപ്പിൻ… ………" ദാവീദും, നല്ലകള്ളനും, വി. പൗലോസും മറെറല്ലാവരും പ്രാർത്ഥിച്ചുകൊണ്ടാണു് പരിശുദ്ധിയിലേക്കു പ്രത്യാഗമിച്ചതു്.

എപ്പോഴാണു് നാം പ്രാർത്ഥിക്കേണ്ടതു്? ക്രിസ്തുനാഥൻതന്നെ ഇതിനുത്തരം നൽകിയിട്ടുണ്ടു്. "എല്ലായ്പോഴും പ്രാർത്ഥിക്കണം" (ലൂക്കാ XVIII-1). ഈ കല്പന എങ്ങനെയാണു് നമുക്കു് പ്രായോഗികമാക്കാൻ സാധിക്കുക? നാം നമ്മുടെ ഹൃദയത്തെ ഇടയ്ക്കിടെ ദൈവത്തിൻപക്കലേക്കു് ഉയർത്തുകയും, നമ്മുടെ അദ്ധ്വാനങ്ങളും ആനന്ദങ്ങളും ക്ലേശങ്ങളും അങ്ങേക്കു സ[illegible]ിക്കുകയും ചെയ്താൽ നിരന്തരമായ ഒരു പ്രാർത്ഥനാരൂപി നമുക്കു് കൈവരുന്നതാണു്. പ്രഭാതത്തിൽ നാം ആ ദിനത്തിലെ സകല പ്രവൃത്തികളും ദൈവത്തിനു സമർപ്പിക്കുകയും ഈ സമർപ്പണത്തെ ചിലപ്പോഴെല്ലാം നവീകരിക്കയും ചെയ്താൽ നാം ദിവ്യരക്ഷകൻെറ കല്പനയെ അനുവർത്തിക്കുകയായിരിക്കും ചെയ്യുന്നതു്. പാപത്തിലേക്കുള്ള പ്രലോഭനങ്ങൾ നമ്മെ അലട്ടിക്കൊണ്ടിരിക്കുമ്പോൾ നാം പ്രാർത്ഥിക്കുന്നില്ലെങ്കിൽ നാം വി. പത്രോസിനെപ്പോലെ ഭയങ്കരമായവിധത്തിൽ അധ:പതിച്ചുപോകും. വ്യക്തിപരമായോ സാമൂഹ്യമായോ നേരിടുന്ന അപകടസന്ധികളിൽ പ്രാർത്ഥനയായിരിക്കട്ടെ നമ്മുടെ ഏകാവലംബം. പണനഷ്ടം, ഇഷ്ടജനനഷ്ടം, ആരോഗ്യനഷ്ടം, മാനനഷ്ടംഎന്നീ അപകടഘട്ടങ്ങളിലും പ്രധാനമായ എന്തെങ്കിലും സംരംഭം തുടങ്ങുമ്പോഴും ജീവിതത്തിൽ പുതിയ അദ്ധ്യായങ്ങൾ ആരംഭിക്കുമ്പോഴും നാം പ്രാർത്ഥിക്കണം. പകർച്ചവ്യാധികൾ, യുദ്ധം, സമരമർദ്ദനം എന്നിങ്ങനെയുള്ള പൊതുവിപൽസന്ധികളിലും നാം പ്രാർത്ഥിക്കണം. 1918 ജൂലായി 18-ാംനു സഖ്യകക്ഷികളുടെ സർവ്വസൈന്യാധിപനായി നിയമിക്കപ്പെട്ട മാർഷൽഫോഷ് ജർമ്മനിക്കെതിരായി ഒരു പ്രതിസമരത്തിനുള്ള എല്ലാ ഏർപ്പാടുകളും ചെയ്തശേഷം ഒരുമണിക്കൂർ സമയത്തെ വിശ്രമത്തിനായി പോയി. തദവസരത്തിൽ ഒരു അടിയന്തിരക്കമ്പിസന്ദേശവുമായി ഒരു ദൂതൻ വന്നെത്തി. എല്ലാവരും മാർഷലിനെ അന്വേഷിച്ചുതുടങ്ങി; ഒരിടത്തും കണ്ടെത്തിയില്ല. ഒടുവിൽ സമീപത്തുള്ള ഒരു ഗ്രാമീണദേവാലയത്തിൽ അദ്ദേഹം പരി. കുർബാനയുടെ മുമ്പാകെ പ്രാർത്ഥനാനിരതനായി മുട്ടുകുത്തിനിൽക്കുന്നതു കണ്ടു. സന്ദേശത്തിനു മറുപടി കൊടുത്തശേഷം അദ്ദേഹം വീണ്ടും ദിവ്യകാരുണ്യസന്നിധിയെ ശരണംഗമിക്കയാണു് ചെയ്തതു്. "ദേവാലയത്തിൽ പോയി തിരിച്ചുവരുമ്പോൾ എല്ലായ്പോഴും എനിക്കു കൂടുതൽ ശക്തിയും കൂടുതൽ ഉറപ്പും ലഭിക്കുന്നു. ഞാൻ യുദ്ധസംബന്ധമായ പ്രധാനതീരുമാനങ്ങളെല്ലാമെടുക്കുന്നതു് അവിടെവച്ചാണു്" എന്നു് അദ്ദേഹം പറയാറുണ്ടായിരുന്നു.

ചില നിശ്ചിതസമയങ്ങളിൽ നാം പ്രാർത്ഥിച്ചേ കഴിയൂ. കാലത്തും ഉച്ചയ്ക്കും സന്ധ്യക്കും കുടുംബപ്രാർത്ഥനകൾ നടത്തുക കേരളത്തിലെ കത്തോലിക്കാകുടുംബങ്ങളിൽ ഒരു പഴയ പതിവാണു്. എന്നാൽ ജീവിതവ്യഗ്രതയുടേയും ജോലിത്തിരക്കിൻേറയും മറയിൽ ഈ പതിവുകൾ കുറേശ്ശെയായി മറഞ്ഞുപോകുന്നുണ്ടോ എന്നു എല്ലാവരും ആത്മസംശോധനം ചെയ്തുനോക്കട്ടെ. അന്യമതസ്ഥരെ പ്രീണിപ്പിക്കുവാനും മനുഷ്യബഹുമാനത്തെപ്രതിയും പരിഹാസശരങ്ങളെ ഭയന്നും നാം ത്രികാലജപങ്ങൾ രഹസ്യമായും പരസ്യമായും ചൊല്ലുവാൻ മടികാണിക്കുന്നില്ലേ? ഭക്ഷണത്തിനുമുമ്പും പിമ്പും ഒരു ചെറിയ ജപമെങ്കിലും ഉരുവിടാനുള്ള ഉൾക്കരുത്തു് നമുക്കുണ്ടാകണം; കുട്ടികളെയും അങ്ങനെതന്നെ പരിശീലിപ്പിക്കണം. ബന്ധുക്കളോ വിരുന്നുകാരോ വീട്ടിൽ വന്നിട്ടുണ്ടെങ്കിൽ ത്രികാലജപങ്ങളും കുടുംബപ്രാർത്ഥനകളും ഭക്ഷണത്തിനു മുമ്പും പിമ്പുമുള്ള ജപങ്ങളും ചിലർ ഉപേക്ഷിക്കുന്നതു് എന്തുകൊണ്ടാണെന്നു മനസ്സിലാകുന്നില്ല. അക്കാര്യത്തിൽ അത്ര കണിശവും താൽപര്യവുമില്ലാത്ത ബന്ധുമിത്രാദികളാണെങ്കിൽ തീർച്ചയായും അവർക്കു് ഒരു നല്ല മാതൃക നൽകുകയല്ലേ നാം ചെയ്യേണ്ടതു?

എവിടെയാണു് നാം പ്രാർത്ഥിക്കേണ്ടതു ? ദൈവം എല്ലായിടത്തും നമ്മുടെ സമീപം ഉണ്ടു്; എവിടെയായാലും അങ്ങു് നമ്മുടെ ഹൃദയത്തിൻെറ നെടുവീർപ്പുകൾ ശ്രവിക്കുന്നു; നമ്മുടെ അഭ്യർത്ഥനകൾ ശ്രവിക്കുന്നു. വി. ക്രിസോസ്തോം പറയുന്നു: "നിങ്ങൾക്കു ചന്തയിൽ നടന്നുകൊണ്ടു പ്രാർത്ഥിക്കാം. പീടികയിൽ നിന്നുകൊണ്ടു ഹൃദയത്തെ ദൈവത്തിലേക്കുയർത്താം. ചന്തയിൽ സാമാനങ്ങൾ വാങ്ങുന്ന വേലക്കാരിക്കും, അടുക്കളക്കാരിക്കും… …എല്ലാവർക്കും പ്രാർത്ഥിക്കുവാൻ കഴിയും. എന്തുകൊണ്ടെന്നാൽ ദൈവം ഭക്തിനിർഭരമായ ഒരു ഹൃദയത്തെയും പരിതപ്തമായ ഹൃദയത്തെയും മാത്രമേ ആവശ്യപ്പെടുന്നുള്ളു." പൂർവ്വപിതാവായ യാക്കോബ് വയലിലും, മനാസ്സെസ് കൽത്തുറുങ്കിലും, എസക്കിയായ് രോഗക്കിടക്കയിലും, ദാനിയേൽ സിംഹക്കുഴിയിലും, ജോനാസ് തിമിംഗലത്തിൻെറ ഉദരത്തിലും, ജോബ് ചാണക്കുഴിയിലും, മൂന്നു ബാലന്മാർ ജ്വലിക്കുന്ന അഗ്നികുണ്ഡത്തിലുംവെച്ച് പ്രാർത്ഥിച്ചു. എങ്കിലും, പ്രധാനമായി നാം പ്രാർത്ഥിക്കേണ്ടതു് ദേവാലയത്തിലാണു്. പ്രാർത്ഥനയ്ക്കായി വിശുദ്ധീകരിക്കപ്പെട്ടിട്ടുള്ള സ്ഥലമായതുകൊണ്ടു് അവിടെ ദൈവത്തിൻെറ പ്രത്യേകസാന്നിദ്ധ്യമുണ്ടു്. പലരും പ്രാർത്ഥിക്കുവാനായി സമ്മേളിക്കുമ്പോൾ അവിടെ അങ്ങുന്നു് പ്രത്യേകവിധത്തിൽ സന്നിഹിതനായിരിക്കുമെന്നു ദിവ്യരക്ഷകൻ അരുളിച്ചെയ്തിട്ടുണ്ടല്ലോ. എന്നാൽ, കത്തോലിക്കാദേവാലയത്തിലാണെങ്കിൽ വി. കുർബാനയിൽ നമ്മുടെ ദിവ്യരക്ഷകൻെറ യഥാർത്ഥസാന്നിദ്ധ്യവുമുണ്ടു്. തന്നിമിത്തം ദേവാലയമായിരിക്കട്ടെ നമ്മുടെ പ്രാർത്ഥനാരംഗം. ദിവ്യബലിയിൽ സംബന്ധിച്ചും, ഇടയ്ക്കിടെ വി. കുർബാനയെ സന്ദർശിച്ചും നമ്മുടെ ഇടവകദേവാലയം നമ്മുടെ ആനന്ദസങ്കേതമായിരിക്കട്ടെ. "കർത്താവിൻെറ ശുദ്ധസ്ഥലത്തിൽ കർത്താവിനെ നിങ്ങൾ സ്തുതിപ്പിൻ."

(ജെ. ചെമ്മണൂർ)


## മേയ് 2-ാം തീയതി

എൻെറ മകൻെറയും രണ്ടാമത്തെ മകളുടെയും വിവാഹദിനമാകയാൽ മേയ് മാസം 2-ം 3 ം തീയതികളായ ബുധൻ, വ്യാഴം എന്നീ ദിവസങ്ങളിൽ ഞാൻ എറണാകുളം ക്യാമ്പിൽ ഉണ്ടായിരിക്കുന്നതല്ലെന്നും

ടി 2-ാം തീയതി ബുധനാഴ്ചമാത്രം എറണാകുളം, തൃശ്ശൂർ സെയിൽസ് ഡിപ്പോകൾ തുറക്കുന്നതല്ലെന്നും

മാന്യവായനക്കാരെ അറിയിച്ചുകൊള്ളുന്നു.

എന്നു്, കാളത്തു് പാവുണ്ണി ഔസേപ്പു് വൈദ്യൻ
Prop: കാളൻ ആയുർവ്വേദിക് ഫാർമ്മസി
(റെയിൽവേസ്റ്റേഷനു സമീപം) നെല്ലായി P. O.


## For Favours received



K. M. A., Previthanam

## വൈദികനോട്ട

### കൃതജ്ഞത

ആഫ്രിക്കായിലെ അബെഡ്ജൻ മിഷനിലെ നിഗ്രോ ജാതിക്കാർ മലമ്പനിനിമിത്തം മരണംപ്രാപിച്ച ഒരു ഫ്രഞ്ചുമിഷനറി വൈദികനായ ഫാദർ കോൺസ്റ്റൻറു ക്ലുഡെലിനുവേണ്ടി 1350-ലധികം കുർബാനകൾ ചൊല്ലിച്ചിരിക്കുന്നു. അക്രൈസ്തവർപോലും അതിനുവേണ്ടി ധനസഹായം ചെയ്യുകയുണ്ടായി. "ഫാദർ ക്ലുഡെൽ ക്രിസ്ത്യാനികൾക്കുവേണ്ടി മാത്രമല്ല, ഞങ്ങൾക്കുവേണ്ടിക്കൂടിയാണു ജീവത്യാഗം ചെയ്തതു്" എന്നത്രെ അവർ പറഞ്ഞതു്. 1950 സെപ്തംബറിൽ ഫ്രാൻസിൽനിന്നും പുറപ്പെട്ട ഫാദർ ക്ലുഡെൽ മൂന്നുമാസം മാത്രമേ അബെഡ്ജൻ മിഷനിൽ വേല ചെയ്തുള്ളു.

കുടുംബപംക്തി

# കുട്ടികൾ

## അഞ്ചുവയസ്സിനു താഴെ

(എൻ. എ. കെ.)

അഞ്ചുവയസ്സിനടുത്തു പ്രായമാകുമ്പോൾ കുട്ടികൾ ഉൽസാഹഭരിതരും ഏറെക്കുറെ അസ്വാസ്ഥരും പുതിയ ജീവിതാനുഭവങ്ങളുടെ ആസ്വാദനത്തിനായി തത്രപ്പെടുന്നവരുമായി കാണപ്പെടും. ശിശുപരിശീലനകേന്ദ്രങ്ങൾ വളരെ വിരളമായതിനാൽ അങ്ങനെയുള്ള കേന്ദ്രങ്ങളിലേക്കു കുട്ടികൾക്കുപോകുവാനുള്ള സാദ്ധ്യതകൾ വളരെ കുറവാണ്. പിന്നെ ഭവനഭിത്തികൾക്കു വെളിയിലായി കുട്ടികൾ പ്രഥമതഃ ദർശിക്കുന്ന ഏററവും വിശാലമായ ലോകം നമ്മുടെ സണ്ടേസ്കൂളുകളാണ്. കേവലം നാലുവയസ്സ് മാത്രം പ്രായമുള്ള കുട്ടിക്കു സണ്ടേസ്കൂൾ ഏററവും രസകരമായ ചില അനുഭവങ്ങളെ പ്രദാനം ചെയ്യുന്ന ജീവിതരംഗമായിത്തീരുന്നു. ഓരോ ഞായറാഴ്ചയും ആ നാലുവയസ്സുകാരൻ സൺഡേസ്കൂളിൽനിന്നും ഉന്മേഷഭരിതനായിട്ടാണു തിരികെ വരുന്നതു്. ഒട്ടധികം പുതിയ അനുഭവങ്ങളെപ്പററിയും സൺഡേസ്കൂളിൽവച്ചു കേൾക്കുവാനിടയായ പുതിയ കഥകളെപ്പററിയും പാടുവാനിടയായ പുതിയ പാട്ടുകളെപ്പററിയും പരിചയിക്കുവാനിടയായ പുതിയ ആളുകളെപ്പററിയും മാതാപിതാക്കന്മാരോടു പറയുവാനുള്ള താല്പര്യം സൺഡേസ്കൂളുകളിൽനിന്നും തിരികെ വരുന്ന കുട്ടി പ്രകടിപ്പിക്കുന്നതായി കാണാം. അപ്പോൾ മാതാപിതാക്കൾക്കു് അവരുടെ കുഞ്ഞുങ്ങളുടെ പരിശീലനകാര്യത്തിൽ സഭയുടെ എത്രമാത്രം കഴിവു്, സ്നേഹം, പ്രാർത്ഥന ഇവയൊക്കെയും ഉപകരിക്കുന്നുവെന്നു് ഗ്രഹിക്കുവാൻ കഴിയുന്നു. അതുകൊണ്ടു സണ്ടേസ്കൂളിന്റെ സഹായം നമുക്കു സ്വാഗതം ചെയ്യാം; എന്നാൽ അതിലുപരിയായി നാം ഒന്നും ചെയ്യേണ്ടെന്നു് അതിനർത്ഥമില്ല. നമുക്കുതന്നെ ഏതെല്ലാം വിധത്തിൽ ദൈവത്തെപ്പററിയും യേശുക്രിസ്തുവിനെപ്പററിയും കുട്ടികളോടു സംസാരിക്കാമെന്നു നാം ചിന്തിക്കേണ്ടതാണ്. നമ്മുടെ ഭവനത്തെ കേന്ദ്രീകരിച്ചാണ് ഈ പ്രായത്തിലും കുട്ടിയുടെ ജീവിതം പുരോഗമിച്ചുകൊണ്ടിരിക്കുന്നതെന്നു നാം സ്മരിക്കണം. സണ്ടേസ്കൂളുകൾക്കു് ഒരു കുട്ടിയുടെ സ്വഭാവത്തെ കരുപ്പിടിപ്പിക്കുവാൻ കഴിയുന്നതിനെക്കാൾ വളരെ കൂടുതലായി നമ്മുടെ വീട്ടിലെ സാഹചര്യങ്ങൾക്കു നമ്മുടെ കുട്ടികളുടെ സ്വഭാവത്തെ നല്ലതോ തീയതോ ആക്കുവാൻ കഴിയും. ഓരോ ദിവസവുമുള്ള ഓരോ വിനാഴികയും ശിശുഹൃദയത്തെ രൂപപ്പെടുത്തിക്കൊണ്ടാണ് മുൻപോട്ടുനീങ്ങുന്നതു്. ഒരു ശിശു ആരോഗ്യവാനും ഉന്മേഷഭരിതനും ദയാലുവുമായി വളർന്നുവരേണ്ടതിനു നാം സ്വീകരിക്കുന്ന അനുദിനപരിപാടികൾക്കു് ആ ശിശു ദൈവത്തിന്റെ കുഞ്ഞായി വളർന്നുവരുന്നതിനു സഹായിക്കുന്നതിൽ പരമപ്രധാനമായ ഒരു സ്ഥാനമുണ്ടു്. അതുകൊണ്ടു് ഓരോ ദിവസവും നമ്മുടെ കുട്ടികളുടെ ജീവിതത്തെ ബാധിക്കാവുന്ന നിസ്സാരകാര്യങ്ങളിൽപ്പോലും നാം വളരെ ബുദ്ധിപൂർവ്വം ശ്രദ്ധിക്കണം. കൊച്ചുകുട്ടികൾ കൈകാര്യംചെയ്യുന്ന കളിക്കോപ്പുകൾക്കുപോലും അവരുടെമേൽ വലുതായ സ്വാധീനം ചെലുത്തുവാൻ കഴിയും.

അവരുടെ കളിക്കോപ്പുകൾ എന്തൊക്കെ ആയിരിക്കണം? വിലപിടിച്ച യാന്ത്രികസാമഗ്രികൾ കുട്ടികൾക്കു നല്കുവാൻ നാം ബദ്ധപ്പെടരുതു്. അവ അൽപനേരത്തേക്കു അവർ ഇഷ്ടപ്പെട്ടെന്നുവരാം. എന്നാൽ അവ ഉപയോഗിക്കേണ്ടതെങ്ങനെ എന്നു മനസ്സിലാക്കുവാനുള്ള കഴിവു് കുട്ടികൾക്കില്ലാത്തതിനാൽ നാം സമ്മാനിച്ച വിലപിടിച്ച ഉപകരണങ്ങളൊക്കെ അവരെ സംബന്ധിച്ചിടത്തോളം നിഷ്പ്രയോജനങ്ങളായി മാത്രം ശേഷിക്കും. ഏററവും നല്ല കളിക്കോപ്പുകൾ ഏററവും വിലകുറഞ്ഞ ചില സാധനങ്ങളായിരിക്കും. ഇത്തരം കളിക്കോപ്പുകൾ കൂടെക്കൂടെ ഉപയോഗിക്കുവാൻ കുട്ടികൾ കൂടുതൽ താല്പര്യം പ്രകടിപ്പിക്കാറുണ്ടു്. കൊച്ചുകുട്ടികൾക്കു നൽകാവുന്ന നല്ല ഒരു കളിക്കോപ്പ് തടികൊണ്ടുണ്ടാക്കിയ വണ്ടിയാണ്. അതു് ഉന്തിക്കൊണ്ടു നടക്കുവാൻ കൊച്ചുകുട്ടികൾക്കു വളരെ രസംതോന്നും. ഒരു മരപ്പാവ സമ്മാനിച്ചാലും തരക്കേടില്ല. അവരുടെ കൈയിൽ ഒതുങ്ങുന്നതും കാണുവാൻ ഭംഗിയുള്ളതുമായ പന്തു നല്കുന്നതും വളരെ നന്നാണ്. പന്തെടുത്തെറിയുവാനും അതിന്റെ പിന്നാലെ ഓടുവാനും ചാടുവാനും ഒക്കെ കൊച്ചുകുട്ടികൾ വളരെയധികം ഇഷ്ടപ്പെടും. ചരടിൽ കോർക്കുന്നതിനുള്ള ദ്വാരങ്ങളോടുകൂടിയ മരപ്പന്തുകൾ വാങ്ങി ഒരു തകരത്തിൽ സൂക്ഷിക്കുക. അതോടുകൂടെ ഒററത്തു കെട്ടിട്ട ഒരു തുകൽച്ചരടും ഉണ്ടായിരിക്കണം. (തകരത്തിന്റെ വക്കു് മൂർച്ചയില്ലാത്തതും കുട്ടികൾക്കു് അനായാസേന തുറക്കുവാൻ തക്ക അടപ്പോടുകൂടിയതും ആയിരിക്കണം.) അടപ്പോടുകൂടിയ കട്ടിക്കടലാസ്സുപെട്ടിക്കകത്തു് പോസ്റ്റ്കാർഡുവലിപ്പത്തിലുള്ള മൃഗങ്ങളുടെയും പക്ഷികളുടെയും ഭംഗിയുള്ള പടങ്ങൾ സൂക്ഷിക്കുക. പടങ്ങൾ നേരംപോക്കിനുള്ളതോ വൃത്തികെട്ടതോ ആയിരിക്കരുതു്. അഞ്ചു വയസ്സിനു താഴെ പ്രായമുള്ള കുട്ടി ആ പടങ്ങൾ തറയിലോ മേശപ്പുറത്തോ എങ്ങനെ ക്രമീകരിച്ചുവയ്ക്കുന്നു എന്നു ശ്രദ്ധിക്കുക. കുറെ ചായപ്പെൻസിൽ വാങ്ങി ഉറപ്പുള്ള ഒരു തകരപ്പെട്ടിയിൽ സൂക്ഷിക്കുക. വർത്തമാനപ്പത്രങ്ങളോ ബ്രൗൺപേപ്പറോ വാങ്ങി അതും സൂക്ഷിക്കുക. കുട്ടിയുടെ ഇഷ്ടംപോലെ അവൻ വല്ലതും വരയ്ക്കുകയും എഴുതുകയുംചെയ്യട്ടെ. അററം വൃത്താകൃതിയിലുള്ള കത്രികകൊണ്ടു് കടലാസിൽ നിന്നു പല രൂപങ്ങളോ, വല്ല കാററലോഗുകളിൽ കാണുന്ന ചിത്രങ്ങളോ, വെട്ടിയെടുക്കുന്നതിനു അനുവദിക്കുകയും അങ്ങനെ കുഞ്ഞുങ്ങളുടെ പിഞ്ചു വിരലുകൾക്കു ആയാസവും ആനന്ദവും നല്കുകയും വേണം. എന്നാൽ ആദ്യമാദ്യം മാതാവു കൂടെയുള്ള അവസരങ്ങളിലേ ഇതിനനുവദിക്കാവൂ. വീടു വയ്ക്കുവാനുള്ള ഇഷ്ടികക്കഷണങ്ങൾ, പാവയുടെ പാത്രങ്ങൾ, വള, വളർത്തുമൃഗങ്ങളുടെ രൂപങ്ങൾ മുതലായവ അഞ്ചുവയസ്സിൽ താഴെ പ്രായമുള്ള കുട്ടികൾക്കു പററിയ ചില കളിപ്പാട്ടങ്ങളാണ്. നിസ്സാരവിലയ്ക്കു ഈവിധമുള്ള കളിക്കോപ്പുകൾ പാവകളെ വില്ക്കുന്ന കടകളിൽനിന്നു വാങ്ങാവുന്നതാണ്. മനോഹരമായ ചിത്രങ്ങളുള്ള പുസ്തകങ്ങൾ കൊച്ചു കുട്ടികൾ വളരെയധികം ഇഷ്ടപ്പെടുന്നു. ഏതുവിധത്തിലാണ് പുസ്തകം സൂക്ഷിക്കേണ്ടതെന്നും, കടലാസുകൾ കീറാതെ പുസ്തകത്തിന്റെ താളുകൾ മറിക്കേണ്ടതെങ്ങനെയെന്നും പറഞ്ഞു മനസ്സിലാക്കിയാൽ കൊച്ചുകുട്ടികൾ പുസ്തകങ്ങൾ വളരെയധികം ഇഷ്ടപ്പെടും.

മൃഗങ്ങളുടെയും, പുഷ്പങ്ങളുടെയും, പക്ഷികളുടെയും മനോഹരമായ ഭൂവിഭാഗങ്ങളുടെയും ചിത്രങ്ങളുള്ള പുസ്തകങ്ങൾ കൊച്ചുകുട്ടികൾക്കു കൊടുക്കുന്നതു കൊള്ളാം. കൊച്ചുകുട്ടികളിൽ ഭയം ഉളവാക്കുവാൻ ഉപകരിക്കുന്നവയും അസംഭവ്യങ്ങളുമായ യാതൊന്നും അവർക്കു കൊടുക്കാതിരിക്കുവാൻ പ്രത്യേകം കരുതണം. ഉദാഹരണമായി ഭൂതപ്രേതാദികളെ ചിത്രീകരിക്കുന്ന പടങ്ങൾ ഒരിക്കലും അനുയോജ്യമായിരിക്കുകയില്ല. കുട്ടികൾക്കു കളിക്കുവാൻ കൊടുക്കുന്ന കളിക്കോപ്പുകൾ അവരുടെ സ്വന്തമാണെന്നു് അവരെ ധരിപ്പിക്കണം. കഴിയുന്നതും അവരുടെ കളിക്കോപ്പുകൾ സൂക്ഷിച്ചുവയ്ക്കുവാൻ ഏതെങ്കിലുമൊരു പ്രത്യേക സ്ഥാനം അവർക്കായി വേർതിരിച്ചുകൊടുക്കുന്നതു് വളരെ നല്ലതാണ്. ആയതിനു് ഒരു പെട്ടി അവരുടെ നിയന്ത്രണത്തിൽ വിട്ടുകൊടുത്താലും തരക്കേടില്ല. കളിക്കോപ്പുകൾ പെട്ടിയിൽ അടുക്കിവയ്ക്കുന്നതിനും അതിൽനിന്നെടുത്തു നിരത്തിവയ്ക്കുന്നതിനും എല്ലാം അവനെ അനുവദിച്ചുകൊടുക്കണം. കളിക്കോപ്പുകൾ തന്റേതാണെന്നു ബോദ്ധ്യമായാൽ അതൊക്കെ പെട്ടിയിൽ സൂക്ഷിക്കുന്നതിനും പെട്ടിയിൽ നിന്നെടുത്തു നിരത്തിവയ്ക്കുന്നതിനും അവൻ അതിയായ താല്പര്യം പ്രകടിപ്പിക്കുന്നതായി കാണാം.

## കുളമ്പ്

(3-ാം പേജ് തുടർച്ച)

ടിയെല്ലുകൾ രണ്ടുംകൂടി കൂട്ടിയടിക്കയായിരുന്നു തണുപ്പുകൊണ്ടു്. വെള്ളം ഉടുപ്പിൽനിന്നും ഒഴുകിക്കൊണ്ടുമിരുന്നു. ജൂലിയായ്ക്കു വളരെ സങ്കടംതോന്നി തന്നെപ്പോലൊരു ജീവി അങ്ങനെ കഷ്ടത അനുഭവിക്കുന്നല്ലോ എന്നോർത്തു്. വളരെ ആലോചിച്ചിട്ടും അതുപോലെ മഹാത്യാഗമനുഭവിക്കുവാൻ സന്നദ്ധനായ ഒരു പ്രോട്ടസ്റ്റൻറു വൈദികനെ അവളുടെ സ്മൃതിപഥത്തിൽ കിട്ടിയില്ല. അച്ചൻ അവളെ അനുഗമിച്ചു. വിശാലവും ചൂടുള്ളതുമായ ഒരു മുറിയിലാണ് അദ്ദേഹം ചെന്നുനിന്നതു്. കതകിന്റെ വിടവിനിടയിൽക്കൂടി റോസാലിയാ അദ്ദേഹത്തെ സൂക്ഷിച്ചുനോക്കി. അവൾക്കൊരത്ഭുതം. കത്തോലിക്കാവൈദികനെപ്പററി മറെറന്തൊക്കെയോ ആണ് അവൾ ധരിച്ചുവച്ചിരുന്നതു്. ഇതായിരിക്കുമോ ചെമ്മരിയാടിന്റെ തോൽ എന്നും അവൾ സംശയിക്കാതിരുന്നില്ല.

അദ്ദേഹം ഒരു മരക്കസേരയിൽ ഇരുന്നു. ജൂലിയാ അടുത്തുതന്നെ നില്ക്കയാണ്. "എനിക്കു നല്കിയ സഹായത്തിനു സഹോദരിയെ ദൈവം അനുഗ്രഹിക്കട്ടെ. ഇവിടെ വന്നു കയറിയില്ലായിരുന്നുവെങ്കിൽ എന്റെ ജീവൻതന്നെയും അപകടത്തിലാകുമായിരുന്നു." കൃതജ്ഞത വാർത്തെടുത്ത വാചകങ്ങൾ. റോസാലിയായുടെ ഹൃദയസ്പന്ദനം വർദ്ധിച്ചു. ഒരു കത്തോലിക്കാവൈദികൻ ഇത്രമാത്രം സംസ്കാരചിത്തനായിരിക്കുമെന്നു് അവൾ കരുതിയിരുന്നില്ല. "ക്ഷമിക്കണം. എന്റെ ഷൂസ് മുഴുവനും വെള്ളംകൊണ്ടു നിറഞ്ഞിരിക്കുന്നു. ഞാൻ ഇതെല്ലാം ഒന്നഴിച്ചുനിക്കട്ടെ." അച്ചൻ കുനിഞ്ഞു് ഷൂസ് അഴിച്ചു. കാൽമേസ് ഊരി. കതകിന്റെ പുറകിൽ ഒളിച്ചുനില്ക്കുവാൻ റോസാലിയായ്ക്കു കഴിഞ്ഞില്ല. ഒരു വിളക്കും എടുത്തുകൊണ്ടു അവൾ അച്ചന്റെ കുളമ്പു കാണുവാൻ വന്നു.

റോസാലിയായും ജൂലിയായും പരസ്പരം നോക്കി. "ഇതു തീർച്ചയായും ഒരു കത്തോലിക്കാവൈദികനല്ല. അദ്ദേഹം നമ്മെ കളിപ്പിക്കയാണു ചെയ്തതു്." റോസാലിയാ മന്ത്രിച്ചു ജൂലിയായുടെ ചെവിയിൽ. ജൂലിയായ്ക്കു് അതു ബോദ്ധ്യമായില്ല.

"നോക്കണം, കള്ളം പറയുന്ന ഒരു മുഖമാണോ അതെന്നു നോക്കണം."

"പക്ഷേ എന്റെ അറിവു് കത്തോലിക്കാവൈദികനു കുളമ്പുണ്ടെന്നാണല്ലോ."

"ആ അറിവു് തെററായിരിക്കരുതോ?"

"ഓഹോ, ആ അറിവു്, എന്റെ മാതാപിതാക്കന്മാരും അമ്മായമ്മയും അമ്മായപ്പനും നൽകിയ ആ അറിവു് തെററാണെന്നോ! എന്നാൽ ലോകം മുഴുവനും തെററാണെന്നു ഞാൻ വിശ്വസിച്ചുകളയും."

"അതു വേണ്ടാ. നമുക്കിദ്ദേഹത്തോടു തന്നെ ഒന്നു ചോദിക്കാം."

റോസാലിയായുടെ ഭയം നീങ്ങി. അച്ചന്റെ അടുക്കലേക്കു് അല്പംകൂടി അടുത്തുനിന്നു. "അങ്ങു് വാസ്തവത്തിൽ ഒരു കത്തോലിക്കാവൈദികനാണോ?" ഫാദർ ടെല്ലിയർ കുതിച്ചുവന്ന ചിരിയെ അമർത്തിക്കൊണ്ടു പറഞ്ഞു: "തീർച്ചയായും. സംശയിക്കുവാൻ കാരണമെന്തു്?" മറുപടിപറയുവാൻ അല്പം കുഴങ്ങി റോസാലിയാ. എങ്കിലും ജൂലിയായുടെ നിർബന്ധത്തിനു വഴിപ്പെട്ടു പറഞ്ഞു: "ക്ഷമിക്കണേ. ഞങ്ങൾ ഇതുവരെയും ധരിച്ചുവച്ചിരുന്നതു് കത്തോലിക്കാവൈദികർ ഒരുതരം പ്രത്യേകജീവികളാണെന്നും അവരുടെ കാലു് ഇരട്ടക്കുളമ്പുള്ളതാണെന്നുമാണ്."

"അങ്ങനെയോ! എന്നാൽ എന്റെ പാദങ്ങൾ ഒന്നുകൂടി നോക്കിക്കൊൾക. നിങ്ങളുടെ തെററിദ്ധാരണ ഇന്നെങ്കിലും നീങ്ങിക്കാണുമല്ലോ."

"നീങ്ങിയെന്നുതന്നെയല്ല, ഇത്രയുംനാളും ഇങ്ങനെവിചാരിച്ചിരുന്നതിൽ ലജ്ജിക്കയുംചെയ്യുന്നു." ജൂലിയാ കയറിപ്പറഞ്ഞു.

"ഇനി നമുക്കു കുട്ടികളെ ഇങ്ങു കൊണ്ടുവരരുതോ?" റോസാലിയായുടെ വിഡ്ഢിത്തത്തെ പരിഹസിക്കുന്നതുപോലെ തോന്നി ആ ചോദ്യം. ജൂലിയായുടെ ഉരത്തിൽ ഒരു നുള്ളുകൊടുത്തിട്ടു പറഞ്ഞു റോസാലിയാ: "അതൊന്നും ഇനി അച്ചൻ കേൾക്കെ മിണ്ടരുതു്. ഓടിച്ചെന്നു നീ കുട്ടികളെ കൊണ്ടുവരിക."

ഫാദർ ടെല്ലിയറുമായി ആ കുട്ടികൾ വളരെവേഗം പരിചയപ്പെട്ടു. ഒരാൾ അദ്ദേഹത്തിന്റെ മടിയിൽ കയറി ഇരിപ്പായി. മറെറാരാൾ അദ്ദേഹത്തിന്റെ ഉരത്തേൽ ചാരിനിന്നു. അദ്ദേഹം പോക്കററിൽനിന്നും ഒരു ചെറിയ വെള്ളിക്കുഴൽ എടുത്തു് ഒരു പാട്ടുപാടി. ധൃതിയിൽ ചൂടുചായ തയാറാക്കിക്കൊണ്ടിരുന്ന റോസാലിയായും ജൂലിയായും അതിൽ അല്പം ലയിച്ചുനിന്നു. ജൂലിയാ പറയുകയാണ്: "ഈ അപകടം വലിച്ചുവച്ചതിനു കൊച്ചമ്മ എന്തു ശിക്ഷയായിരിക്കും എനിക്കു തരാൻപോകുന്നതു്?"

"എന്റെ ജൂലിയാ, നീ ജയിച്ചിരിക്കുന്നു. ഇനിയെങ്കിലും എന്നെ കളിയാക്കാതിരിക്കണം."

"എങ്കിലും കൊച്ചമ്മയ്ക്കു് ഇപ്പോൾ അഭിപ്രായം എന്താണ് കത്തോലിക്കാവൈദികരെപ്പററി?"

"എന്തു പറയാനാണ്! ധരിച്ചുവച്ചിരുന്നതെല്ലാം തെററു്. ഇനി ഞാൻ ഒന്നു പഠിക്കുവാൻതന്നെ തീർച്ചയാക്കിയിരിക്കയാണ്."

ഫാദർ ടെല്ലിയറിനു റോസാലിയാ ഡെന്നിന്റെ ഗൃഹത്തിൽ എപ്പോഴും സ്വാഗതം ലഭിച്ചിരുന്നു. കത്തോലിക്കാമതഗ്രന്ഥങ്ങൾ ആ വീട്ടിൽ സുലഭമായി. റോസാലിയായും ജൂലിയായുംകൂടിയാണു് ആദ്യമായി ആ പ്രദേശത്തുനിന്നും കത്തോലിക്കാസഭയിൽ പ്രവേശിച്ചതു്. അവരെ അനുകരിക്കുവാൻ അനേകംപേർ വേറെയുമുണ്ടായി.

## സ്വർണ്ണക്കപ്പുകട്ടവൻ

സേഫ് കുത്തിത്തുറക്കൽ, വ്യാജനാണയനിർമ്മാണം എന്നിങ്ങനെയുള്ള ദുഷ്കൃത്യങ്ങൾക്കു കുപ്രസിദ്ധനായിരുന്ന ഒരു പെരുങ്കള്ളനാണു "ജോണി ദി ജെൻറ്". ബ്രിട്ടീഷുപോലീസിന്റെ റിക്കാർഡുകളിൽ, കുതിരപ്പന്തയത്തിനുവച്ചിരുന്ന "അസ്കോട്ടു് സ്വർണ്ണക്കപ്പ്" മോഷ്ടിച്ചവൻ എന്ന നിലയിൽ ജോണി മായാമുദ്രപതിച്ചിട്ടുള്ളതാണ്. അയാൾ ഈയിടെ 80-ാമത്തെ വയസ്സിൽ ലണ്ടനിൽവച്ചു നിര്യാതനായിരിക്കുന്നു. മരണത്തിനുമുമ്പ് അയാൾ കത്തോലിക്കാമതം സ്വീകരിച്ചുവെന്നതു പ്രസ്താവ്യമത്രെ.

ജോണിയുടെ ഒരു സ്നേഹിതനായിരുന്നു ജോസഫ് മിനി എന്ന പത്രറിപ്പോർട്ടർ. ഇദ്ദേഹം ഒരു രാത്രി എന്തോകാര്യം പ്രമാണിച്ച് ജോണിയെ കാണാമെന്നു വാഗ്ദാനം ചെയ്തിരുന്നതാണ്. എന്നുവരികിലും, ഒരു കത്തോലിക്കനായ ജോസഫ് മിനി ജോണിയോടു് ഇപ്രകാരം പറയാൻ നിർബന്ധിതനായി: "ഇന്നു രാത്രി എനിക്കു താങ്കളെ വന്നു കാണുവാൻ നിവൃത്തിയില്ല. എനിക്കു ഞങ്ങളുടെ പള്ളിയിൽ നടത്തുന്ന ധ്യാനം കൂടുവാൻ പോകേണ്ടിയിരിക്കുന്നു."

"കൊള്ളാം ജോ, എന്നാൽ നീ മുട്ടുകുത്തിനില്ക്കുമ്പോൾ എനിക്കുവേണ്ടിക്കൂടി ഒരു കൊച്ചുപ്രാർത്ഥന ചൊല്ലണം കേട്ടോ." ജോണി പ്രതിവചിച്ചു.

രണ്ടുമൂന്നു മാസങ്ങൾക്കുശേഷം ജോണി സ്വസുഹൃത്തിനെ തേടിപ്പിടിച്ചശേഷം പറകയാണ്: "ജോ, നീ ഓർക്കുന്നുണ്ടോ, നീ ധ്യാനത്തിനുപോയപ്പോൾ എനിക്കുവേണ്ടി പ്രാർത്ഥിക്കാൻ ഞാൻ നിന്നോടു് ആവശ്യപ്പെട്ട കാര്യം. ആ പ്രാർത്ഥന ഫലിച്ചിരിക്കുന്നു. ഇന്നലെ രാത്രി കാംഡൺ ടൗണിലെ ദേവാലയത്തിൽവച്ചു ഞാൻ നിങ്ങളുടെ സഭയിലേക്കു സ്വീകരിക്കപ്പെട്ടിരിക്കുന്നു."

ജോണി—ജോൺ ബ്ലൂംഫീൽഡ് വുഡ് എന്നായിരുന്നു അയാളുടെ പൂർണ്ണനാമം—ഒരു പ്രോട്ടസ്റ്റൻറു പാതിരിയുടെ പുത്രനായിരുന്നുവത്രെ. ലണ്ടനുസമീപമുള്ള കാംഡൻടൗണിലെ, ഒരു മുറിമാത്രമുള്ള തന്റെ വീട്ടിൽക്കിടന്നാണ് ആ വയോവൃദ്ധൻ ജീവൻ വെടിഞ്ഞതു്. ലണ്ടൻ ആസ്പത്രിയിൽ ജോണിക്കുവേണ്ടി ഒരു കട്ടിൽ സജ്ജമാക്കപ്പെട്ടെങ്കിലും പാവപ്പെട്ട തന്റെ ഭവനത്തിൽത്തന്നെ അവസാനദിവസങ്ങൾ കഴിച്ചുകൂട്ടുവാനാണു തന്റെ ആഗ്രഹമെന്നു അയാൾ നിർബന്ധമായിപ്പറഞ്ഞു. സ്നേഹിതന്മാർ അയച്ചിരുന്ന ക്രിസ്തുമസ്സുകാർഡുകൾ പരിശോധിക്കുന്നതു അന്ത്യദിനങ്ങളിൽ അയാൾക്കു് ഏററം ആശ്വാസദായകമായ ഒരു കൃത്യമായിരുന്നു.

## ആ ദുരന്തനാടകത്തിലെ പാത്രങ്ങൾ

# പീലാത്തോസ്

(ഫാദർ എസ്സ്. തേർമ്മാം എം. ഒ. എൽ.)

(തുടർച്ച)

നീതിപാലിക്കുന്നതിന് എതിർകക്ഷിയുടെ സഹായം വൃഥാ തേടുന്ന ആ ന്യായാധിപന്റെ ദയനീയസ്ഥിതിയിൽ ക്രിസ്തുവിനു അനുകമ്പയാണുണ്ടായതു്. പീലാത്തോസിന്റെ ഹൃദയത്തെ പൊതിഞ്ഞിരിക്കുന്ന അവിശ്വാസകാർമേഘത്തെ വലിച്ചുനീക്കി സത്യത്തിന്റെ കതിരൊളി വീശാൻ ക്രിസ്തു ശ്രമിച്ചുനോക്കി. പക്ഷെ ആ നീതിന്യായാധിപന്റെ ഹൃദയം അപ്പോഴും അന്ധകാരാവൃതമായിത്തന്നെയിരുന്നു.

തടിച്ചുകൂടിയിരിക്കുന്ന ആ കൂരിരുളിനെ അകററുവാൻ അദ്ദേഹം തെല്ലും ശ്രമിച്ചതുമില്ല. "എന്തു സത്യം" എന്നു് അലക്ഷ്യമായി ചോദിച്ചുകൊണ്ടു് അദ്ദേഹം പ്രധാനാചാര്യന്മാരുടെ പക്കലേക്കു തിരിഞ്ഞു്, "ഞാനിവനിൽ യാതൊരപരാധവും കാണുന്നില്ല" എന്നു പരസ്യമായി പറഞ്ഞു. ഈ പ്രഖ്യാപനംകൊണ്ടു് അദ്ദേഹം സ്വന്തം ബലഹീനതയെ വലിച്ചു് പുറത്തിടുകയാണു ചെയ്തതു്. പ്രതി നിർദ്ദോഷിയാണെന്നു വിധിയാളൻ വിധിപ്രസ്താവിച്ചാൽ വിസ്താരം അതോടുകൂടി അവസാനിക്കേണ്ടതാണു്. ആ ഭരണാധിപതിയുടെ ഭീരുത്വത്തിന്റെ തനിനിറം കണ്ടിട്ടുള്ള യഹൂദനേതാക്കന്മാരുണ്ടോ തങ്ങളുടെ ഇരയെ അത്ര ക്ഷണത്തിൽ വിട്ടുകളയുന്നു! അത്ര പോരാത്തവരല്ല ആ പുരോഹിതന്മാർ! ക്രിസ്തുവിനെ കുരിശിൽ തറച്ചുകൊല്ലുവാനുള്ള കല്പന പീലാത്തോസിനെക്കൊണ്ടു് എഴുതിച്ചേ തങ്ങൾ മടങ്ങുകയുള്ളുവെന്നു് ദൃഢനിശ്ചയം ചെയ്തിറങ്ങിട്ടുള്ളവരാണു് അവർ. അതു സാധിക്കുന്നതിനുള്ള തന്ത്രങ്ങളും അവർക്കറിയാം. എന്നാൽ പീലാത്തോസിന്റെ പരസ്യപ്രഖ്യാപനം അവരെ തെല്ലൊന്നിളക്കി. ക്രിസ്തു തങ്ങളുടെ കരങ്ങളിൽനിന്നു വഴുതിപ്പോകുമോ എന്നവർ സംശയിച്ചു. വിശന്നു പരവശനായിരിക്കുമ്പോൾ കഷ്ടപ്പെട്ടു തേടിപ്പിടിച്ച ഇരയെ അപഹരിക്കുവാനെത്തിയവന്റെ നേരെ പുലിയെന്നപോലെ അവർ പീലാത്തോസിന്റെ നേരെ കയർത്തു. അവസാനപോരാട്ടത്തിനു് ആവനാഴിയിൽ കരുതിവെച്ചിരുന്ന മൂർച്ചയുള്ള അപരാധാസ്ത്രങ്ങളെ ഓരോന്നായി എടുത്തു് അവർ ക്രിസ്തുവിന്റെ നേരെ പ്രയോഗിച്ചു. അവയോരോന്നും ആ നിത്യപരിശുദ്ധനിൽചെന്നു് തറച്ചിട്ടും അവിടുന്നു് അക്ഷോഭ്യനായി പീലാത്തോസിന്റെ സന്നിധിയിൽ നിലകൊണ്ടു. മൗനം ദീക്ഷിച്ചുകൊണ്ടുള്ള ക്രിസ്തുവിന്റെ പ്രശാന്തഗംഭീരമായ ആ നില പീലാത്തോസിന്റെ ശേഷിച്ച ധൈര്യത്തെക്കൂടി തളർത്തിക്കളഞ്ഞു. ഒരു നീതിമാന്റെ നിർമ്മലരക്തത്തിൽ കൈയിടരുതെന്നു അദ്ദേഹത്തിന്റെ മനസ്സാക്ഷി ശക്തിയായി ഉപദേശിച്ചു. യഹൂദന്മാരിൽ പ്രബലന്മാരായ പലരുമുണ്ടെന്നു് അദ്ദേഹത്തിനറിയാം. അവരുടെ അഭിപ്രായത്തിനു് വിരുദ്ധമായി പ്രവർത്തിച്ചാൽ സീസറിന്റെ സന്നിധിയിൽ ആവലാതിബോധിപ്പിച്ചു് ഗവർണ്ണർസ്ഥാനത്തുനിന്നു തന്നെ ആട്ടിത്തുരത്തിയേക്കുമോ എന്ന ഭയം ഹൃദയത്തെ ഇട്ടു് കറക്കി. ഈ ദുർഘടസന്ധിയിൽനിന്നു തലയൂരുവാൻ മാർഗ്ഗം കാണാതെ പകച്ചു നില്ക്കുമ്പോഴാണു് ക്രിസ്തു ഹേറോദേശിന്റെ അധികാരാതിർത്തിയിൽപ്പെട്ടവനാണെന്നുള്ള ഒരു സൂചന പീലാത്തോസിനു ലഭിച്ചതു്. മുങ്ങിച്ചാകുവാൻ പോകുന്നവനു് ഒരു വള്ളി ലഭിച്ചാലെന്നപോലെയുള്ള ഒരാശ്വാസമാണു് അദ്ദേഹത്തിനുണ്ടായതു്. തൽക്ഷണം വാദികളേയും പ്രതിയേയും അദ്ദേഹം ഹേറോദേശിന്റെ സമീപത്തേക്കയച്ചു. ദുർവഹമായ ആ മഹാഭാരം ശിരസ്സിൽനിന്നിറക്കി പീലാത്തോസ് തെല്ലൊന്നു് ആശ്വസിക്കുമ്പോഴാണു് അന്യായക്കാരും "കുററക്കാരനും" രണ്ടാമതും പീലാത്തോസിന്റെ സന്നിധിയിലെത്തിയതു്. എന്തുചെയ്യണമെന്നറിയാതെ ആ റോമൻ ഭരണമേധാവി ഒന്നമ്പരന്നു. അരക്കാശിനു ഗതിയോ സമുദായത്തിൽ വിലയോ നിലയോ ഇല്ലാതെ, ഏതാനും മീൻപിടുത്തക്കാരെ കൂട്ടുകാരായി കൊണ്ടു് നടക്കുന്ന ഒരാശാരിയെ രക്ഷിക്കുന്നതിനുവേണ്ടി ധനാഢ്യരും സ്വാധീനശക്തിയുള്ളവരുമായ യഹൂദപ്രമാണികളുടെ വിദ്വേഷം സമ്പാദിച്ചു മാന്യമായ തന്റെ ഉദ്യോഗത്തെ അപകടത്തിലാക്കുവാൻ പീലാത്തോസ് തയ്യാറുണ്ടായിരുന്നില്ല.

ഇങ്ങനെ പീലാത്തോസ് ഏതാണ്ടൊരു നിശ്ചയത്തിന്റെ വക്കത്തേക്കു നീങ്ങുവാൻ തുടങ്ങിയപ്പോഴാണു് സ്വന്തം ഭാര്യയായ ക്ലൗദിയ പ്രോക്കുളയുടെ ഒരു ദൂതൻ സവിനയം അദ്ദേഹത്തിന്റെ മുമ്പിൽ ഒരു ചെറിയ കുറിപ്പോടുകൂടി നില്ക്കുന്നതു കണ്ടതു്. "ആ നീതിമാനോടു് ഭവാൻ ഒന്നും പ്രവർത്തിച്ചുപോകരുതു്." കുറിപ്പിലെ ഈ ചെറുവാചകം, അടഞ്ഞിരുന്ന പീലാത്തോസിന്റെ ഹൃദയത്തെ കുത്തിത്തുറന്നു. വിവിധവികാരവിചാരങ്ങൾ അതിലേക്കു തള്ളിക്കയറി. ക്രിസ്തുവിന്റെ രക്തപാനത്തിനുവേണ്ടി മുരണ്ടുകൊണ്ടിരിക്കുന്ന യഹൂദചെന്നായ്ക്കൾ ഒരുഭാഗത്തു്, പ്രാണനുതുല്യം സ്നേഹിക്കുന്ന ഭാര്യ മററൊരു ഭാഗത്തു്; നിർദ്ദോഷിയായ ക്രിസ്തു മറുഭാഗത്തു്; സ്ഥാനഭ്രംശം വന്നേക്കുമോ എന്ന ഭയം വേറൊരു ഭാഗത്തു്; നടുക്കു് പീലാത്തോസ !! പാവം! അദ്ദേഹം കുഴങ്ങി. അന്യായക്കാരുടെ സമ്മതത്തോടുകൂടി നിർദ്ദോഷിയാണെന്നു വിസ്താരത്തിൽ തെളിഞ്ഞ പ്രതിയെ വിട്ടയക്കാമെന്നു ആ ന്യായാധിപൻ വീണ്ടും ആഗ്രഹിച്ചു. വ്യർത്ഥമായ വ്യാമോഹം!! അദ്ദേഹം സ്വീകരിച്ച മാർഗ്ഗം പിഴച്ചു. അദ്ദേഹം ക്രിസ്തുവിങ്കലേക്കു് തിരിഞ്ഞുവെങ്കിൽ അവിടുന്നു് ആ ഭരണാധിപനെ രക്ഷിക്കുമായിരുന്നു. പക്ഷെ അധർമ്മംകൊണ്ടു് കുടപിടിച്ച ഹൃദയത്തിൽ സദ്വിചാരങ്ങൾ എങ്ങനെ കടന്നുചെല്ലും?

പീലാത്തോസിനെ യഹൂദന്മാർ നല്ലപോലെ പഠിച്ചുവെച്ചിട്ടുണ്ടു്. മഹാ പരാക്രമിയാണെന്നു് അദ്ദേഹം സ്വയം നടിക്കുന്നുണ്ടെങ്കിലും തികഞ്ഞ ഭീരുവാണെന്നു അതീതകാലത്തെ അനുഭവങ്ങളിൽനിന്നു അവർക്കറിയാം. അധികാരപ്രമത്തതകൊണ്ടു് ഊതിവീർത്ത അദ്ദേഹം അതു പൊട്ടിപ്പോകാതിരിക്കുവാൻ ഏതു നിന്ദ്യതയിലേക്കും ഇറങ്ങിച്ചെല്ലുമെന്നു് അവർ മനസ്സിലാക്കിട്ടുണ്ടു്. അതുകൊണ്ടു് അവരുടെ അവസാന അസ്ത്രം തൊടുത്തുവിടുവാനുള്ള അവസരം ഇതുതന്നെയാണെന്നു് അവർ തീരുമാനിച്ചു. "അങ്ങു് ഈ മനുഷ്യനെ വെറുതെ വിട്ടയക്കുമെങ്കിൽ, ഒരിക്കലും സീസറിന്റെ സ്നേഹിതനായിരിക്കയില്ല." ആ ചെറുവാചകത്തിനുള്ളിൽ തിരുകിവച്ചിരിക്കുന്ന വജ്രായുധത്തിന്റെ തിളക്കം അദ്ദേഹം നല്ലപോലെ കണ്ടു. സീസറിന്റെ ഇഷ്ടത്തിന്മേലാണു് പീലാത്തോസിന്റെ ഉദ്യോഗം തൂങ്ങിക്കിടക്കുന്നതു്. ആ ഇഷ്ടത്തെ ഈ ആയുധം അറുത്തുമുറിക്കുമെന്നും അദ്ദേഹം കണ്ടു. ഗവർണ്ണരായിരിക്കണമെങ്കിൽ ക്രിസ്തുവിനെ മരണത്തിനു വിധിച്ചേ മതിയാവു എന്ന പതനത്തിലെത്തി. യഹൂദന്മാരുടെ ദുരുദ്ദേശത്തിന്റെ നഗ്നരൂപം അദ്ദേഹം കണ്ടു. ക്രിസ്തുവിനെതിരായി അവർ കൊണ്ടുവന്ന അപരാധങ്ങൾ —വിചാരണയിൽ തകർന്നുവീണ ആക്ഷേപങ്ങൾ—അതിനെ മറയ്ക്കുന്നതിനുള്ള ഒരു തിരശ്ശീല മാത്രമായിരുന്നു. സ്ഥാനഭ്രംശം വരാതിരിക്കുവാൻ അദ്ദേഹം നിർമ്മലനായ ക്രിസ്തുവിനെ മരണശിക്ഷയ്ക്കു വിധിച്ചു. പക്ഷെ അന്യായമായ ആ വിധി അദ്ദേഹത്തെ അവസാനം സ്ഥാനഭ്രഷ്ടനാക്കുകതന്നെ ചെയ്തു.

പീലാത്തോസ് തികച്ചും അപരാധിയാണു്. "ഈ നീതിമാന്റെ രക്തത്തിൽ എനിക്കു പങ്കില്ല"യെന്നു പറഞ്ഞു പരസ്യമായി കൈ കഴുകിയെങ്കിലും അദ്ദേഹത്തിന്റെ ആത്മാവിനോടു് ഒട്ടിപ്പിടിച്ചു കളങ്കത്തെ അകററുവാൻ ആ ജലത്തിനു ശക്തിയുണ്ടായില്ല. ഭീരുതയുടെ പര്യായമായിട്ടാണു് പീലാത്തോസിന്റെ നാമം ഇന്നും ലോകത്തിൽ നിലനില്ക്കുന്നതു്. ഒരു യഥാർത്ഥ റോമൻപൗരനെപ്പോലെ തടസ്സങ്ങൾ തട്ടിനീക്കി അന്തഃകരണത്തിന്റെ ആദേശമനുസരിച്ചു പ്രവർത്തിക്കയും അതുമൂലമുണ്ടാകുന്ന ആപത്തുകളെ ധീരതയോടെ അഭിമുഖീകരിക്കുകയും ചെയ്തിരുന്നുവെങ്കിൽ അദ്ദേഹത്തിനു് ഇന്നും ചരിത്രത്തിൽ ഒരുന്നത സ്ഥാനം ലഭിക്കുമായിരുന്നു.

യഹൂദന്മാരുടെ ഇഷ്ടപാത്രമായി ദീർഘകാലം ഗവർണ്ണർസ്ഥാനത്തിരിക്കാമെന്നാണു പീലാത്തോസ് കരുതിയതു്. പക്ഷെ ദാരുണമായ ആ സംഭവത്തിനുശേഷം മരണംവരെ അദ്ദേഹത്തിനു് ഒരു നിമിഷംപോലും സമാധാനമായിരിക്കുവാൻ സാധിച്ചിട്ടില്ലെന്നു ചരിത്രം പറയുന്നു. നിരാശയുടെ കടന്നൽക്കുത്തിന്റെ ദുസ്സഹമായ നീററവും സഹിച്ചുകൊണ്ടാണു് ഓരോ ദിവസവും അദ്ദേഹം ഉന്തിനീക്കിയിരുന്നതു്. ഏതാനും കൊല്ലങ്ങൾ കഴിഞ്ഞപ്പോൾ ചില ആക്ഷേപങ്ങൾക്കു് സീസറിന്റെമുമ്പിൽ അദ്ദേഹം സമാധാനം പറയേണ്ടിവന്നു. അതോടുകൂടി ചരിത്രത്തിന്റെ തിരശ്ശീല വീണു; പീലാത്തോസ് എന്നന്നേക്കുമായി രംഗത്തുനിന്നു മറഞ്ഞു.

ദുരഭിലാഷങ്ങളെ അടിച്ചമർത്തിയവനു മാത്രമേ മനസ്സാക്ഷിയുടെ സ്വരത്തിനനുസരിച്ചു് പ്രവർത്തിക്കുവാൻ സാധിക്കുകയുള്ളു. അന്തഃകരണം മനുഷ്യന്റെ ആപ്തമിത്രമാണു്. അതിന്റെ സ്വരം ദൈവത്തിന്റെ ആജ്ഞയാണു്. ലോകത്തിന്റെ സർവ്വസമ്പത്തും സ്ഥാനമാനങ്ങളും പാദാധീനമാകുമെന്നിരുന്നാലും മനസ്സാക്ഷിയെ വഞ്ചിക്കരുതെന്നു പീലാത്തോസ് അറിഞ്ഞില്ല. സ്വന്തം കാര്യം കാണുവാൻവേണ്ടി പാവങ്ങളുടെ ക്ലേശങ്ങളെ തെല്ലും വകവയ്ക്കാതെ, തങ്ങളുടെ കരങ്ങളിലിരിക്കുന്ന അധികാരത്തെ ആയുധമാക്കി ഏതനീതിയും പ്രവർത്തിക്കുന്നവർ പീലാത്തോസിന്റെ അടുത്ത കൂട്ടുകാരാണു്. അദ്ദേഹത്തിന്റെ ബലഹീനത മനുഷ്യസമുദായത്തിന്റെ വലിയൊരു വിഭാഗത്തിന്മേൽ ഇന്നു നിഴലിച്ചു കാണുന്നുണ്ടു്. രണ്ടു യജമാനന്മാരെ സേവിച്ചാലുണ്ടാകുന്ന അപജയം എത്ര ഗുരുതരമാണെന്നു പീലാത്തോസിന്റെ ദയനീയാധഃപതനം ലോകത്തെ നല്ലപോലെ പഠിപ്പിക്കട്ടെ.


**കോമൺവെൽത്ത് ബാങ്ക് (ക്ലിപ്തം)**

H. O. കാഞ്ഞിരപ്പള്ളി

**ബ്രാഞ്ചുകൾ:—**

കാഞ്ഞിരപ്പള്ളി എരുമേലി
മുണ്ടക്കയം കോട്ടയം

**ഡയറക്ടറന്മാർ**

മെസ്സേഴ്സ്

കെ. വി. മാത്യു കൊല്ലംകുളം.
തൊമ്മൻ ജോസഫ് കരുവിനാക്കുന്നേൽ.
കെ. വി. സഖറിയാ, പൊട്ടൻകുളം.
ഹാജി വി. എം. സെയ്തുമഹമ്മദുറാവുത്തർ.
കെ. എം. ഡോമിനിക്കു് ബി. എ. എൽ. ടി.
കെ. ജോസഫ് ഇട്ടിയവിര, പള്ളിവാതുക്കൽ.
കെ. ററി. ജോസഫ്, കല്ലറയ്ക്കൽ.
പി. എൻ. പരമേശ്വരൻ പിള്ള ബി. എ.
കെ. ഡോമിനിക്കു ജോസഫ് ബി. എ. ബി. എൽ. (സെക്രട്ടറി).

ഡിപ്പോസിററുകൾ സ്വീകരിക്കുകയും എല്ലാവിധ ബാങ്കു് പ്രവർത്തനങ്ങളും സൗകര്യപ്രദമായവിധത്തിൽ നടത്തികൊടുക്കുകയും ചെയ്യുന്നു.

സെക്രട്ടറി

കെ. ഡോമിനിക്കു ജോസഫ്

ബി. എ. ബി. എൽ.





"യജമാനസ്നേഹമുള്ള പട്ടി"

പാരിസ്നഗരിയിൽ, വാർദ്ധക്യസഹജമായ സുഖക്കേടുനിമിത്തം പ്രേഷിതപ്രയാണങ്ങളിൽനിന്നും വിരമിച്ചു് ഒരു മിഷനറിവൈദികൻ വിശ്രമിച്ചിരുന്നു. അദ്ദേഹം ദിവസത്തിൽ അനേകം പ്രാവശ്യം ദേവാലയത്തിൽ പ്രവേശിച്ചു വിസിത്ത കഴിക്കുന്നതിൽ വളരെ തല്പരനായിരുന്നു. എന്നാൽ ഉദവസരങ്ങളിലെല്ലാം, അല്പസമയത്തെ പ്രാർത്ഥനയ്ക്കുശേഷം അദ്ദേഹം ഉറങ്ങിപ്പോകുകയായിരുന്നു പതിവു്.

ഈ വൈദികനോടു് ഒരവസരത്തിൽ, അദ്ദേഹത്തിന്റെ മെത്രാപ്പോലീത്താ വിനോദഭാവത്തിൽ ഇപ്രകാരം ചോദിച്ചു: "അച്ചാ! ഞാൻ എന്താണീ കേൾക്കുന്നതു്; വിസിത്തകഴിക്കുന്ന അവസരങ്ങളിലെല്ലാം അല്പസമയത്തിനുള്ളിൽ അച്ചൻ പള്ളിയിൽവച്ചു് ഉറങ്ങുന്നു എന്നതു് വാസ്തവമാണോ?"

"പിതാവേ! അതു ശരിയാണു്." അച്ചൻ മറുപടി പറഞ്ഞു. "പ്രാർത്ഥിച്ചു ക്ഷീണിക്കുമ്പോൾ ഞാൻ എന്റെ തല കുനിക്കുന്നു. തൽക്ഷണംതന്നെ ദിവ്യനാഥനെ വീക്ഷിച്ചുകൊണ്ടു ഞാൻ പറയും: "നാഥാ! വൃദ്ധനും സാധുവുമായ ഈ വേട്ടപ്പട്ടി അങ്ങയുടെ പാദാന്തികത്തിൽ അല്പസമയം വിശ്രമിച്ചുകൊള്ളട്ടെ" എന്നു്.

പ്രാർത്ഥിക്കാത്തവൻ മനുഷ്യനോ?

കുരിശുയുദ്ധകാലത്തു് ഫ്രാഞ്ചുകാരനായ ഒരുദ്യോഗസ്ഥൻ മഹമ്മദീയരുടെ കരങ്ങളിൽ അകപ്പെട്ടു ബന്ധിതനായിത്തീർന്നു. അവരിൽ ഒരാൾ അയാളെ ഒരടിമയെപ്പോലെ ജോലിചെയ്യിച്ചിരുന്നു. "ക്രിസ്ത്യാനികളുടെ പട്ടി" എന്നു പരിഹാസമായി വിളിച്ചുകൊണ്ടു വളരെ നിന്ദ്യമായിട്ടാണു് അയാൾ ആ ബന്ദിയോടു പെരുമാറിയിരുന്നതു്. ഇതിൽ അമർഷംപൂണ്ടു് ഉദ്യോഗസ്ഥൻ പറഞ്ഞു: "ഞാൻ ഒരു ബന്ധനസ്ഥനാണു്, ശരിതന്നെ. പക്ഷെ നിങ്ങളെപ്പോലെ ഒരു മനുഷ്യനാണു ഞാനും. എന്നിട്ടും നിങ്ങൾ എന്താണിങ്ങനെ എന്നോടു പെരുമാറുന്നതു്?" ഇതിനുത്തരമായി മഹമ്മദീയൻ പറഞ്ഞതിപ്രകാരമായിരുന്നു: "നിങ്ങൾ ഒരു മനുഷ്യനാണെന്നോ? എനിക്കു തോന്നുന്നില്ല. ആറുമാസക്കാലമായിരിക്കുന്നു നിങ്ങൾ എനിക്കു് ഒരടിമയായിട്ടു്. ഇതിനിടയ്ക്കു് നിങ്ങൾ പ്രാർത്ഥിക്കുന്നതു് ഞാൻ ഒരിക്കലും കണ്ടിട്ടില്ല."

ഒരനുകരണം

ആ ഇടവകയിലെ ധ്യാനഗുരു ഒരു മിഷനറി വൈദികനായിരുന്നു. ഒരുദിവസം ദിവ്യബലികഴിഞ്ഞു് സങ്കീർത്തിയിലെത്തിയപ്പോൾ കണ്ട കാഴ്ച അദ്ദേഹത്തെ അത്ഭുതപ്പെടുത്തി. അൾത്താരശുശ്രൂഷകരായ നാലു ബാലന്മാർ അവിടെ ഉണ്ടായിരുന്നു. അവരിൽ ഒരാളുടെ തലയിൽ പ്രസ്തുത വൈദികന്റെ മുക്കോണൻ തൊപ്പി കാതുപോലും മറയത്തക്കവിധം വച്ചിട്ടുണ്ടു്. ആ മിഷനറി വൈദികന്റെ ക്രൂശിതരൂപവും ഉയർത്തിപ്പിടിച്ചുകൊണ്ടു് ആ ബാലൻ മററു ബാലകരോടു് തീക്ഷ്ണതനിറഞ്ഞ സ്വരത്തിൽ പറയുകയാണു്: "പശ്ചാത്തപിക്കുക. അല്ലാത്തപക്ഷം നിങ്ങൾ നശിച്ചുപോകും."

പ്രാർത്ഥനയും പ്രവൃത്തിയും

ഒരാംഗ്ലിക്കൻമെത്രാൻ സവാരിമദ്ധ്യേ വഴിയിൽവച്ചു് ഒരു കുററപ്പുള്ളിയെ കണ്ടുമുട്ടി. അയാൾ കല്ലുപൊട്ടിക്കുന്ന ജോലിയിൽ ഏർപ്പെട്ടിരിക്കയായിരുന്നു. മുട്ടിന്മേൽനിന്നുകൊണ്ടാണു് അയാൾ ആ ജോലി നിർവഹിച്ചിരുന്നതു്. മെത്രാൻ തന്റെ പൈതൃകമായ ഉപദേശത്താൽ അയാളെ സമാശ്വസിപ്പിക്കുവാനായി അയാളോടു് അല്പനേരം സംസാരിച്ചു. ഒടുവിൽ പിരിയേണ്ട സമയമായപ്പോൾ ദീർഘനിശ്വാസത്തോടുകൂടി ഇപ്രകാരം പറഞ്ഞു: "എന്റെ മകനേ! നീ ഇവിടെ ഈ കല്ലുപൊട്ടിക്കുന്നതുപോലെ, എന്റെ ജനങ്ങളുടെ ശിലാഹൃദയങ്ങളെ പിളർക്കുവാൻ ഞാൻ എത്രയധികം ആഗ്രഹിക്കുന്നു." മുട്ടിന്മേൽനിന്നു ജോലി ചെയ്തിരുന്ന ആ കുററവാളി തലയുയർത്തിക്കൊണ്ടു പറയുകയാണു്: "ഒരുപക്ഷേ അവിടുന്നു മുട്ടിന്മേൽനിന്നുകൊണ്ടല്ലായിരിക്കാം പ്രവർത്തിക്കുന്നതു്."

Sathya Deepam

Vol. 24 Ernakulam April 25, 1951 No. 34

# റോട്ടായും വിവാഹക്കേസുകളും

കത്തോലിക്കാസഭ ഒരിക്കലും വിവാഹമോചനം നൽകുന്നില്ല; പ്രത്യുത ചില വിവാഹങ്ങൾ അസാധുവാണെന്നു പ്രഖ്യാപിക്കമാത്രം ചെയ്യുന്നു.

(എ. വി. തോമസ്)

കത്തോലിക്കാസഭയുടെ അപ്പീൽക്കോടതിയായ റോട്ടായെപ്പററി കഴിഞ്ഞലക്കത്തിൽ പ്രതിപാദിച്ചിരുന്നല്ലൊ. സഭയുടെ കോടതികൾ രാഷ്ട്രത്തിന്റെ കോടതികളുടെ അധികാരത്തെ അവഗണിക്കുകയോ ഉല്ലംഘിക്കുകയോ ചെയ്യുന്നില്ല. സഭയുടേയും അതിന്റെ അംഗങ്ങളുടേയും പ്രവർത്തനങ്ങളിൽ സഭാതാല്പര്യങ്ങളുടെ പരിധി കാനൻനിയമം വ്യക്തമായി നിർണ്ണയിച്ചിട്ടുണ്ടു്. സഭയ്ക്കുമാത്രം ഇടപെടാൻ അവകാശമുള്ള കേസുകൾ ഏവയാണെന്നു കാനൻനിയമത്തിൽ സ്പഷ്ടമായി പ്രസ്താവിച്ചിട്ടുമുണ്ടു്. അവ പൊതുവിൽ ആദ്ധ്യാത്മികകാര്യങ്ങളെ സംബന്ധിക്കുന്നവയാണു — സഭാനിയമങ്ങളുടേയും ദൈവികനിയമങ്ങളുടേയും അനുഷ്ഠാനം സംബന്ധിച്ചവ. സഭയും രാഷ്ട്രവും തമ്മിലുള്ള ബന്ധത്തേയും രാഷ്ട്രത്തിന്റെ അവകാശങ്ങളേയും സഭ ഒരിക്കലും അവഗണിക്കുന്നില്ല.

ഇങ്ങനെ സഭയുടെ അധികാരപരിധിയിൽപ്പെട്ട കേസുകളിൽ പ്രഥമഗണനീയങ്ങളാണു് വിവാഹസംബന്ധിച്ചവ. വിവാഹകാര്യങ്ങളിലുള്ള സഭയുടെ നിയന്ത്രണത്തിൽ അസഹിഷ്ണുക്കളും അസൂയാലുക്കളും ആയ പലരും വിവാഹം കേവലം ഒരു ഭൗതികകാര്യംമാത്രമാണെന്നും സഭയ്ക്കു് അതിൽ ഇടപെടാൻ അവകാശമില്ലെന്നും വാദിക്കാറുണ്ടു്. വിവാഹത്തിന്റെ പരിശുദ്ധിയേയും അഭേദ്യതയേയും പററിയുള്ള സഭയുടെ പ്രബോധനങ്ങളാണു് ഇക്കൂട്ടർക്കു് വളരെ അരോചകമായിരിക്കുന്നതു്. ഹെൻറി എട്ടാമന്റെ കാര്യത്തിലെന്നപോലെ തങ്ങളുടെ അവിഹിതമായ അഭിലാഷങ്ങളുടെ നിർബാധമായ പൂരണത്തിനു് വിവാഹസംബന്ധമായ സഭയുടെ നിയന്ത്രണം വലിയ വിഘാതമായി പരിണമിച്ചിരിക്കുന്നതുകൊണ്ടാണു് സഭയുടെ ഈ അധികാരത്തെ നിഷേധിക്കുവാൻ ഇവർ ഉദ്യുക്തരാകുന്നതു്. വിവാഹപരമായ അധികാരം സംബന്ധിച്ചു് സഭയുടെ നില എന്താണെന്നു ശരിയായി അറിഞ്ഞുകൂടാത്ത പലരും അവ്യക്തവും പൂർവ്വാപരവിരുദ്ധവും ആയ കുററാരോപണങ്ങൾ സഭയുടെമേൽ പലപ്പോഴും വർഷിക്കാറുണ്ടു്.

വിവാഹത്തിന്റെ ഭൗതികവും ആദ്ധ്യാത്മികവും ആയ വശങ്ങളെപ്പററിയുള്ള സഭയുടെ തത്വങ്ങൾ സുവ്യക്തങ്ങളാണു്. ക്രിസ്ത്യാനികളുടെ വിവാഹം ഒരു കൂദാശയാണെന്നും തന്മൂലം ആദ്ധ്യാത്മികമാണെന്നും സഭ പഠിപ്പിക്കുന്നു. കൂദാശകൾ ക്രിസ്തു സ്ഥാപിച്ചസഭയുടെ അധികാരപരിധിയിൽ പെടുന്നു. തന്മൂലം വിവാഹം എന്ന കൂദാശയുടെ സാധുത്വത്തിനുവേണ്ട ഉപാധികൾ ഏവയാണെന്നു നിശ്ചയിക്കേണ്ടതു സഭയാണു്. രാഷ്ട്രത്തിന്റെ ഉപരോധങ്ങളെ എതിരിട്ടുകൊണ്ടു് വിവാഹം തന്റെ ആദ്ധ്യാത്മികാവകാശങ്ങളിൽ പെട്ടതാണെന്നു വാദിക്കുന്ന മതസംഘടന കത്തോലിക്കാസഭമാത്രമാണു്. സഭ ഇതിൽ വിട്ടുവീഴ്ചകൾക്കു സമ്മതിക്കുന്നില്ല. മററു മതങ്ങൾ അവയുടെ അംഗങ്ങളുടെ വിവാഹസാധുത്വം നിശ്ചയിക്കുന്നതിനുള്ള അധികാരം രാഷ്ട്രത്തിനു വിട്ടുകൊടുത്തിരിക്കുന്നു. സത്യസഭയ്ക്കു് തന്റെ അംഗങ്ങളുടെ വിവാഹം സംബന്ധിച്ച ഈ അധികാരം രാഷ്ട്രത്തിനു വിട്ടുകൊടുക്കുവാൻ നിവൃത്തിയില്ലാത്തതുകൊണ്ടു് സഭതന്നെ അതിനായി പ്രത്യേകകോടതി സ്ഥാപിച്ചിരിക്കുന്നു. കത്തോലിക്കരെ സംബന്ധിച്ച വിവാഹകാര്യങ്ങൾ ക്രിസ്തീയവിവാഹത്തിന്റെ നിയമങ്ങൾ അനുസരിച്ചു ഈ കോടതിയിൽ തീരുമാനിക്കപ്പെടുന്നു.

ഇങ്ങനെയുള്ള കേസുകളിൽ അധികവും വിവാഹത്തിന്റെ സാധുത്വത്തെപ്പററിയുള്ളവയാണു്; അതായതു് ദമ്പതിമാർ, പ്രഥമദൃഷ്ടിയിൽ, വിവാഹബദ്ധരായി എന്നു തോന്നുമെങ്കിലും ശരിയായ വിവാഹത്തിന്റെ സാധുത്വത്തിനു് സഭാനിയമങ്ങൾ അനുസരിച്ചു് ആവശ്യമായ ഉപാധികളും സാഹചര്യങ്ങളും ഉണ്ടായിരുന്നോ എന്നു അന്വേഷിക്കുന്നവയാണു്. നിഷ്കർഷമായ പരിശോധനയിൽ ഒരു കേസിൽ ഇവ ഇല്ലായിരുന്നു എന്നു ബോദ്ധ്യമായാൽ പ്രസ്തുത കേസിലെ വിവാഹം അസാധുവാണെന്നു് — അതു വിവാഹം ആണെന്നു കരുതപ്പെട്ടുവെങ്കിലും വാസ്തവത്തിൽ വിവാഹമായില്ല എന്നു് — കോടതി പ്രസ്താവിക്കുന്നു. തന്മൂലം ദമ്പതിമാർ യഥേഷ്ടം വീണ്ടും വിവാഹംചെയ്യുവാൻ സ്വതന്ത്രരായിത്തീരുന്നു. അല്ലാതെ സഭാനിയമങ്ങൾ അനുസരിച്ചു് ശരിയായി ചെയ്യപ്പെട്ട ഒരു വിവാഹബന്ധത്തെ സഭ മോചിപ്പിച്ചു് സിവിൽക്കോടതികൾ സാധാരണ ചെയ്യാറുള്ളതുപോലെ വിവാഹമോചനം നല്കുന്നില്ല. വിവാഹം അസാധുവാണെന്നുള്ള സഭയുടെ കോടതിയുടെ പ്രഖ്യാപനവും സിവിൽക്കോടതികൾ മുഖേന ലഭിക്കുന്ന വിവാഹമോചനവും തമ്മിൽ അജഗജാന്തരമുണ്ടു്. ഒരുദാഹരണംകൊണ്ടു് ഇതൊന്നുകൂടി വ്യക്തമാക്കാം. വിവാഹസമയത്തു ദമ്പതിമാരിൽ ഒരാൾക്കു് ബുദ്ധിഭ്രമമുണ്ടായിരുന്നു എന്നു തെളിഞ്ഞാൽ ആ വിവാഹം സാധുവല്ലെന്നു് സഭയുടെ കോടതി പ്രഖ്യാപിക്കുന്നു. ഇതുമൂലം വിവാഹബന്ധം മോചിപ്പിക്കയല്ല ചെയ്യുന്നതു്, പ്രത്യുത ശരിയായ വിവാഹത്തിനു് അവശ്യം വേണ്ട ഒരുപാധിയുടെ അഭാവത്താൽ യഥാർത്ഥത്തിൽ വിവാഹം ആയില്ല എന്നു കോടതി പ്രസ്താവിക്കുകമാത്രം ചെയ്യുന്നു. കാരണം വിവാഹസമയത്തു് ദമ്പതിമാർക്കു് ശരിയായ മനഃസ്വാസ്ഥ്യം ഉണ്ടായിരിക്കണമെന്നു് സഭാനിയമം അനുശാസിക്കുന്നുണ്ടു്.

മേൽപ്രസ്താവിച്ചതിൽനിന്നും വിവാഹമോചനവും വിവാഹം അസാധുവാണെന്നുള്ള സഭയുടെ പ്രഖ്യാപനവും തമ്മിൽ വളരെ വ്യത്യാസമുണ്ടെന്നു സുവ്യക്തമാണല്ലൊ. വിവാഹമോചനം വിവാഹത്തിന്റെ പാവനതയെ നിഷേധിക്കുന്നു; അതു നിരവധി കുടുംബങ്ങളുടേയും ദമ്പതികളുടേയുംനാശത്തിനു കാരണമായിത്തീരുന്നു; സന്മാർഗ്ഗജീവിതത്തിന്റെ മാനദണ്ഡത്തെ അധഃപതിപ്പിക്കുന്നു. എന്നാൽ വിവാഹം അസാധുവാണെന്നുള്ള പ്രഖ്യാപനം വിവാഹബന്ധത്തിന്റെ ദാർഢ്യത്തെ ശിഥിലീഭവിപ്പിക്കുന്നില്ല. മാത്രമല്ല റോട്ടായുടെ സമ്മതത്തോടുകൂടി വളരെ അപൂർവ്വമായിമാത്രം ചെയ്യപ്പെടുന്ന ഈ പ്രഖ്യാപനങ്ങൾ ദുർവിനിയോഗത്തിനു വിധേയമാകുക എളുപ്പവുമല്ല.

ഏതെങ്കിലും കാരണവശാൽ തന്റെ വിവാഹം അസാധുവാണെന്നു വിചാരിക്കുന്ന കത്തോലിക്കനു് അതു സ്ഥാപിച്ചുകിട്ടുവാൻ ദീർഘവും ദുർഗ്ഗമവുമായ ഒരു പന്ഥാവിനെ തരണംചെയ്യേണ്ടിയിരിക്കുന്നു. തന്റെ അഭിപ്രായത്തെ തെളിയിക്കേണ്ട ഭാരം അയാൾക്കുണ്ടു്. വിവാഹം അസാധുവാണെന്നു് നിസ്സംശയം തെളിയിക്കുന്ന ലക്ഷ്യങ്ങൾ നല്കാത്ത കാലത്തോളം വൈദികകോടതിയുടെ വിധി അയാൾക്കു് എതിരായിരിക്കും. വിവാഹബന്ധസംരക്ഷകന്റെ പ്രശ്നങ്ങൾക്കു മതിയായ സമാധാനം നൽകി തന്റെ അഭിപ്രായം സ്ഥാപിക്കുക ക്ഷിപ്രസാദ്ധ്യമല്ലെന്നു് അയാൾ അചിരേണ മനസ്സിലാക്കും. വിവാഹബന്ധസംരക്ഷകനെ കൂടാതെയുള്ള വിവാഹക്കേസുവിസ്താരങ്ങൾ സാധുവായിരിക്കുന്നതല്ല. ഈ കേസുകളിൽ എതിർകക്ഷി തന്റെ ഭാഗം വാദിക്കുന്നില്ലെങ്കിൽത്തന്നെയും വിവാഹബന്ധദാർഢ്യത്തിനുവേണ്ടി വാദിക്കുവാൻ സഭാനിയമപ്രകാരം ബന്ധസംരക്ഷകൻ ബാദ്ധ്യസ്ഥനാണു്. ഒരു കോടതി വിവാഹം അസാധുവാണെന്നു പ്രഖ്യാപിച്ചാൽത്തന്നെയും ഉടനെ അപ്പീൽകൊടുക്കേണ്ടതും അദ്ദേഹത്തിന്റെ കർത്തവ്യമാണു്. 1929 മുതൽ 1946 വരെയുള്ള കാലത്തിനിടയ്ക്കു് ഇററലിയിലെ വിവാഹങ്ങളിൽ അയ്യായിരത്തിനു് ഒന്നുമാത്രമേ അസാധുവായി പ്രഖ്യാപിതമായിട്ടുള്ളുവെന്നു് വത്തിക്കാൻ കോടതിയുടെ തലവനായ മോൺ. ജൂലിയന്റെ റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നു. ഇതിൽനിന്നും എത്ര അപൂർവ്വമായിമാത്രമാണു് ഇങ്ങനെയുള്ള പ്രഖ്യാപനങ്ങൾ ഉണ്ടാകുന്നതെന്നു് സുഗ്രഹമാണല്ലോ.

സഭയുടെ വിവാഹക്കോടതികളിൽ കേസുനടത്തുക വളരെ വ്യയഹേതുകമാണെന്നും തന്മൂലം അതു ധനവാന്മാർക്കുമാത്രം സുസാദ്ധ്യവും സാധുക്കൾക്കു മിക്കവാറും അസാദ്ധ്യവുമാണെന്നും ഒരാക്ഷേപം പലപ്പോഴും പുറപ്പെടാറുണ്ടു്. കത്തോലിക്കാസഭയെപ്പററി പുറപ്പെടുവിക്കാറുള്ള മററു പല ആക്ഷേപങ്ങളെപ്പോലെ തന്നെ ഇതിന്റെയും കാരണം ഒന്നുകിൽ അജ്ഞതയോ അഥവാ സഭയെ അധിക്ഷേപിക്കണമെന്നുള്ള ആഗ്രഹമോ ആണു്. വിവാഹം അസാധുവായി പ്രഖ്യാപിതമായികിട്ടുന്നതിനു് നൈയാമികമായി വലിയ പ്രതിബന്ധങ്ങൾ പലതുണ്ടായിരിക്കാമെങ്കിലും ദാരിദ്ര്യം ഒരിക്കലും അതിനു വിഘാതമായി നില്ക്കുന്നില്ല. സിവിൽക്കോടതികളിൽവിവാഹമോചനക്കേസുകൾക്കുവേണ്ടി വരുന്ന ചെലവിനോടു തുലനംചെയ്യുമ്പോൾ വൈദികകോടതിയിലെ ചെലവു് നിസ്സാരമാണു്. സഭാകോടതിയിലെ ചെലവുവഹിക്കാൻ അപ്രാപ്തരായവരിൽനിന്നു് അതു ആവശ്യപ്പെടാൻ പാടില്ലെന്നും സാധിക്കുന്നവർ അവരുടെ പ്രാപ്ത്യനുസരണം ഒരു ഭാഗം ചെലവു വഹിക്കണമെന്നുമാണു് സഭാനിയമം. റോട്ടായിലെ കേസുകളിൽമുപ്പതുശതമാനത്തിലധികവും കക്ഷികളുടെ നിർദ്ധനാവസ്ഥനിമിത്തം യാതൊരു ചെലവും ഈടാക്കാതെയാണു് നടത്തപ്പെടുന്നതു്. ഈ വസ്തുതകളിൽനിന്നും മേൽപ്പറഞ്ഞ ആക്ഷേപം എത്ര അടിസ്ഥാനരഹിതമാണെന്നു സുവ്യക്തമാണല്ലൊ.

——

(1-ാം പേജു് തുടർച്ച)

സമ്മേളിച്ച യോഗത്തിൽവച്ചു് താഴെക്കാണുന്ന പ്രമേയങ്ങൾ ഐകകണ്ഠ്യേന പാസാക്കപ്പെട്ടു.

1. ഫ്രാൻസിസ്കൻ മൂന്നാംസഭാംഗങ്ങൾ വാദിയായി കോടതിയിൽ കേസു കൊടുക്കാതിരിക്കുവാൻ പരിശ്രമിക്കണം; അഥവാ കേസു കൊടുക്കേണ്ടതായ സന്ദർഭം നേരിട്ടാൽ സ്വന്തം ഇടവകയിലെ ബ. വികാരിയച്ചന്റെ രേഖാമൂലമായ അനുവാദത്തോടുകൂടിമാത്രമേ കേസു കൊടുക്കാവൂ.

2. ഫ്രാൻസിസ്കൻ മൂന്നാംസഭാംഗങ്ങൾക്കു അമ്പത്തഞ്ചുവയസ്സു തികഞ്ഞാൽ സ്വന്തവസ്തുക്കളെ സംബന്ധിച്ചു് ഒരു വില്പത്രം എഴുതി രജിസ്റ്ററാക്കണം.

3. ഫ്രാൻസിസ്കൻ മൂന്നാംസഭയിൽ യുവാക്കന്മാരെ ചേർക്കുന്നതിനായി അവരുടെ പ്രത്യേകസംഘടനകൾ ഇടവകകളിൽ സ്ഥാപിക്കണം.

4. ഫ്രാൻസിസ്കൻ മൂന്നാംസഭാംഗങ്ങൾ കൂട്ടമായി പ്രദക്ഷിണങ്ങളിൽ സംബന്ധിക്കുമ്പോൾ, 13-ാം ലെയോ മാർപ്പാപ്പാ നിശ്ചയിച്ചതുപോലുള്ള നാലിഞ്ചുനീളം രണ്ടരയിഞ്ചു വീതി വരുന്ന ഉത്തരീയം ഷർട്ടിനുപുറമെ ധരിക്കണം.

ഉച്ചകഴിഞ്ഞു മൂന്നുമണിക്കു് പാലാ മെത്രാൻ, നിതാന്ത വന്ദ്യ ദിവ്യ ശ്രീ ഡോക്ടർ സെബാസ്റ്റ്യൻ വയലിൽ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ സമ്മേളിച്ച മഹായോഗത്തിൽവച്ചു് ഫ്രാൻസിസ്കൻ മൂന്നാംസഭയുടെ ഗുണഗണങ്ങളെ തിരുമനസ്സുകൊണ്ടു് വർണ്ണിച്ചശേഷം മേൽക്കാണുന്ന നാലു പ്രമേയങ്ങളെ സസന്തോഷം അംഗീകരിച്ചു.

ജൂബിലിദണ്ഡവിമോചനം പ്രാപിക്കുവാൻ നാലു പള്ളികൾ സന്ദർശിച്ചു പ്രാർത്ഥിക്കണമെന്നു നിർദ്ദേശമുണ്ടല്ലൊ. വിശ്വാസികൾ സംഘംചേർന്നു പരിഹാരപ്രദക്ഷിണത്തോടുകൂടി "വിസീത്തകൾ" പൂർത്തിയാക്കുന്നതു് അഭിലഷണീയമാണു്. ഓരോ സംഘത്തിലും ഇരുപത്തഞ്ചോ അമ്പതോ ആളുകൾ ഉണ്ടെങ്കിൽ നന്നായിരിക്കും. കൂടുതൽ ആളുകൾ സംഘംചേർന്നു് പരിഹാരപ്രദക്ഷിണം നടത്തുന്നെങ്കിൽ അവരെ നയിക്കുവാൻ പ്രത്യേകം ആളുകൾ വേണം. രാത്രിപ്രദക്ഷിണങ്ങളെ നിരുത്സാഹപ്പെടുത്തേണ്ടതാണു്.

സാംക്രമികരോഗങ്ങളുടെ ശമനത്തിനുവേണ്ടി സെബസ്ത്യാനോസ് പുണ്യവാന്റെ തിരുസ്വരൂപം അല്ലെങ്കിൽ "കഴുന്നു്" (അമ്പു്) പല ഇടവകകളിലും എഴുന്നള്ളിച്ചുകൊണ്ടു നടക്കാറുണ്ടു്. പലപ്പോഴും ഘോഷയാത്രയായിട്ടാണു് ഇതു നടത്തിവരുന്നതു്. എങ്കിലും അവിടെ പരിഹാരപ്രദക്ഷിണത്തിനാണു സ്ഥാനം. സെബസ്ത്യാനോസ് പുണ്യവാൻ സ്വശരീരത്തിൽ അസ്ത്രം സ്വീകരിച്ചു ക്ലേശമനുഭവിച്ചതിനെ സ്മരിച്ചുകൊണ്ടും, തങ്ങളുടെ പാപംഹേതുവാൽ നേരിടാവുന്ന ദുഃഖദുരിതങ്ങളിൽനിന്നും തങ്ങളെ രക്ഷിക്കണമെന്നു് അപേക്ഷിച്ചുകൊണ്ടുമാണു് "കഴുന്നു്" എഴുന്നള്ളിക്കേണ്ടതു്. അവിടെ വാദ്യമേളങ്ങൾക്കു് അത്ര സ്ഥാനമില്ല. പടക്കവും ചെണ്ടയും മററും കുറച്ചു് പരിഹാരപ്രവൃത്തികളും പ്രാർത്ഥനയും വർദ്ധിപ്പിച്ചാൽ അതായിരിക്കും ഉത്തമം.

വിശ്വാസികൾ ഞായറാഴ്ചകളിലും ധ്യാനദിവസങ്ങളിലും മററു വിശേഷദിവസങ്ങളിലും അഞ്ചോ പത്തോ ഇരുപത്തഞ്ചോ ആളുകൾ സംഘംചേർന്നു പ്രാർത്ഥിച്ചുകൊണ്ടു് തീർത്ഥയാത്രാമട്ടിൽ പള്ളിയിലേക്കു പോകുന്നതു് ഭക്തിസംവർദ്ധകമായിരിക്കും.

ഈ വിധമുള്ള പരിഹാരപ്രദക്ഷിണങ്ങളാണു് നിരീശ്വരത്വത്തേയും കമ്മ്യൂണിസത്തേയും നശിപ്പിക്കുന്നതിനു വാദപ്രതിവാദത്തേയും ബലപ്രയോഗത്തേയുംകാൾ പററിയ മാർഗ്ഗങ്ങൾ. പക്ഷെ പ്രദക്ഷിണത്തിൽചേർന്നു നടക്കുന്നതു് അഭിമാനക്ഷയമായോ ക്ലേശകരമായ അനാവശ്യമായോ ചിലർ വിചാരിക്കുന്നു. എങ്കിലും അതു കാണണമെന്നുള്ള കൗതുകത്തോടുകൂടി എവിടെയെങ്കിലും സ്ഥാനം പിടിച്ചു് നോക്കിനില്ക്കുന്നതിനു അവർ മടിക്കുന്നുമില്ല. യഥാർത്ഥത്തിൽ ഇതു ഭീരുത്വത്തിന്റെ ലക്ഷണമല്ലാതെ മറെറന്താണു്? നമ്മുടെ രഹസ്യജീവിതത്തിലും പരസ്യജീവിതത്തിലും വിശ്വാസമനുസരിച്ചു് ഉത്സാഹത്തോടെ പ്രവർത്തിച്ചാൽ നിരീശ്വരത്വം ശ്വാസംമുട്ടി മൃതിയടയും. സ്പെയിനിൽ അവിടത്തെ ഗവമ്മെന്റുദ്യോഗസ്ഥന്മാർ തങ്ങളുടെ ഔദ്യോഗിക "യൂനിഫോറം" ധരിച്ചുകൊണ്ടു് മതപരമായ പ്രദക്ഷിണങ്ങളിൽ സംബന്ധിക്കുന്നുണ്ടു്. പ്രദക്ഷിണങ്ങളിൽ നാം സജീവമായി പങ്കെടുക്കുന്നതു് നമ്മുടെ വിശ്വാസത്തിന്റെ പരസ്യമായ ഒരു പ്രകടനമാണെന്നും ചിലപ്പോഴൊക്കെ അതു് ആവശ്യമാണെന്നും നാം വിസ്മരിക്കരുതു്.

——

## മാതാക്കളും

### വിവാഹമോചനബില്ലും

ഇംഗ്ലണ്ടിലേയും വെയിൽസിലേയും 20,000 മാതാക്കളെ പ്രതിനിധീകരിച്ചുകൊണ്ടു കത്തോലിക്കാമാതൃസംഘത്തിന്റെ നാഷനൽ കൗൺസിൽ, ഏഴുകൊല്ലത്തെ വേർപാടിനുശേഷം ദമ്പതിമാർക്കു വിവാഹമോചനമനുവദിക്കാമെന്ന ബില്ലിനെ പ്രതിഷേധിച്ചു് പ്രധാനമന്ത്രിക്കും ഹോംസെക്രട്ടറിക്കും സന്ദേശങ്ങൾ അയച്ചിരിക്കുന്നു.